# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി* Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം Pages 68

വാല്യം - 12 ലക്കം - 1 ധനു - 1194 ജനുവരി 2019



# എറണാകുളം കരയോഗം 94-ാമത് സ്ഥാപകദിനവും കുടുംബസംഗമവും



















നാരായണീയ ദിനത്തോടനുബന്ധിച്ച് രാജം ആർ മേനോന്റെ നേതൃത്വത്തിൽ നടത്തിയ സമ്പൂർണ്ണ നാരായണീയ പാരായണം




മകയിരം തിരുവാതിര ആഘോഷം



എഡിറ്റോറിയൽ

# ക്ഷേത്രസംരക്ഷണം നമ്മുടെ ധർമ്മം

മഹത്തായ ഹൈന്ദവ സംസ്കാരത്തിന്റെ ഈറ്റില്ലങ്ങളാണല്ലോ നമ്മുടെ ക്ഷേത്രങ്ങൾ. ഇന്ന് നാം കാണുന്ന ഭാരതീയ സംസ്കാരവും അതിനെ പരിപോഷിപ്പിക്കുന്ന കലകളും എല്ലാം പിറന്ന് വളർന്നത് ക്ഷേത്രമതിൽക്കെട്ടുകൾക്കുള്ളിലാണെന്നുള്ളതിൽ രണ്ടഭിപ്രായമുണ്ടാവില്ല. പിന്നെ കുറെ രാജസദസ്സുകളിലും - അതും കൂടുതലും നമ്മുടെ ദേവിദേവന്മാരുടെ ചരിത്രങ്ങളേയും ഐതിഹങ്ങളേയും പാടി പുകഴ്ത്തുന്നത്. പഴയ കാലങ്ങളിൽ ക്ഷേത്രസംരക്ഷണവും ക്ഷേത്രപരിപാലനവും ഭരണാധികാരികളുടെ മുഖ്യ അജണ്ടകളിൽ ഒന്നായിരുന്നു. പ്രധാനപ്പെട്ട എല്ലാ ക്ഷേത്രങ്ങളും ദൈവവിശ്വാസികളായിരുന്ന ഭരണാധികാരികൾ അവരവരുടെ നാട്ടിലെ ജനതയുടെ ആത്മീയ വളർച്ചയ്ക്കുവേണ്ടി നിർമ്മിച്ചു നല്കിയതാണ് - അവർക്ക് പൂജിക്കാൻ, അവർക്ക് ആരാധിക്കാൻ, അവർക്ക് ആഘോഷിക്കാൻ ഒരു പ്രദേശത്ത് ഒരു ക്ഷേത്രമുണ്ടായാൽ, അവിടെ മുടങ്ങാതെ പൂജാവിധികളും ആരാധനാരീതികളും അനുസരിച്ച് കർമ്മങ്ങൾ നടത്തിയാൽ ആ പ്രദേശത്ത് ഐശ്വര്യം കളിയാടുമെന്ന് അനുഭവത്തിൽ നിന്നും അറിഞ്ഞാണ് ആ മഹാന്മാർ ക്ഷേത്രാചാരങ്ങളുടെ ഭംഗിയായ നടത്തിപ്പിനായി രാജ്യത്തിന്റെ സമ്പത്തിൽ ഒരു ഭാഗം നീക്കി വെച്ചിരുന്നത്. അങ്ങനെ ക്ഷേത്രങ്ങളിലൂടെ നമ്മുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും വളർന്ന് പടർന്ന് പന്തലിച്ചു.

എന്നാൽ വൈദേശീകാക്രമണകാരികളുടെ കരാളഹസ്തങ്ങൾ ലോകോത്തരമായിരുന്ന നമ്മുടെ സംസ്കാരത്തെയും, ശാസ്ത്രത്തെയും തച്ചുടച്ചു. ലോകമതങ്ങളുടെ മാതാവായ ഹിന്ദുമതത്തെ പിച്ചിച്ചീന്തുവാനും തൽസ്ഥാനത്ത് സെമിറ്റിക് മതങ്ങളെ കുടിയിരുത്തുവാനുമുള്ള മത്സരമാരംഭിച്ചു. വൈദേശിക ഭരണാധികാരികളെ ഇവിടെ നിന്നും കെട്ടു കെട്ടിച്ചെങ്കിലും അവർ തുടങ്ങി വെച്ച ഹിന്ദുമതസംഹാരപ്രക്രിയകൾ ഇന്നും അഭംഗുരം തുട



# ഉള്ളടക്കം

വാല്യം 12 | ലക്കം 1 | ജനുവരി 2019


എഡിറ്റോറിയൽ 3
ജനറൽ സെക്രട്ടറിയുടെ പംക്തി 5
എറണാകുളം കരയോഗം പ്രതിമാസ പരിപാടി 6
ബാലലോകം 7
രാഗപരിചയം 9
വാസ്തു 10
ഭാരതത്തിലെ ഋഷികവികൾ 11
ക്ഷേത്രങ്ങളിലൂടെ 15
മഹാഭാരത കഥ 19
പൂന്താനം നമ്പൂതിരി 23
ഹരിസുധാലഹരി 25
പാതഞ്ജലയോഗ ദർശനം 26
വർഷാരംഭത്തിൽ ഒരു ചിന്ത 28
ചരമവാർഷികം 30
രാജനഗരിക്കൊരു വജ്രകിരീടം 32
ജഗദ്ഗുരു ശ്രീ ശങ്കരാചാര്യർ 37
സീതാവിലാപം 40
ഹൈന്ദവം 42
മനസ്സിന്റെ കടിഞ്ഞാൺ 46
ചിന്മയിയുടെ ചിന്ത 47
ജി.എസ്. എൽ.വി മാർക്ക് 3 ഇന്ത്യയുടെ ബാഹുബലി 51
രക്തക്കുറവ് അഥവാ വിളർച്ച 54
മാ നിഷാദ 56
മാസഫലം 57
മാട്രിമോണിയൽ 58-65


## പത്രാധിപസമിതി


**കെ.പി. കൃഷ്ണമേനോൻ** (മാനേജിംഗ് എഡിറ്റർ)
**എം. ശ്രീവല്ലഭൻ നായർ** (എഡിറ്റർ)
**പി. രാമചന്ദ്രൻ (വേണു)**
**കെ.ടി. മോഹനൻ**
**എ. മുരളീധരൻ**
**കെ. പ്രസന്നകുമാർ**

രുന്നു. ഒപ്പം വൈദേശിക മതങ്ങൾക്ക് വളരാനും ആധിപത്യം സ്ഥാപിക്കാനുമുള്ള സഹായങ്ങൾ സർക്കാർ നിയമങ്ങളെന്ന രൂപത്തിൽ നിലനിർത്തുന്നു. ഇത്തരുണത്തിൽ ഒരു ചോദ്യം സ്വയം ചോദിച്ചു പോകുന്നു. സ്വാതന്ത്ര്യം ഇവിടെ എല്ലാവരും തുല്ല്യമായാണോ അനുഭവിക്കുന്നത് ? അല്ല എന്ന് നിസ്സംശയം പറയാൻ കഴിയും. ചില വിഭാഗങ്ങൾക്ക് അവരുടെ ആരാധനാലയങ്ങൾ നിർമ്മിക്കുവാനും, പരിപാലിക്കാനും, അവയുടെ ഭരണം സ്വയം നടത്തുവാനുമുള്ള അധികാരങ്ങൾ സർക്കാർ നല്കിയിട്ടുണ്ട്. എന്നാൽ ഹിന്ദുവിന്റെ ക്ഷേത്രങ്ങളുടെ സ്വത്തിന്റെ സിംഹഭാഗവും ഭൂപരിഷ്കരണത്തിന്റെ പേരിൽ നിരീശ്വരവാദികളായ ഭരണകർത്താക്കൾ കവർന്നെടുത്തു. ക്ഷേത്രഭരണവും സർക്കാരിന്റെ കൈകളിൽ തന്നെ നിലനിർത്തി. വരുമാനമുള്ള മുഴുവൻ ക്ഷേത്രങ്ങളും ദേവസ്വം ബോർഡിന്റെ കീഴിൽ – ദേവസ്വം ബോർഡ് നിരീശ്വര വാദികളായ, ഒരു ക്ഷേത്രം നശിച്ചാൽ അത്രയും അന്ധവിശ്വാസം കുറയും എന്ന തത്ത്വസംഹിതയിൽ വിശ്വസിക്കുന്ന ഭക്തിഹീനന്മാരുടെ കൈകളിലും. വിശ്വാസമില്ലാത്ത കാര്യത്തിൽ എന്തിന് ഭരണാധികാരികൾ ഇടപെടണം.അതിൽ നിന്നും ഒഴിഞ്ഞ് നില്ക്കുകയല്ലേ മാന്യത. നിങ്ങൾ തലയിലേറ്റിക്കൊണ്ടു നടക്കുന്ന രാഷ്ട്രീയതത്ത്വസംഹിതയോടും അപ്പോഴല്ലേ നിങ്ങൾക്കു കൂറു പുലർത്താൻ കഴിയുകയുള്ളൂ. അതുകൊണ്ട് ആത്മാർത്ഥതയോടെയാണ് നിങ്ങൾ രാഷ്ട്രീയം പറയുന്നതെങ്കിൽ ക്ഷേത്രകാര്യങ്ങളിൽ നിന്നും വിട്ടു നില്ക്കുക, ക്ഷേത്രഭരണം വിശ്വാസികളെ ഏല്പിക്കുക. മറ്റ് മതങ്ങൾക്ക് അവരുടെ ആരാധനാലയങ്ങൾ ഭരിക്കാൻ അവകാശം ഉണ്ടെങ്കിൽ ആ അവകാശം ആ സ്വാതന്ത്ര്യം ഇവിടെ ഹിന്ദുവിനും ലഭിക്കണം. ഒരു സ്വതന്ത്രരാജ്യത്ത് നീതിയുടെയും നിയമത്തിന്റെയും മുമ്പിൽ എല്ലാവരും സമന്മാരായിരിക്കണം. നികുതി ഈടാക്കുന്ന കാര്യത്തിൽ മാത്രം സമത്വം ഘോഷിച്ചാൽ പോരാ, അവകാശങ്ങളുടെയും ആനുകൂല്യങ്ങളുടെയും അധികാരത്തിന്റെയും കാര്യത്തിലും അതുണ്ടാവണം. ക്ഷേത്രഭരണം ഭക്തരെ ഏല്പിക്കണം അതുണ്ടാവില്ലായെങ്കിൽ ഇവിടെ ചരിത്രം ആവർത്തിക്കാം. അല്പം വ്യത്യാസത്തോടെ. മുമ്പ് ക്ഷേത്രപ്രവേശന പ്രക്ഷോഭമായിരുന്നു നടന്നതെങ്കിൽ ഇനി വരാൻ പോകുന്നത് ക്ഷേത്രവിമോചന പ്രക്ഷോഭമായിരിക്കും. പ്രത്യേകിച്ചും ശബരിമലക്ഷേത്രവുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള വിധിയും അത് നടപ്പിലാക്കാനെന്ന വ്യാജേന കാട്ടിക്കൂട്ടുന്ന അതിക്രമങ്ങളും ഒക്കെ കണക്കിലെടുക്കുമ്പോൾ, ക്ഷേത്രങ്ങൾ ഹിന്ദുവിന്റെ ഭരണാധികാരത്തിൻകീഴിലായിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കാത്ത വിശ്വാസികളായ ഹിന്ദുക്കൾ ഉണ്ടാവാനിടയില്ല. ശബരിമല ക്ഷേത്രത്തിന്റെ പരിപാവനതയ്ക്കും ആചാരനുഷ്ഠാനങ്ങൾക്കും മാത്രമല്ല ഈ വിധിമൂലം ക്ഷതമേല്ക്കുന്നത്, നമ്മുടെ എല്ലാ ക്ഷേത്രങ്ങളിലും കൃത്യമായി പാലിക്കപ്പെടുന്ന പഞ്ചശുദ്ധിയും, ഓരോ ക്ഷേത്രത്തിലെയും വ്യത്യസ്ഥമായ ആരാധനാ സമ്പ്രദായങ്ങളെയും എല്ലാം വളരെ ദോഷകരമായ വിധത്തിൽ ബാധിക്കുമെന്നു മാത്രമല്ല ഈ ക്ഷേത്രങ്ങളുടെയെല്ലാം വിനാശമായിരിക്കും ഇതുമൂലം അന്തിമമായി സംഭവിക്കുക. അതു തന്നെയായിരിക്കുമല്ലോ ചിലരുടെയൊക്കെ ആഗ്രഹവും ലക്ഷ്യവും. എന്തായാലും ഇതുവരെ ഉറക്കത്തിൽ ആണ്ടുകിടന്നിരുന്ന ഹൈന്ദവവീര്യം ഉയർത്തെഴുന്നേറ്റിരിക്കുന്നു – ഇതുവരെ കാണാത്ത ഐക്യത്തോടുകൂടി നിസ്വാർത്ഥരും കർമ്മധീരരുമായ സന്യാസവര്യന്മാർ നേതൃസ്ഥാനത്തെത്തുന്നു. ഇനി നമ്മൾ അനാഥരല്ല, സനാഥരാണ്.

ഹിന്ദു സഹോദരങ്ങളോട് ഒരു വാക്ക് നമ്മുടെ ക്ഷേത്രങ്ങളെയും ആചാരനുഷ്ഠാനങ്ങളേയും, എന്തിന് സനാതനധർമ്മത്തെ അങ്ങനെതന്നെ നിലനിർത്തേണ്ടതും പരിപോഷിപ്പിക്കേണ്ടതും നമ്മുടെ ധർമ്മമാണ്. കുരുക്ഷേത്രയുദ്ധം പോലും ധർമ്മസംരക്ഷണത്തിനു വേണ്ടിയായിരുന്നുവല്ലോ നടന്നത് ? ഉണരുക, നമ്മളും സ്വതന്ത്രപൗരന്മാരെന്ന് ഉത്ഘോഷിക്കുക, നമ്മുടെ അവകാശങ്ങൾക്കും, അധികാരങ്ങൾക്കും വേണ്ടി അരയും തലയും മുറുക്കി രംഗത്തിറങ്ങുക. ഒരു മനസ്സും ഒരു ശരീരവുമായി തോളോട് തോൾ ചേർന്ന് – വിജയം നമ്മുടേത് മാത്രമായിരിക്കും.

## വേദാന്ത പഠനക്ലാസ്സ്

**എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ**

**ശ്രീ.കെ.ആർ നമ്പ്യാരുടെ നേതൃത്വത്തിൽ വേദാന്ത പഠനക്ലാസ്സ്**

**എല്ലാ ശനിയാഴ്ചയും രാവിലെ 10.00ന് ഉണ്ടായിരിക്കുന്നതാണ്.**





# ജനറൽ സെക്രട്ടറിയുടെ പംക്തി

എറണാകുളം കരയോഗത്തെ സംബന്ധിച്ച് സന്തോഷത്തിന്റെയും ചരിത്രപരമായ പലതീരുമാനങ്ങൾ നടപ്പിലാക്കുവാൻ കഴിഞ്ഞതുമായ ഒരു വർഷമായിരുന്നു 2018. എറണാകുളം കരയോഗം നാലായിരത്തിലധികം അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും ഉൾപ്പെടുന്ന വലിയ ഒരു സമൂഹമാണ്. വ്യത്യസ്ത രാഷ്ട്രീയ ചിന്തയും കാഴ്ചപ്പാടുമുള്ളവർ ഉണ്ടാവാം. പക്ഷെ, നായർ സമുദായം എന്ന നിലയിൽ സനാതന ധർമ്മത്തോടൊപ്പം ആ സമുദായത്തിന്റെ താല്പര്യം സംരക്ഷിക്കുകയാണ് ഒന്നാമതായിട്ടുള്ളത്. മുൻ കരയോഗ സൗഹൃദലക്കങ്ങളിൽ കരയോഗത്തിന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. ആയത് അപ്പോളപ്പോൾ ഭരണസമിതി ചർച്ചചെയ്ത് എടുക്കുന്ന തീരുമാനങ്ങളോ കാലാകാലങ്ങളായി ഈ പ്രസ്ഥാനം കൈക്കൊണ്ടു പോന്നിട്ടുള്ള നിലപാടുകളിലുറച്ചു നിന്നുകൊണ്ടുള്ളതോ ആയിരിക്കും. ആചാരാനുഷ്ഠാനങ്ങളിൽ ഉറച്ച്, ആത്മീയത കൈവിടാതെ മതനിരപേക്ഷത നിലനിർത്തി സമൂഹത്തിലെ എല്ലാവരുമായി സഹവർത്തിച്ചുപോരുകയാണ് നമ്മുടെ നിലപാട്. അതിന്റർത്ഥം ഇതൊരു ഹൈന്ദവ സംഘടന മാത്രമല്ല എന്നും എന്നാൽ ജാതിയെയും മതത്തെയും ഹിന്ദുത്വത്തെയും തള്ളിപ്പറയുന്ന ആരുമായും സന്ധിചെയ്യാൻ കഴിയില്ല എന്നു തന്നെയാണ് താനും. ഒരു കാര്യം വ്യക്തമാക്കട്ടെ. ശബരിമല വിഷയത്തിൽ ബഹു. സുപ്രീംകോടതി വിധി അംഗീകരിക്കുന്നതോടൊപ്പം തന്നെ ഒരു കോടതി വിധിയും അന്തിമമല്ലെന്നും വീണ്ടും അത് തിരുത്തുവാൻ ധാരാളം അവസരങ്ങൾ ഉണ്ട് എന്നതു കൊണ്ടും ഈ വിഷയത്തിൽ നായർ സർവ്വീസ് സൊസൈറ്റി കൈക്കൊണ്ടിട്ടുള്ള തീരുമാനത്തോട് എറണാകുളം കരയോഗം ഒപ്പം നിൽക്കുവാനാണ് ആഗ്രഹിക്കുന്നതെന്നും വ്യക്തമാക്കിയിട്ടുള്ളതാണല്ലോ. എന്നാൽ, ഇതിൽ നിന്നും വ്യത്യസ്തമായ നിലപാടുള്ള അംഗങ്ങൾ ഉണ്ടാവാം. അവരുടെ അഭിപ്രായത്തെയും തള്ളികളയുന്നില്ല. അപ്പോഴും ഹൈന്ദവ ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും പ്രാമുഖ്യം നൽകുക എന്ന എറണാകുളം കരയോഗത്തിന്റെ പ്രഖ്യാപിത നയങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട്, നായർ സമുദായത്തിന്റേതായ ഒരു ജാതി സംഘടന എന്ന നിലയിലേ പ്രവർത്തിക്കുവാൻ കഴിയൂ എന്ന് അത്തരം അംഗങ്ങളെ ഓർമ്മപ്പെടുത്തുന്നു. ഇവിടെ സ്ത്രീകളോടുള്ള വിരോധമോ 50% പ്രാതിനിധ്യമോ ഒന്നുമല്ല വിഷയം, അനുഷ്ഠാനങ്ങളും ആചാരങ്ങളുമാണെന്ന് വീണ്ടും ഓർമ്മിപ്പിക്കട്ടെ.

ശബരിമല വിഷയത്തിൽ നമ്മുടെ പ്രതിഷേധങ്ങൾ നാമജപം ആക്കിയാൽ അത് തെറി നാമജപവും എല്ലാം ശരിയാവണമേ എന്ന പ്രാർത്ഥനയോടെ നാമം ജപിച്ച് വിളക്കു കത്തിച്ചാൽ അത് നിയമ സമാധാന ലംഘനം എന്ന പേരിൽ കേസ് എടുക്കുകയും ചെയ്യുന്ന വ്യവസ്ഥിതിയോടാണ് നമുക്ക് വിയോജിപ്പ്. അതുകൊണ്ട് നമ്മൾ ‘നായർ സമുദായ സംഘടന’ എന്ന നിലയിലുള്ള നമ്മുടെ പ്രവർത്തനങ്ങളെ വിസ്മരിക്കരുത്. അതോടൊപ്പം ആത്മീയതയിലും ആചാരാനുഷ്ഠാനങ്ങളിലും ഉറച്ചുനിന്നുകൊണ്ട് പ്രവർത്തിക്കുകയാണ് നമ്മുടെ പ്രഥമമായ ലക്ഷ്യവും കടമയും എന്നും അറിയിച്ചുകൊള്ളട്ടെ. പക്ഷെ സാംസ്ക്കാരികവും സാമൂഹികവും പാരമ്പരികവുമായ പ്രവർത്തനത്തെ ഈ ഒരു വിഷയത്തിന്റെ പേരിൽ മാറി നിന്നു കൊണ്ട് ചിന്തിക്കുക എന്നത് ശരിയായ കാഴ്ചപ്പാടല്ല എന്നു മാത്രം സൂചിപ്പിച്ചു കൊള്ളുന്നു.

ഏകദേശം എഴുനൂറോളം അംഗങ്ങൾ ഈ വർഷം കരയോഗത്തിന്റെ കുടുംബസംഗമത്തിൽ പങ്കെടുക്കുകയും കരയോഗം വിഘ്നേശ്വര ക്ഷേത്രത്തിൽ രാവിലെ 5.30 മണി മുതൽ പുലിയന്നൂർ ശശി നമ്പൂതിരിപ്പാടിൻെറ കാർമ്മികത്വത്തിൽ അഷ്ടദ്രവ്യഗണപതി ഹോമം, സുദർശന ഹോമം, നവകം, പഞ്ചഗവ്യം എന്നിവ നടത്തി. തുടർന്ന് 9.30ന് കരയോഗ സ്ഥാപക നേതാക്കൾക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചു കൊണ്ട് പുഷ്പാർച്ചന നടത്തി. കരയോഗാംഗങ്ങളുടെ വിവിധ കലാപരിപാടികൾ അരങ്ങേറി. വൈകീട്ട് 6ന് തുടങ്ങിയ അയ്യപ്പൻപാട്ടു് രാത്രി 9.00 ന് ദീപാരാധനയോടെ സമാപിച്ചു.

‘തപസ്സ്’ എന്ന പേരിൽ ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും കുറിച്ച് നവംബർ 13 മുതൽ 23 വരെ ടി.ഡി.എം.ഹാളിൽ നടന്ന സംപൂജ്യ സ്വാമി ചിദാനന്ദപുരിയുടെ ധാർമ്മിക ആചാരങ്ങളെ പരിചയപ്പെടുത്തിയ പ്രഭാഷണ പരമ്പര ആസ്പദമാക്കി ഉപന്യാസ മത്സരം നടത്തുകയുണ്ടായി. അതിലെ വിജയികളായ ശ്രീമതി.രമാ നായർ, ശ്രീ.എൻ.പ്രഭാകര പ്രഭു, ശ്രീ. എസ്സ്. ശ്രീകുമാർ, ശ്രീ.എം.ദേവിദാസ്, ഡോ.കെ.ജെ. വേണുഗോപാൽ, ശ്രീമതി. എം.രാജലക്ഷ്മി എന്നിവർക്ക് കരയോഗം പ്രസിഡന്റ് കെ.പി.കെ.മേനോൻ ക്യാഷ് അവാർഡും മെമന്റോയും നല്കി. കരയോ

ഗം പ്രസിഡന്റ് കെ.പി.കെ.മേനോൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജനറൽ സെക്രട്ടറി പി.രാമചന്ദ്രൻ (വേണു) മുഖ്യപ്രഭാഷണം നടത്തുകയും ആചാര്യൻ കെ.ആർ.നമ്പ്യാർ ആശംസകളർപ്പിക്കുകയും ചെയ്തു. ചടങ്ങിൽ കെ.ജനാർദ്ദനൻ, ആലപ്പാട്ട് മുരളീധരൻ, കെ.ടി.മോഹനൻ, അഡ്വ.ടി.ശിവദാസൻ നായർ തുടങ്ങിയവർ സംബന്ധിച്ചു.

നാരായണീയ ദിനത്തോടനുബന്ധിച്ച് ഡിസംബർ 14ന് ശ്രീമതി. രാജം. ആർ. മേനോന്റെ നേതൃത്വത്തിൽ രാവിലെ 7 മുതൽ സമ്പൂർണ്ണ നാരായണീയ പാരായണം നടത്തി.

മുൻ വർഷങ്ങളിലെപ്പോലെ ഈ വർഷവും പരമ്പരാഗത രീതിയിൽ മകയിരം-തിരുവാതിര ആഘോഷം ഡിസംബർ 22ന് ടിഡിഎം ഹാളിൽ നടത്തുകയുണ്ടായി.

എറണാകുളം കരയോഗത്തിന്റെ വിവിധ ഹാളുകളിൽ കല്യാണം, വിവാഹനിശ്ചയം തുടങ്ങിയവ നടത്തുന്നതിന് നിലവിലുള്ള താരിഫ് ഈ ലക്കം സൗഹൃദത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റെവിടത്തേക്കാളും കുറഞ്ഞ നിരക്കിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ടിഡിഎം ഹാളിൽ മാത്രമെ സാധിക്കൂ എന്ന് അറിയിക്കുന്നു.

എറണാകുളം കരയോഗം ഫിലിം ക്ലബ്ബിന്റെ ജനുവരി മാസത്തിലെ പരിപാടിയിൽ 20 ന്, ഞായറാഴ്ച, വൈകുന്നേരം 5.00 ന് 'കൽക്കത്ത 71' സിനിമാ പ്രദർശനം ടിഡിഎം ഹാളിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം കഥകളി കബ്ബിന്റെ പ്രതിമാസ പരിപാടിയിൽ 'കുചേലവൃത്തം' കഥകളി ജനുവരി 22ന് ചൊവ്വാഴ്ച വൈകുന്നേരം 6.30ന് ടി.ഡി.എം. ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം ബീമുമായി സഹകരിച്ച് പ്രതിമാസ പരിപാടിയിൽ ജനുവരി 30 ശനിയാഴ്ച, വൈകുന്നേരം 6.30ന്- കായംകുളം കെ.പി.എ.സി അവതരിപ്പിക്കുന്ന നാടകം 'മഹാകവി കാളിദാസൻ' ടി.ഡി.എം.ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

കരയോഗത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹകരണവും സാന്നിദ്ധ്യവും അഭ്യർത്ഥിച്ചുകൊള്ളുന്നു.

-ജനറൽ സെക്രട്ടറി

## എറണാകുളം കരയോഗം
## 16.01.2019 മുതൽ 14.02.2019 വരെയുള്ള പരിപാടികൾ

| | | | |
|---|---|---|---|
| 16.1.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 17.1.2019 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 19.1.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 20.1.2019 | ഞായർ | 5.00 p.m. | : കരയോഗം ഫിലിംക്ലബ്ബ് - കൽക്കത്ത 71 |
| 22.1.2019 | ചൊവ്വ | 6.30 p.m. | : കരയോഗം കഥകളി ക്ലബ്ബ്-കഥകളി- |
| 23.1.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 24.1.2019 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 26.1.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 30.1.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| | | 4.00 p.m. | : വിമൻസ് ഫോറം യോഗം |
| | | 6.30 p.m. | : ബീം പ്രതിമാസ പരിപാടി--നാടകം-മഹാകവി കാളിദാസൻ |
| 31.1.2019 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 2.2.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 6.2.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 7.2.2019 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 9.2.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| | | 5.00 p.m. | : കരയോഗം കഥകളി ക്ലബ്ബ് 61-ാമത് വാർഷികവും അവാർഡ് ദാനവും |
| 10.02.2019 | ഞായർ | 10.00 a.m. | : പാർക്കിൻസൺസ് രോഗചികിത്സ(ആയുഷ്യം പോളിക്ലിനിക്) |
| 13.2.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 14.2.2019 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |





# ബാല ലോകം

**ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)**

പ്രിയപ്പെട്ട കൂട്ടുകാരെ,

പുതുവർഷം ആരംഭിക്കുകയായില്ലേ ? പൂർവ്വാധികം ഉത്സാഹത്തോടെയാവട്ടെ വരവേൽപ്പ്. സുഖവും ദു:ഖവും ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെയാണെന്ന് കൂട്ടുകാരും കേട്ടിട്ടുണ്ടാവും.

കഴിഞ്ഞ വർഷത്തിന്റെ വേദനകളെല്ലാം മറന്ന് നമുക്ക് ഈ വർഷം ഏറെ ഉത്സാഹത്തോടെ മുന്നോട്ടു നീങ്ങാം. ചില കെടുതികൾ എല്ലാ കാലത്തും ഉണ്ടാവും. അതിനെയെല്ലാം മറി കടക്കാനുള്ള ആത്മധൈര്യവും നമുക്ക് ജഗദീശ്വരൻ നല്കിയിട്ടുണ്ട്. 'ലോകാസമസ്താ സുഖിനോ ഭവന്തു' എന്നു തന്നെ നമുക്ക് ഒരുമിച്ചു പ്രാർത്ഥിക്കാം.

ഓരോ ദിവസം പുലരുമ്പോഴും പ്രാർത്ഥനയോടെ പുഞ്ചിരിയോടെ നമുക്ക് ഹൃദയം കൊണ്ടു പ്രകൃതിയെയും ജഗദീശ്വരനെയും പുൽകാം-നന്മയുള്ള മനസ്സു നൽകിയതിന് ജീവിതത്തിനനിവാര്യമായ കാര്യങ്ങൾ എല്ലാം നൽകിയതിന്, സമസ്തചരാചരങ്ങളുടെ നിലനില്പിന് അല്ലെ കൂട്ടുകാരെ.

പുഞ്ചിരി എല്ലാറ്റിനും ഔഷധമാണ്. ചിരിക്കുമ്പോൾ നമ്മുടെ മുഖത്തെ മസിലുകൾക്കെല്ലാം ചലനം സംഭവിക്കുന്നു. ഇഷ്ടമുള്ള കൂട്ടുകാരുമായി ഫലിതങ്ങൾ പങ്കുവെക്കുമ്പോൾ നന്നായി പൊട്ടിച്ചിരിച്ചോളൂ. മനസ്സ് തുറക്കട്ടെ. കൂട്ടുകാർ എപ്പോഴും ചിരിച്ചു കളിച്ചു നടക്കുന്ന വ്യക്തികളെ കണ്ടിട്ടുണ്ടോ? അവരുടെ ഉള്ളിലും വിഷമങ്ങൾ ഇല്ലാത്തതുകൊണ്ടല്ല. അതിനെ മറികടക്കാൻ വേണ്ടിയാണ് ചിരിക്കുന്നത്. അത് മറ്റുള്ളവർക്ക് സന്തോഷത്തെ പ്രദാനം ചെയ്യും. മനുഷ്യന് മാത്രമല്ലേ ഈ സിദ്ധിയുള്ളൂ.

ദേഷ്യമാണെങ്കിലോ? ഇത് പോലെ ദോഷം ചെയ്യുന്ന മറ്റൊരു വികാരമില്ല. അതുകൊണ്ടു തന്നെയാണ് നമ്മുടെ മലയാളമുത്തച്ഛൻ 'ക്രോധം പരിത്യജിക്കേണം ബുധജനം ക്രോധമല്ലോ യമനായത് നിർണയം' എന്ന് രാമായണത്തിൽ കുറിച്ചത്. സുഖവും ദു:ഖവും ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെയാണെന്ന് കൂട്ടുകാരും കേട്ടിട്ടുണ്ടാവും. ഇനി നമ്മുടെ കൺവെട്ടത്തു കാണുന്ന ജീവികളെക്കുറിച്ചു ഏതാനും കാര്യങ്ങൾ കേൾക്കാം. നമ്മുടെ വീടിന്റെ ചുമരുകളിൽ സന്ധ്യയാവുമ്പോൾ കാണുന്ന ഒരു ജീവിയാണ് പല്ലി. പഴയകാലത്തു ഇത് പുറപ്പെടുവിക്കുന്ന ശബ്ദങ്ങളെ കുറിച്ചു ചില വിശ്വാസങ്ങൾ ഉണ്ടായിരുന്നു. പല്ലി അല്ലെങ്കിൽ ഗൗളി ചിലച്ചാൽ എന്തൊക്കെയോ സംഭവിക്കുകയും അത് നല്ലതല്ല എന്നും ഇവ വന്നു നമ്മുടെ ദേഹത്തു വീണാൽ മോശമാണെന്നും ഒക്കെ പൂർവികർ അന്ധമായി വിശ്വസിച്ചിരുന്നു. എന്നാൽ ദൈവം സൃഷ്ടിക്കുമ്പോൾ അവയ്ക്ക് നൽകിയ ശബ്ദം എങ്ങിനെ മനുഷ്യർക്ക് ദോഷമാവും എന്ന് ചിന്തിച്ചു നോക്കൂ. ഈ ജീവിയെക്കുറിച്ചു സാഹിത്യകാരന്മാർ കഥകൾ തന്നെ രചിച്ചിട്ടുണ്ട്. പല്ലിയുടെ തുറിച്ചുള്ള നോട്ടം കാണുമ്പോൾ പാറ്റകളും മറ്റും ഓടി അകലുന്നത് കൂട്ടുകാർ കണ്ടിരിക്കുമല്ലോ. ഈയാംപാറ്റകൾ പറക്കുന്നത് കാണുമ്പോൾ ഇവക്കു കൊതിമൂക്കും. കുറെയെണ്ണത്തിനെ അകത്താക്കുകയും ചെയ്യും. ഇതിനെ നാം തൊടുവാൻ ശ്രമിച്ചാൽ രസകരമായ ഒരു രംഗം നമുക്കു കാണാം. പല്ലി അതിന്റെ വാൽ മുറിച്ചിടും. ഇതെന്തുകൊണ്ടാണെന്നു കൂട്ടുകാർക്കറിയാമോ ? പല്ലിയുടെ ജീവരക്ഷക്കുള്ള ഒരു മാർഗ്ഗമാണത്. അവ വാൽ മുറിച്ചിടുമ്പോൾ ആരായാലും അത് നോക്കി അൽപനേരം നിൽക്കും. ഈ സമയം കൊണ്ട് ഇവ ഓടി രക്ഷപ്പെടുകയും ചെയ്യും. ചില പ്രത്യേക നാഡികളുടെ പ്രവർത്തനം കൊണ്ടത്രേ ഇങ്ങിനെ സംഭവിക്കുന്നത്. ഇനി എങ്ങിനെയാണ് ഇവ ചുമരിലൂടെ നടക്കുന്നത് എന്നല്ലേ. ഇവയുടെ പാദങ്ങൾക്കടിയിലുള്ള ചെറിയ രോമങ്ങൾ ഇവയെ ചുമരിൽ പറ്റിപ്പിടിക്കാൻ സഹായിക്കും. ഒരു കൊച്ചു കഥ കേട്ടോളൂ.

### സമ്പത്തോ ജ്ഞാനമോ

നമ്മുടെ എല്ലാം സ്രഷ്ടാവായ ബ്രഹ്മാവ് ലോക സൃഷ്ടി നടത്തിയപ്പോൾ ഭൂമിയിൽ സമാധാനജീവിതം വേണമെങ്കിൽ മഹാവിഷ്ണുവിനെത്തന്നെ ശരണം പ്രാപിക്കണം എന്ന് തീരുമാനിച്ചു. കാരണമെന്തെന്നോ ? ഭൂലോകത്തിലെ സകല ജീവജാലങ്ങളും വ്യത്യസ്തർ. ഇവിടെ എങ്ങിനെ ഒത്തുപോവും എന്നൊരു സംശയം സൃഷ്ടികർത്താവിനുണ്ടായി.

അദ്ദേഹം സരസ്വതീദേവിയുടെ അടുക്കൽ ചെന്നു സംശയം ഉണർത്തിച്ചു. സരസ്വതിയോ ലക്ഷ്മിയോ? ജീവിതത്തിനു ധനം വേണം ജ്ഞാനത്തിനു സരസ്വതിയും വേണം. ഏതാണ് വേണ്ടത്. ഇതേച്ചൊല്ലി ലക്ഷ്മിയും സരസ്വതിയും തമ്മിൽ തർക്കമായി. എന്നാൽ മഹാവിഷ്ണുവിനെ സമീപിക്കുകയാവും നല്ലതെന്നു ബ്രഹ്മാവിനു തോന്നി. തർക്കം സമാധാനപരമായി പരിഹരിക്കാൻ മഹാവിഷ്ണുവിന് സാധിക്കും എന്നദ്ദേഹത്തിനു ഉറപ്പുണ്ടായിരുന്നു. ഭഗവാൻ രണ്ടുപേരോടുമായി പറഞ്ഞു. ജ്ഞാനം കൊണ്ട് എല്ലാം നേടാനാവും. പക്ഷെ സമ്പത്തില്ലാതെ ഇതിനുള്ള ആയുധങ്ങൾ എങ്ങിനെ വാങ്ങാനാവും. അതുകൊണ്ടു തർക്കം വേണ്ട. രണ്ടും ജീവിതത്തിനാവശ്യമാണ്. ഗുണപാഠം എന്തെന്ന് കൂട്ടുകാർക്കു മനസ്സിലായോ? വിദ്യയിലൂടെ ജീവിതത്തിനാവശ്യമായ ധനവും ആർജിക്കുക.

# കണ്ണാടി പോലെ

പറവൂർ രാജഗോപാൽ : ഫോൺ : 9847291483

രാമുവും ശ്യാമുവും ഇരട്ടകളാണ്.

അന്ന് പള്ളിക്കൂടത്തിൽ നിന്നു വരുമ്പോൾ രണ്ടു പേർക്കും പരിഭവം

ഞങ്ങളിനി പഠിക്കാൻ പോകുന്നില്ല മുഖം കനപ്പിച്ചിരുന്നു. രണ്ടു പേർക്കും അമ്മയോട് പറയാൻ പരാതി.

ഞങ്ങളെ ആരും കളിക്കാൻ ചേർക്കുന്നില്ല. രാമു പറഞ്ഞു

ഞങ്ങളോടാരും മിണ്ടുന്നില്ല. കൂട്ടു കൂടുന്നില്ല. ചിരിക്കുകയും വർത്തമാനം പറയുകയും ഒന്നും ചെയ്യുന്നില്ല. ശ്യാമു പറഞ്ഞു.

ഇല്ല, ഞങ്ങളിനി പള്ളിക്കൂടത്തിലേക്കില്ല! ഗൗരവത്തിൽ മുഖം വീർപ്പിച്ചുകൊണ്ട് രണ്ടു പേരും പറഞ്ഞു.അമ്മ അവർക്ക് ചായയും ചൂടുള്ള ഉഴുന്നുവടയും ചമ്മന്തിയുമൊക്കെ വിളമ്പി വെച്ചു.

അതെന്തേ അങ്ങനെ...? അമ്മ ചോദിച്ചു

ആവോ .രണ്ടു പേരും കൈ മലർത്തി

ആട്ടെ, നിങ്ങൾ മറ്റു കുട്ടികളോട് എങ്ങനെയാ പെരുമാറുന്നത് ? ചിരിയും വർത്തമാനവുമൊക്കെയുണ്ടോ? അമ്മ തിരക്കി. കുട്ടികൾ മിണ്ടാതിരുന്നു.

അപ്പൊ എന്റെ മക്കള് ഇങ്ങനെ മുഖം വീർപ്പിച്ചു തന്നെയാ പള്ളിക്കൂടത്തില്.... അല്ലേ? അമ്മ അവരെ സൂക്ഷിച്ചു നോക്കി.

'അതമ്മേ ഒറ്റെണ്ണത്തിനേം കണ്ടാ മിണ്ടാൻ തോന്നില്ല'

എല്ലാവർക്കും വല്യ ജാഡയാ രാമു പറഞ്ഞു

ജാഡയോ?

ആഹ്... പത്രാസ് ശ്യാമു കാര്യം വ്യക്തമാക്കി

എന്റെ മക്കളേ ഇങ്ങനെ തന്നെയാവും മറ്റു കുട്ടികൾക്ക് നിങ്ങളെപ്പറ്റിയും അഭിപ്രായം.ങ്ഹാ...നിങ്ങള് എളുപ്പം ചായ കുടിച്ചിട്ട് വാ. അമ്മ മക്കൾക്ക് ഒരു കാര്യം കാണിച്ചു തരാം.

ചായയൊക്കെ കഴിച്ച് അടുത്തു വന്നു നിന്ന മക്കളെ അമ്മ ഒരു കണ്ണാടി എടുത്തു കാണിച്ചു.

ഇത് കണ്ണാടി. രാമുവും, ശ്യാമുവും ഇതിൽ നോക്കിയൊന്നു ചിരിച്ചേ അമ്മ പറഞ്ഞു.

രണ്ടു പേരും കണ്ണാടിയിൽ നോക്കി ചിരിച്ചു. അത് അവർ കണ്ണാടിയിൽ കാണുകയും ചെയ്തു.

ഇനി രണ്ടു പേരും ഇതിൽ നോക്കി മറ്റെന്തെങ്കിലും കാണിച്ചേ.

കുട്ടികൾ കണ്ണാടിയിൽ നോക്കി പല ഗോഷ്ടികളും കാണിച്ചു. അതും അവർ കണ്ണാടിയിൽ കാണിച്ചു. അതും അവർ കണ്ണാടിയിൽ കണ്ടു.

അപ്പോൾ അമ്മ പറഞ്ഞു.

മക്കളേ, ഈ ലോകം ഒരു കണ്ണാടി പോലെയാണ്. കണ്ണാടിയിൽ നോക്കി നിങ്ങൾ പുഞ്ചരിച്ചപ്പോൾ അതിലെ പ്രതിബിംബവും നിങ്ങളെ നോക്കി ചിരിച്ചു. ഗോഷ്ടി കാണിക്കുകയും ദേഷ്യപ്പെടുകയും ചെയ്തപ്പോൾ കണ്ണാടിയിലും നിങ്ങൾ അതു തന്നെ കണ്ടു. ഇതു പോലെ നമ്മൾ ലോകത്തിനു നൽകുന്നതു മാത്രം നമുക്കു തിരികെ ലഭിക്കുന്നു.

കുട്ടികൾക്ക് അമ്മ പറഞ്ഞതിന്റെ സാരം മനസ്സിലായി അത് അവരുടെ ജീവിതത്തിൽ സാരമായ മാറ്റം വരുത്തി. പിന്നീട് അവർക്ക് ധാരാളം നല്ല സുഹൃത്തുക്കളും, ചങ്ങാതിമാരും അഭ്യുദയകാംക്ഷികളുമൊക്കെ ഉണ്ടായി.





രാഗപരിചയം

# ഹമീർകല്ല്യാണി

ഡോ. ജയലക്ഷ്മി നന്ദകുമാർ

ഹിന്ദുസ്ഥാനി സംഗീതത്തിൽ നിന്നും കർണ്ണാടക സംഗീതത്തിലേക്ക് സ്വീകരിക്കപ്പെട്ട ഒരു ദേശ്യ രാഗമാണ് ഹമീർകല്ല്യാണി. 65-ാമത്തെ മേളകർത്താ രാഗമായ കല്ല്യാണിയുടെ ജന്യരാഗമാണിത്.

ആരോഹണം : സ പ മ പ ധ നി സ

അവരോഹണം : സ നി ധ പ മ ഗ മ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ചതു: ശ്രുതി രിഷഭം, അന്തരഗാന്ധാരം, പ്രതിമദ്ധ്യമം, പഞ്ചമം, ചതു : ശ്രുതി ധൈവതം, കാകളി നിഷാദം .

'ഗമരിസ', 'ഗമഗമരി' തുടങ്ങിയ രാഗസഞ്ചാരങ്ങളിൽ ശുദ്ധമദ്ധ്യമം അന്യസ്വരമായി വരുന്നതിനാൽ ഹമീർകല്ല്യാണി ഒരു ഭാഷാംഗ രാഗമാണ്. ഈ അന്യസ്വര പ്രയോഗം അവരോഹണത്തിൽ തന്നെ ഉൾപ്പെടുത്തിയിരിക്കുന്നു എന്നത് പ്രത്യേകതയാണ്. ആരോഹണവവും അവരോഹണവും വക്രമായി ക്രമമല്ലാതെ വരുന്നതുകൊണ്ട് ഇത് ഒരു ഉഭയവക്രരാഗവും ആകുന്നു.

ഒരു ചെറിയ രാഗമാണെങ്കിൽ തന്നെ അതിന്റേതായ ശ്രേഷ്ഠത ഉള്ള രാഗമാണ് ഹമീർകല്ല്യാണി. കച്ചേരികളുടെ രണ്ടാം പകുതിയിലാണ് ഈ രാഗത്തിന്റെ സ്ഥാനം.

'കേദാർ' എന്ന ഹിന്ദുസ്ഥാനി രാഗം (കല്ല്യാൺ ഥാട്ടിൽ ഉൾപ്പെട്ട രാഗം) ഹമീർകല്ല്യാണിയോടു സമാനമാണ്. ഏതു സമയത്ത് ആലപിച്ചാലും ശോഭിക്കുന്ന സർവ്വകാലിക രാഗമാണിത്. ഈ രാഗത്തിന്റെ ശാന്തസ്വഭാവം ആധി നാശിനിയാണ്.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | |
|---|---|---|---|
| 1. വെങ്കടശൈല വിഹാര | - ആദി | - | ശ്യാമാശാസ്ത്രി |
| 2. ഗാംഗേയ വസനധര | - ആദി | - | സ്വാതി തിരുനാൾ |
| 3. മാനമുലേദാ | - ആദി | - | ത്യാഗരാജസ്വാമി |
| 4. പരിമള രംഗനാഥം | - രൂപകം | - | മുത്തുസ്വാമി ദീക്ഷിതർ |
| 5. ഗോവിന്ദ ദർശന | - ആദി | - | കനകദാസർ |

## ചലച്ചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1. പൊന്നിൻ വളകിലുക്കി | - | ഞങ്ങൾ സന്തുഷ്ടരാണ് |
| 2. മഞ്ഞണിക്കൊമ്പിൽ | - | മഞ്ഞിൽ വിരിഞ്ഞ പൂക്കൾ |
| 3. ധും തന ധും തന | - | തോമാശ്ലീഹ |
| 4. ചക്രവർത്തിനീ | - | ചെമ്പരത്തി |
| 5. ചെമ്പക മലരൊളി | - | ഇലവങ്കോട് ദേശം |
| 6. ബാഷ്പ സാഗര | - | തട്ടകം |
| 7. പർവ്വത നന്ദിനി | - | തേനരുവി |
| 8. ഹൃദയ രാഗ തന്ത്രി | - | അമരം |

**എറണാകുളം കരയോഗത്തിന്റെ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാ ക്ലിനിക് 2019 ജനുവരി മാസം 13-ാം തീയതി, ഞായറാഴ്ച രാവിലെ 10 മണിമുതൽ 1 മണി വരെ ഇകെഎൻഎം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**

**ജനറൽ സെക്രട്ടറി**

വാസ്തു

# വാസ്തുവിലെ വാസ്തവം

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദഗ്ദ്ധൻ (ഫോൺ: 9447032434)

എറണാകുളത്തെ ടൗണിൽ ഉദ്ദേശം നൂറുകൊല്ലം പഴക്കമുള്ള ഒരു വീട്ടിൽ യാതൊരു പ്രശ്നങ്ങളും ഇല്ലാതെ മൂന്ന് തലമുറകൾ നല്ല രീതിയിൽ ജീവിച്ചുപോന്നു. കഴിഞ്ഞ അഞ്ചു കൊല്ലമായി ഈ വീട്ടിൽ താമസിക്കുന്നവർക്ക് പല തരത്തിലുള്ള പ്രശ്നങ്ങളും കുടുംബസമാധാനം നഷ്ടപ്പെട്ടും ഇരിക്കുന്നു.

എട്ടുകൊല്ലം മുമ്പ് ഈ വീടും പറമ്പും സ്കെച്ചിൽ കാണുന്നപോലെ 1,2,3 എന്നീ പ്രകാരം ഭാഗം ചെയ്തു. (3) ലാണ് ഈ വീട് വന്നത്. ഭാഗം വെച്ചപ്പോൾ വീടിന്റെ കിഴക്ക് ഭാഗത്ത് സ്ഥലം വളരെ കുറഞ്ഞു. വടക്കു - കിഴക്കേ ഭാഗത്തെ പറമ്പ് ഇതിലേക്ക് കയറി വരികയും ചെയ്തു. ചുരുക്കത്തിൽ പറഞ്ഞാൽ ഈ പറമ്പിന്റെ വടക്കു - കിഴക്കേ മൂല മുറിഞ്ഞു പോയി. വടക്കു ഭാഗത്ത്, വടക്കു കിഴക്കേ മൂലയിൽ നിന്ന് വരുന്ന മതിൽ വീടിന് സമാന്തരമായി പടിഞ്ഞാറ് അറ്റം വരെ ഒരടി ഉയര ത്തിൽ പണിയണം. അപ്പോൾ വടക്ക്-കിഴക്കേമൂല മുറിഞ്ഞതിന് പരിഹാരമായി. സ്കെച്ചിൽ എ - ബി നോക്കുക. വീടിന്റെ കിഴക്കു ഭാഗം തുറന്ന സ്ഥലം പടിഞ്ഞാറുള്ളതിനേക്കാൾ വളരെ കുറഞ്ഞു പോയി. കിഴക്ക് രണ്ടു മീറ്റർ ഉണ്ട്. പടിഞ്ഞാരു ഭാഗത്ത് ഒരു മീറ്റർ വിട്ട് , വീടിന് സമാന്തരമായി ഒരു കുറിയ മതിൽ കെട്ടണം. സ്കെച്ചിൽ സി - ഡി നോക്കുക. ഇപ്പോൾ വീട് നില്ക്കുന്ന പറമ്പ് കിഴക്കിനേക്കാൾ പടിഞ്ഞാറ് കുറഞ്ഞു. പടിഞ്ഞാറ് ചെറിയ ഒരു പറമ്പ് ഉണ്ടാകുകയും ചെയ്തു.



യാതൊരു കാരണവശാലും പറമ്പിന്റെ തെക്കു പടിഞ്ഞാറു ഭാഗത്ത് വെള്ളം കെട്ടി നില്ക്കാൻ അനുവദിക്കരുത്.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേർ രജിസ്റ്റർ ചെയ്തിരിക്കണം.**

## അറിയിപ്പ് /കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

**ജനറൽ സെക്രട്ടറി**





തുടർച്ച

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)

**മാധവദേവ**

ആസാമീസ് ഭക്തിധാരയുടെ മറ്റൊരു പ്രണേതാവായിരുന്നു ശങ്കരദേവന്റെ പ്രിയശിഷ്യനായ മാധവദേവ. എ.ഡി. 1492 ൽ ലഖിംപൂരിലെ ലെത്കുഫ്ഖുരി ഗ്രാമത്തിലാണ് ജനനം. ആദ്യകാലത്ത് ശക്ത്യുപാസകനായിരുന്നെങ്കിലും ശങ്കരദേവന്റെ ദർശനങ്ങളിൽ ആകൃഷ്ടനായതോടെ അദ്ദേഹം വിഷ്ണുഭക്തനായിത്തീർന്നു. സാമൂഹ്യപരിവർത്തനത്തിലും ആത്മീയതാപ്രചരണത്തിലും ഒരു നിഴൽപോലെ അദ്ദേഹം ഗുരുവിനെ പിൻതുടർന്നു. മികച്ച ഒരു ഗായകൻ കൂടിയായ മാധവദേവ 'കേവലീയ' എന്ന പേരിൽ നിത്യബ്രഹ്മചാരികളുടെ ഒരു കൂട്ടായ്മയുണ്ടാക്കി. ശങ്കരദേവന്റെ 'സത്ര' സംസ്ഥാപനത്തിനു പിന്നിലെ യഥാർത്ഥശക്തി മാധവദേവയായിരുന്നു. മാനസിക, സാന്മാർഗിക പരിശീലനത്തിലും ചര്യകളിലും അധിഷ്ഠിതമായ ഒരു ശൈലി ആവിഷ്കരിച്ചുകൊണ്ട് അദ്ദേഹം സത്രത്തിലേക്ക് അനവധിപേരെ ആകർഷിച്ചു. എന്നാൽ ശങ്കരദേവനുശേഷം സത്രത്തിന്റെ പരമാചാര്യനായിത്തീർന്ന മാധവദേവയുടെ നിഷ്ഠകളുമായി പൊരുത്തപ്പെടാൻ മറ്റാചാര്യൻമാർക്കും അനുയായികൾക്കും ബുദ്ധിമുട്ടായി. മഹാപുരുഷീയപ്രസ്ഥാനത്തിൽ അപസ്വരങ്ങളുയർന്നു. പൗരാണികപ്രമാണങ്ങളിൽ നിന്നു പ്രചോദനമുൾക്കൊണ്ട് ലോകോൽപ്പത്തിയെക്കുറിച്ച് ഒരു ചെറിയ കാവ്യമെഴുതിക്കൊണ്ടാണ് മാധവദേവ തന്റെ സാഹിത്യപ്രവർത്തനങ്ങൾക്ക് നാന്ദികുറിച്ചത്. ജന്മരഹസ്യം എന്നായിരുന്നു ആ കൃതിയുടെ പേര്. വിഷ്ണുപുരിസന്യാസിയുടെ രചനയായ ഭക്തിരത്നാവലിയുടെ ആസ്സാമീസ് തർജമയായിരുന്നു അടുത്തകൃതി. തുടർന്ന് കാന്തിമാല, രാമായണത്തിന്റെ ആദികാണ്ഡം, മഹാഭാരതത്തിൽ നിന്ന് ഊർജ്ജമുൾക്കൊണ്ട രാജസൂയം തുടങ്ങിയ ഒട്ടേറെ കൃതികൾ അദ്ദേഹം രചിച്ചു. മാഘൻ മുതലായ ഒട്ടേറെ സംസ്കൃതകവികളുടെ സ്വാധീനം മാധവദേവയുടെ രചനകളിൽ കാണാം. മാധവദേവയുടെ ഏറ്റവും ഉൽകൃഷ്ടമായ കൃതി നാമഘോഷ അഥവാ ഹാജാരിഘോഷയാണ്. ആയിരം പദങ്ങളുടെ സംഗ്രഹമായ ഈ കൃതി ആസാമിലെ എന്നല്ല ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച ആദ്ധ്യാത്മിക കാവ്യങ്ങളിൽ ഒന്നാണ്.

മാധവദേവയുടേതായി ചില ഏകാങ്കനാടകങ്ങളും വീണ്ടെടുക്കപ്പെട്ടിട്ടുണ്ട്. കോർധാര, പിംപരഗുഛുവാ, കൊടോരാഖേലോവാ, ഭൂഷൻഹെരോവാ, ഭൂമിലുടിവാ മുതലായ ഏകാങ്കങ്ങൾ ശ്രീകൃഷ്ണന്റെ ബാലലീലകളെ ആവിഷ്കരിക്കുന്നു.

ബാർപേട്ടിലെ സത്രത്തിലാണ് അദ്ദേഹം അധികകാലവും താമസിച്ചത്. ഇടക്കിടെ ഗണകുച്ചിയിലും സുന്ദരിദിയയിലുമുള്ള സത്രങ്ങളിലും മാറിമാറി താമസിച്ചു. രാജാരഘുദേവന്റെ നീരസത്തിനു പാത്രമായതോടെ ബ്രാഹ്മണരും മാധവദേവയെ എതിർത്തു. കൂച്ബിഹാറിലെ രാജാ ലക്ഷ്മീനാരായണ മാധവദേവയെ സ്വന്തം രാജ്യത്തേക്കു ക്ഷണിച്ചു. ക്ഷണം സ്വീകരിച്ച് കൂച്ബിഹാറിലെത്തിയ മാധവദേവക്കും അനുയായികൾക്കും രാജാലക്ഷ്മീനാരായണ ഭേലദുവാർ ഗ്രാമത്തിൽ താമസസൗകര്യം നൽകി. മാധവദേവ ഇവിടെ ഒരു സത്രം സ്ഥാപിച്ച് സമാധാന ജീവിതം നയിക്കാൻ തുടങ്ങി. അധികം താമസിയാതെ രാജാവും കുടുംബവും വൈഷ്ണവമതം സ്വീകരിച്ചു.മാധവദേവയുടെ ആഹ്വാനമനുസരിച്ച് ഒട്ടേറെ വനിതകളും വൈഷ്ണവ നവോത്ഥാനത്തിൽ പങ്കാളികളായി.

**മറ്റു കവികൾ**

വൈഷ്ണവ നവോത്ഥാനത്തിന്റെ പ്രതിനിധികളായി വേറെയും ചിലർ ആസാമിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ചു.ശങ്കരദേവയുടെ പൗത്രിയായ കനകലത(ലക്ഷമീആയി)യായിരുന്നു കൂട്ടത്തിൽ പ്രമുഖ. ആസാമിലെ പ്രഥമ കവയത്രിയും കനകലതയായിരുന്നു. 'സത്ര'ത്തിന്റെ പ്രഥമാചാര്യയായി അവരോധിക്കപ്പെട്ട വനിത എന്ന പദവിയും കനകലതക്കു തന്നെ!കവി രാമസരസ്വതിയാണ് ഈ കാലഘട്ടത്തിൽ സാമൂഹ്യപരിവർത്തനം ലക്ഷ്യമാക്കി സാഹിത്യരചന നടത്തിയ മറ്റൊരാൾ. കംസാരി കായസ്ഥ, ശ്രീമന്ത, ദാമോദർദാസ്, ജയനാരായൺ, ലക്ഷ്മീനാഥ് ദ്വിജ, ഗംഗാദാസ്, സുബുദ്ധിറായ്, ഭവാനിദാസ് തുടങ്ങിയവരുടെ പേരുകളും ഇവിടെ പ്രസക്തമാകുന്നു.

**19. ബംഗാൾ / ഗൗഡിയാമതം**

ബംഗാളിലെ ഭക്തിധാരയിൽ പ്രമുഖമായത് ഗൗഡിയാമതം എന്നറിയപ്പെട്ട ചൈതന്യമതമാണ്. ബംഗാ

ളിലെയും ഒറീസ്സയിലെയും ജനങ്ങളെ ഒരേ ഭക്തിധാരയിലേക്ക് ആകർഷിച്ചതിനു പുറമെ ഭാരതത്തിന്റെ ഇതരഭാഗങ്ങളിലുള്ളവരെയും സ്വാധീനിക്കാൻ കഴിഞ്ഞു എന്നതാണ് ഈ മതത്തിന്റെ സ്ഥാപകനായ ചൈതന്യ മഹാപ്രഭുവിന്റെ മഹത്വം.ബംഗാളിലെ വൈഷ്ണവ മതസ്ഥാപകൻ വാസ്തവത്തിൽ അദ്ദേഹമായിരുന്നില്ല. മുൻഗാമികളിൽനിന്ന് ഏറ്റുവാങ്ങിയ ദീപശിഖക്കു പൂർവാധികം ശോഭയേകിയതും അതുവഴി മുൻഗാമികളെക്കാൾ ശ്രേഷ്ഠമായ ഒരു സ്ഥാനം നേടിയതും അദ്ദേഹമാണ്. മറ്റു വൈഷ്ണവ സന്യാസികളിൽ നിന്നേറെ വ്യത്യസ്തനായിരുന്നു ചൈതന്യ. അനിതരസാധാരണമായ ആ രൂപവും ഭാവവും അനുയായികളെ ഏറെ ആകർഷിച്ചു.. പലരും അദ്ദേഹത്തെ ഈശ്വരന്റെ അവതാരമായി കരുതി. രണ്ടു നൂറ്റാണ്ടുകാലം ബംഗാളിലും ഒറീസയിലും പ്രകാശം പരത്തിയ ശേഷം ചൈതന്യ മഹാപ്രഭു കൊളുത്തിവെച്ച ദീപം ചരിത്രത്തിലേക്കു പിൻവാങ്ങി എന്നത് ഭാരതത്തെ സംബന്ധിച്ചിടത്തോളം ഇന്നും ഒരു തീരാനഷ്ടമായി അവശേഷിക്കുന്നു.

**1)ചൈതന്യ മഹാപ്രഭു**

ബംഗാളിലെ നാഡിയ ജില്ലയുടെ ഭാഗമായ നബദ്വീപം അറിവിന്റെ ജ്ഞാനപീഠം എന്നറിയപ്പെട്ടിരുന്ന കാലം ! ഭാരതത്തിലുടനീളം ഭക്തിപ്രസ്ഥാനത്തിന്റെ തരംഗങ്ങൾ അലയടിച്ചതും ഇതേസമയത്തു തന്നെ! ആസാമിൽ വൈഷ്ണവമതത്തിന്റെ മുഖ്യപ്രണേതാവായിരുന്ന ശങ്കരദേവയുടെ ദർശനങ്ങൾ അതിരുകൾ കടന്ന് നബദ്വീപത്തിലും അലയടിച്ചു! ഇക്കാലഘട്ടത്തിലാണ് (എ.ഡി. 1486 ൽ) ഒരു മദ്ധ്യവർത്തികുടുംബത്തിൽ ചൈതന്യയുടെ ജനനം! വൈഷ്ണവമതാനുഭാവികളായ ജഗന്നാഥ മിശ്രയും ശചീദേവിയുമായിരുന്നു മാതാപിതാക്കൾ. ദ്വിതീയസന്താനമായ കുഞ്ഞിനെ അവർ വിശ്വംഭരൻ എന്നു വിളിച്ചു. ആ കുസൃതിക്കുടുക്കക്ക് നിമായ് എന്നൊരോമനപ്പേരും ലഭിച്ചു.

സീമന്തപുത്രനായ വിശ്വരൂപൻ സന്യാസജീവിതം നയിക്കാൻ വേണ്ടി വീടുപേക്ഷിച്ചുപോയതിനാൽ മാതാപിതാക്കൾ നിമായിയെ കണക്കിലേറെ ലാളിച്ചു. മികച്ച രീതിയിൽ പ്രാഥമികവിദ്യാഭ്യാസം നേടിയശേഷം ഉന്നതവിദ്യാഭ്യാസത്തിനായി നിമായ് വീട്ടിൽ നിന്നു കുറച്ചുകാലം മാറിനിന്നു. പിതാവിന്റെ നിര്യാണത്തെ തുടർന്ന് മടങ്ങിവരികയും കുടുംബത്തിന്റെ ചുമതല ഏറ്റെടുക്കയും ചെയ്തു. ഒരു മഹാപണ്ഡിതന്റെ പുത്രിയായ ലക്ഷ്മിയെ വിവാഹം കഴിച്ചു. ശ്വശുരന്റെ സഹായത്തോടെ ഒരു സംസ്കൃതപാഠശാല തുറക്കുകയും വിദ്യാർത്ഥികളെ സ്വീകരിക്കയും ചെയ്തു. ധാർഷ്ട്യവും അഹന്തയും മൂലം അദ്ദേഹത്തിന് ജനങ്ങളുടെ ആദരവു നേടാനായില്ല. ഇക്കാലത്ത് ആദ്ധ്യാത്മികതയോടും അശേഷം താല്പര്യമുണ്ടായിരുന്നില്ല.

ഇതിനിടെ, പാഠശാലക്കുവേണ്ടി ധനം ശേഖരിക്കാൻ അദ്ദേഹം ധാരാളം യാത്രകൾ ചെയ്തു. സാമാന്യം നല്ലൊരു സമ്പാദ്യവുമായി നബദ്വീപിൽ മടങ്ങിയെത്തിയ അദ്ദേഹത്തെ കാത്തിരുന്നത് ജീവനുതുല്യം സ്നേഹിച്ചിരുന്ന പ്രിയപത്നി സർപ്പദംശനമേറ്റു മരിച്ചെന്ന ദുഃഖവാർത്തയാണ്. ഇതോടെ വിശ്വംഭരന് ലൗകികജീവിതം മടുത്തു. കുടുംബം അന്യംനിൽക്കരുതെന്നു കരുതി മാതാവ് പുത്രന്റെ രണ്ടാം വിവാഹം നടത്തി. മാതാവിനെ ദുഃഖിപ്പിക്കേണ്ടെന്നു പുത്രനും കരുതി. വിശ്വംഭരൻ വിഷ്ണുപ്രിയാദേവിയെ വിവാഹം കഴിച്ചു. ദാമ്പത്യത്തിൽ വിമുഖത പ്രകടിപ്പിച്ച ഭർത്താവിനെ ഈശ്വരനായിക്കണ്ടു ശുശ്രൂഷിക്കാൻ വിഷ്ണുപ്രിയാദേവിക്കു കഴിഞ്ഞു. വിശ്വംഭരന്റെ സംസ്കൃതാദ്ധ്യാപനത്തിനും അവർ പൂർണ്ണപിന്തുണ നൽകി. ഇതിനിടെ പിതാവിന്റെ ശ്രാദ്ധത്തിനായി ഗയയിൽ എത്തിയ വിശ്വംഭരന്റെ അന്തരംഗത്തിൽ ദിവ്യമായ ചില അനുഭൂതികളുണ്ടായി. ശ്രീബുദ്ധന് ഗയയിൽവെച്ചു ബോധോദയമുണ്ടായതിനു സമാനമായ ഈ അനുഭവം മാനസാന്തരംതന്നെ എന്നുറപ്പായതോടെ ഗൃഹസ്ഥാശ്രമം ത്യജിക്കാൻ അദ്ദേഹം തീരുമാനിച്ചു. കേശവഭാരതിയിൽ നിന്നും ദീക്ഷ സ്വീകരിച്ച് സന്യാസം വരിക്കുകയും ചെയ്തു. ഗുരു ശിഷ്യനെ കൃഷ്ണചൈതന്യ എന്നു പുനർനാമകരണം ചെയ്തു. 24 വയസ്സുള്ളപ്പോൾ ആണ് വിശ്വംഭരൻ സന്യാസം വരിച്ചത്. തുടർന്ന് ദേശാടനത്തിൽ മുഴുകിയ കൃഷ്ണചൈതന്യ ഭാരതമൊട്ടാകെ സഞ്ചരിച്ചു എ. ഡി 1510 – ൽ മാതാവിനെയും പത്നിയെയും അനുയായിയായ അദ്വൈതാചാര്യയുടെ സംരക്ഷണയിൽ ആക്കിയതിനുശേഷം അദ്ദേഹം ഒറീസയിലെ പുരിയിലേക്കു പുറപ്പെട്ടു. കഠിനമായ ഈ പദയാത്രയിൽ നിത്യാനന്ദ, ദാമോദർ പണ്ഡിറ്റ്, ജഗദാനന്ദ, മുകുന്ദദത്ത തുടങ്ങിയ ശിഷ്യൻമാർ അദ്ദേഹത്തെ അനുഗമിച്ചു. പുരിയിൽ വളരെ കുറച്ചു ദിവസങ്ങൾ മാത്രമെ അവർ തങ്ങിയുള്ളു. നാട്ടിൽ മടങ്ങിയെത്തിയപ്പോൾ വീണ്ടും പുരിയിലെ ജഗന്നാഥസ്വാമിയെ വന്ദിക്കാൻ ആഗ്രഹമുദിച്ചു. തൊട്ടടുത്ത വർഷവും കൃഷ്ണചൈതന്യ അനുയായികൾക്കൊപ്പം പുരിയിലെത്തി ജഗന്നാഥസ്വാമിയെ വന്ദിച്ചു. ക്രമേണ പുരിയിലേക്ക് ഒരു വാർഷിക തീർത്ഥയാത്ര പതിവായി. കൃഷ്ണചൈതന്യയുടെ തുടരെത്തുടരെയുള്ള വരവ് പുരിയിൽ വൈഷ്ണവതരംഗങ്ങളുയർത്തി. ഒട്ടേറെ പ്രമുഖർ ചൈതന്യയുടെ ഗൗഡിയാമതത്തിൽ ചേർന്നു.





ദക്ഷിണദിക്കുകളിലേക്കായിരുന്നു ചൈതന്യയുടെ മറ്റൊരു പദയാത്ര. ആന്ധ്രയിലെത്തിയ അദ്ദേഹം ഗോദാവരീതീരത്തുവെച്ച് രാമാനന്ദരായർ എന്ന പണ്ഡിതനെ കണ്ടുമുട്ടി. രാമാനന്ദർക്കൊപ്പം കുറച്ചുദിവസം തങ്ങിയതിനിടെ ആന്ധ്രയിലെ ഒട്ടുമിക്ക ക്ഷേത്രങ്ങളും സന്ദർശിച്ചു. അവിടെനിന്നു പുറപ്പെട്ട് കർണ്ണാടകയിലുടനീളം ക്ഷേത്രാടനം നടത്തുകയും മഹാരാഷ്ട്രയിലെത്തുകയും ചെയ്തു. മഹാരാഷ്ട്രയിലെ വാർക്കരി കേന്ദ്രമായ പണ്ഡർപൂർക്ഷേത്രം സന്ദർശിച്ച് വിഠോബയെ വന്ദിച്ചു. മഹാരാഷ്ട്രയിലെ ക്ഷേത്രാടനം കഴിഞ്ഞ് നേരേ ഗുജറാത്തിലേക്കു പോയി. ഗുജറാത്തിലെ ക്ഷേത്രങ്ങൾ സന്ദർശിച്ചതിനുശേഷം വീണ്ടും ഒറീസയിലെത്തി. തീർത്ഥാടനം നടത്തിയ ദിക്കുകളിലെല്ലാം അദ്ദേഹത്തിന്റെ സുഭാഷിതങ്ങൾ ശ്രവിക്കാൻ ആരാധകർ തടിച്ചുകൂടി. അവർ അദ്ദേഹത്തിനു വൻവരവേൽപ്പു നൽകുകയും ചെയ്തു. തീർത്ഥയാത്രയുടെ അടുത്തഘട്ടത്തിൽ ചൈതന്യ ശ്രീകൃഷ്ണന്റെ കേദാരഭൂമിയായ വൃന്ദാവനം സന്ദർശിച്ചു. വ്രജഭൂമിനിവാസികൾക്ക് പ്രഭുവിന്റെ സന്ദർശനം ഉൽസവമായി. ഈ വരവിൽ ബ്രാഹ്മണമേധാവിത്വത്തിന് ഇളക്കംതട്ടി. ജനങ്ങൾ ചൈതന്യയുടെ സിദ്ധാന്തങ്ങളെ ഉൾക്കൊണ്ടു. വൃന്ദാവനത്തിൽനിന്നു പ്രയാഗിലെത്തിയ ചൈതന്യ ത്രിവേണീസ്നാനം കഴിച്ചു. കാശിയിലെത്തി വിശ്വനാഥ ദർശനവും കഴിച്ചു.എ.ഡി. 1515 ൽ വീണ്ടും പുരിയിലെത്തിച്ചേർന്ന ചൈതന്യ മഹാപ്രഭു അവിടെ നീലാചലത്തിൽ സ്ഥിരമായി വസിക്കാനുറച്ചു.തനുവും മനവും മറന്ന്, ബാഹ്യപ്രപഞ്ചത്തെ വിസ്മരിച്ചുകൊണ്ടാണ് അദ്ദേഹം നീലാചലത്തിൽ വസിച്ചുപോന്നത്. വർഷവും വേനലുമറിയാതെ, പ്രകൃതിയുടെ ഭാവമാറ്റത്തിൽ ഉൽക്കണ്ഠപ്പെടാതെ, വികാരവിചാരങ്ങളില്ലാത്ത ഒരു ജീവിതം ! കൃഷ്ണഗീതങ്ങൾ പാടിയും ഭക്തിയിൽ സ്വയംമറന്ന് നൃത്തം ചെയ്തും സ്വർഗീയമായ അനുഭൂതിയിലലിഞ്ഞു ചേർന്നു. ഒരുനാൾ ഇത്തരമൊരു ഉന്മാദാനുഭൂതിയിൽ ആശ്രമം വിട്ടോടിയ കൃഷ്ണചൈതന്യ സമുദ്രത്തിലേക്കു പ്രവേശിക്കുകയും ജലസമാധിയടയുകയും ചെയ്തു എന്നത്രേ ഐതിഹ്യം ! അന്ന് അദ്ദേഹത്തിന് കേവലം നാൽപത്തെട്ടു വയസ്സായിരുന്നു പ്രായം. എ.ഡി. 1533 ലാണ് ഈ സ്വർഗാരോഹണമുണ്ടായത്.

**2)നിത്യാനന്ദ**

ചൈതന്യമഹാപ്രഭുവിന്റെ അനുയായികളിൽ പ്രമുഖരായ രണ്ടുപേരുണ്ട്; അദ്വൈതാചാര്യയും നിത്യാനന്ദയും. അനുയായികൾ എന്നതിനേക്കാളുപരി സഹപ്രവർത്തകർ എന്നത്രേ ഗൗഡിയ പ്രസ്ഥനത്തിന്റെ രേഖകൾ ഇരുവരെയും വിശേഷിപ്പിക്കുന്നത്. രണ്ടുപേരും പ്രായംകൊണ്ട് ചൈതന്യയെക്കാൾ മുതിർന്നവരായിരുന്നു.ജഗന്നാഥസ്വാമിയെ ഉപാസിച്ചുകൊണ്ട് ചൈതന്യ പുരിയിൽ ആസ്ഥാനമുറപ്പിച്ചതോടെ ബംഗാളിൽ വൈഷ്ണവസിദ്ധാന്തം പ്രചരിപ്പിക്കുന്നതിന്റെ ഉത്തരവാദിത്തം നിത്യാനന്ദ സ്വയം ഏറ്റെടുത്തു. പണ്ഡിത് ഹദായി
ഓദ്ധ എന്ന മൈഥിലി ബ്രാഹ്മണന്റെയും പത്മാവതിയുടെയും പുത്രനായി എ.ഡി. 1474 ൽ ഏകചക്ര (ഇന്നത്തെ വെസ്റ്റ്ബംഗാളിലെ ബിർഭ്രം ജില്ലയിലെ ഒരു കൊച്ചുഗ്രാമം) എന്ന ഗ്രാമത്തിലാണ് നിത്യാനന്ദ ഭൂജാതനായത്. ബാല്യം മുതൽക്കുതന്നെ മനസിൽ ഈശ്വരഭക്തിയുറച്ചു. ഈശ്വര സങ്കീർത്തനങ്ങൾ മധുരമായി ആലപിക്കാൻ അദ്ദേഹത്തിന് ജന്മസിദ്ധമായ കഴിവുണ്ടായിരുന്നു. ഗ്രാമത്തിൽ ഇടക്കിടെ അരങ്ങേറിയിരുന്ന രാമായണ നാടകങ്ങളിൽ സ്ഥിരമായി ലക്ഷ്മണന്റെ ഭൂമിക കൈകാര്യം ചെയ്തു പോന്നു.

ഇതിനിടെ ഏകചക്രയിൽ ലക്ഷ്മീപതീതീർത്ഥ എന്നൊരു സന്യാസി വന്നുചേർന്നു. അദ്ദേഹം ഒരു സഞ്ചാരിയായിരുന്നു. നിത്യാനന്ദയുടെ പിതാവായ ഹദായി പണ്ഡിറ്റ് സന്യാസിക്കു താമസിക്കാൻ സ്വഗൃഹത്തിൽ സൗകര്യമൊരുക്കി. ബാലനായ നിത്യാനന്ദ സന്യാസിക്കു വേണ്ടുന്ന സേവനങ്ങൾ ചെയ്തുപോന്നു. ആറുമാസത്തെ താമസത്തിനുശേഷം സന്യാസി യാത്ര പുറപ്പെട്ടു. അവിടുന്ന് ആവശ്യപ്പെടുന്നതെന്തും തരാൻ ഞാൻ തയ്യാറാണ് എന്നു പറഞ്ഞുകൊണ്ട് ഹദായി പണ്ഡിറ്റ് സന്യാസിയെ നമസ്കരിച്ചു. എങ്കിൽ താങ്കളുടെ പുത്രൻ നിത്യാനന്ദയെ നമ്മോടൊപ്പം അയക്കുക. മഹാക്ഷേത്രങ്ങൾ സന്ദർശിക്കാനുള്ള തീർത്ഥയാത്രയിൽ അവൻ നമുക്ക് ഒരു കൂട്ടായിരിക്കും ! സന്യാസി പറഞ്ഞു. ഹദായി പണ്ഡിറ്റ് നടുങ്ങിപ്പോയി. കേവലം പതിമൂന്നു വയസുമാത്രം പ്രായമുള്ള പൊന്നോമനപ്പുത്രനെ പദയാത്രക്കു വിടുന്ന കാര്യം അദ്ദേഹത്തിനു സങ്കൽപ്പിക്കാൻ പോലുമായില്ല. വാക്കുകൊടുത്തുപോയതുകൊണ്ടു മാത്രം മനസ്സില്ലാമനസ്സോടെ അദ്ദേഹം നിത്യാനന്ദയെ ലക്ഷ്മീപതി തീർത്ഥയോടൊപ്പം അയച്ചു. ഈ തീർത്ഥയാത്ര നിത്യാനന്ദയിൽ ആത്മീയവീര്യം നിറച്ചു. ലക്ഷ്മീപതീതീർത്ഥയിൽ നിന്ന് അദ്ദേഹം ദീക്ഷ സ്വീകരിച്ചു. സന്യാസിയുടെ മറ്റു ശിഷ്യന്മാരായ മാധവേന്ദ്രപുരി, അദ്വൈതാചാര്യ, ഈശ്വരപുരി തുടങ്ങിയവരുമായി ഇടപഴകാൻ അവസരമുണ്ടായതും നല്ലൊരനുഭവമായി. വൈഷ്ണവ പ്രസ്ഥാനത്തിന്റെ മറ്റനേകം ആചാര്യന്മാരെ പരിചയപ്പെടാനും ഈ പദയാത്ര ഉപകരിച്ചു. ഒരിക്കൽ കൃഷ്ണനാമം ജപിച്ചുകൊണ്ട് തെരുവീഥിയിലൂടെ നടക്കവെ, ജഗായ്

എന്നും മധായ് എന്നും പേരുകളുള്ള രണ്ടു മദ്യപാനികൾ അദ്ദേഹത്തെ ആക്രമിച്ചു. അവർ ഒരു മൺപാത്രമെടുത്ത് നിത്യാനന്ദയുടെ തലക്കുനേരെ വീശിയെറിഞ്ഞു. അദ്ദേഹത്തിന്റെ നെറ്റിപൊട്ടി ചോരവാർന്നു. വിവരമറിഞ്ഞ ചൈതന്യ കുപിതനായി. മദ്യപാനികളെ വകവരുത്താൻ അദ്ദേഹം ആയുധമെടുത്തു. എങ്കിലും നിത്യാനന്ദയുടെ അപേക്ഷപ്രകാരം ആയുധം പിൻവലിച്ചു . മനംമാറ്റമുണ്ടായ ജഗായും മധായും ചൈതന്യമഹാപ്രഭുവിന്റെ കാലടികളിൽ ശരണം തേടി വിഷ്ണുമതാനുയായികളായി.

സൂര്യദാസ സരഖേല എന്ന ബ്രാഹ്മണന്റെ പുത്രിമാരായ വസുധയെയും ജാഹ്നവിയെയും നിത്യാനന്ദ പരിണയം ചെയ്തു. വിവാഹശേഷം അദ്ദേഹം ഖർദഹ എന്ന ഗ്രാമത്തിൽ സ്ഥിരതാമസം തുടങ്ങി. വസുധയിൽ വീരചന്ദ്ര (വീരഭദ്ര) എന്ന പുത്രനും ഗംഗ എന്ന പുത്രിയും ജനിച്ചു. വൈഷ്ണവ മതപ്രചാരകയായ ജാഹ്നവിയാണ് പിൽക്കാലത്ത് വീരചന്ദ്രക്കു ദീക്ഷ നൽകിയത്. ഭക്തിമാർഗത്തിലൂടെ അസമത്വത്തെ ഇല്ലാതാക്കുകയായിരുന്നു നിത്യാനന്ദയുടെ ലക്ഷ്യം. ഭാരതത്തിന്റെ പൂർവ്വദിക്കുകളിൽ അതിവിപുലമായ സാമൂഹ്യപരിവർത്തനത്തിനു വഴികാട്ടികളായ ചൈതന്യമഹാപ്രഭുവും നിത്യാനന്ദയും ഭക്തരെ സംബന്ധിച്ചിടത്തോളം ശ്രീകൃഷ്ണനും ബലരാമനുമാണ്. ബലരാമനും ശ്രീകൃഷ്ണനും 'രാമകൃഷ്ണൻമാർ' എന്നറിയപ്പെട്ടിരുന്നതുപോലെ നിത്യാനന്ദയും ചൈതന്യമഹാപ്രഭുവും 'ഗൗര-നിതായ്' എന്നറിയപ്പെടുന്നു. അദ്വൈതാചാര്യ, നിത്യാനന്ദ, ചൈതന്യ മഹാപ്രഭു, ഗംഗാധര പണ്ഡിറ്റ്, ശ്രീവാസ എന്നിവർ ഗൗഡിയ വൈഷ്ണവ പ്രസ്ഥാനത്തിലെ പഞ്ചതത്വ എന്നറിയപ്പെടുന്നു. ഒറീസ്സയിൽ ചൈതന്യ മഹാപ്രഭു കൊളുത്തിവെച്ച കെടാവിളക്കിനെ സംരക്ഷിക്കാൻ 'പഞ്ചസഖാക്കൾ' എന്നറിയപ്പെടുന്ന അഞ്ച് ആചാര്യന്മാരുണ്ടായി – ജഗന്നാഥദാസ, വലേഥദാസ, അച്യുതാനന്ദ, ആനന്ദ, യശോതൻതദാസ എന്നിവരായിരുന്നു അവർ. സംസ്കൃതപണ്ഡിതന്മാരായിരുന്നെങ്കിലും ഒറിയാഭാഷയിലാണ് അവർ കൃതികൾ രചിച്ചത്. സാധാരണക്കാരെ സ്വാധീനിച്ചു എന്നു മാത്രമല്ല ഒറിയാഭാഷയുടെ വികാസത്തിനും വളർച്ചക്കും ഇത് ഗുണം ചെയ്തു. സനാതൻ, രൂപ് ഗോസ്വാമി എന്നിവർ ചൈതന്യയുടെ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കാൻ വൃന്ദാവനത്തിലേക്കു പോയി. ഇവരെ കൂടാതെ ഗോപാൽഭട്ട്, രഘുനാഥ്ദാസ്, രഘുനാഥ്ഭട്ട്, ജീവഗോസ്വാമി എന്നീ ഋഷികവിമാരും ചൈതന്യസിദ്ധാന്തങ്ങൾക്കു പ്രചാരം നൽകി. പിൽക്കാലത്ത് രാമറായ്, സൂർദാസ് മദൻ മോഹൻ, ചന്ദ്രഗോപാൽ, രാധികാനാഥ്, ഭഗവാൻ ദാസ്, മാധവദാസ് മാധുരി, ഭഗവത്മുദിത്ജി, ശ്രീവല്ലഭരസിക്, മനോഹർറായ്, പ്രിയാദാസ്, വൃന്ദാവൻജി, സുബൽശ്യാം, വൈഷ്ണവ്ദാസ് രസജാനി, ഗുണമഞ്ജരീദാസ്, ലളിത് കിശോരി, ലളിത് മാധുരി തുടങ്ങിയ ഒട്ടേറെ ഭക്തകവികൾ ഗൗഡിയാ മതത്തിന്റെ പ്രചാരകരായി വർത്തിച്ചു.

(തുടരും)

കവിത

# താളം

കെ.ജി.മോഹൻദാസ്

ഭൂമിക്കൊരു താളം
പുഴയൊകുന്ന താളം
മാരിചൊരിയുന്ന താളം
മേഘഗർജ്ജന താളം
അന്നനട താളം
ആന നട താളം
ആനന്ദ നടന താളം
നടരാജ നടന താളം
മേളത്തിനു താളം
ആട്ടത്തിനു താളം
നാട്യത്തിനു താളം
ലാസ്യ നടന താളം
മന്ദ ഗമന താളം
ദ്രുത ഗമന താളം
അലസ ഗമന താളം
ഹൃദയ താളം
സംഗീത താളം
സരിഗ സരിഗമ ത്രിപുട താളം
നിശ്രജാതി ത്രിപുട താളം
ആദിതാളം ത്രിപുട താളം
ലഘുദ്രുതദ്രുത താളം
ചതുരശ്രജാതി ത്രിപുട താളം
ലഘുമാത്ര മേക താളം
ദ്രുതം ലഘു രൂപക താളം
ലഘുദ്രുതം ലഘുലഘു ധ്രുവതാളം
ലഘുദ്രുതം ലഘുമഠ്യതാളം
ലഘു ലഘു ദ്രുതംദ്രുതം അടതാളം
സരിഗ സരി സരി ഗമാ ത്സംപതാളം
പുഴയൊഴുകുന്ന താളം
മഴപൊഴിയുന്ന താളം
ഭൂമിയുടെ താളം
മേഘ ഗർജ്ജന താളം





ക്ഷേത്രങ്ങളിലൂടെ

# പന്നിയൂർ ശ്രീവരാഹമൂർത്തിക്ഷേത്രം

**ഇന്ദിരാഭായി (ഫോൺ: 80785 52892)**

ഭിന്നാഞ്ജനശ്യാമ ധനുർധരിത്രീ
മാശ്ലീഷ്യപോത്രേണ നിജേനജിഘ്രൻ
ശംഖാബ്ജ ചക്രാൻ സഗദാൻ ദധാന :
പായാദപായാത് പ്രഥമോ വരാഹ :

ഭഗവാൻ മഹാവിഷ്ണുവിന്റെ പത്ത് അവതാരങ്ങളിൽ മൂന്നാമത്തെ അവതാരമായ വരാഹമൂർത്തി കുടികൊള്ളുന്ന ഒരു അതിപുരാതന ക്ഷേത്രമാണ് പന്നിയൂർ ശ്രീവരാഹമൂർത്തി ക്ഷേത്രം. കുണ്ഠതകൾ വിട്ടൊഴിഞ്ഞ പുരമെന്ന വൈകുണ്ഠപുരവാസിയായ ഭഗവാൻ വരാഹമൂർത്തിയായി ഭൂലോകവാസികൾക്കനുഗ്രഹം നൽകിക്കൊണ്ടു വാഴുന്ന ഒരു പുണ്യക്ഷേത്രമാണ് പന്നിയൂർ ക്ഷേത്രം. പാലക്കാട് ജില്ലയിലെ പന്നിയൂർ എന്ന ഗ്രാമത്തിലാണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. കേരളത്തിന്റെ രക്ഷക്കായി പരശുരാമനാണ് ഈ ക്ഷേത്രം സ്ഥാപിച്ചത് എന്നാണ് വിശ്വാസം. തച്ചുശാസ്ത്രകുലപതിയും ഉളികൊണ്ട് മരത്തിൽ കരവിരുതിന്റെ കവിതകൾ രചിക്കുകയും ചെയ്തിരുന്ന സാക്ഷാൽ പെരുന്തച്ചൻ, പുനരുദ്ധാരണക്കാലത്ത് ശ്രീകോവിലിന്റെ മേൽക്കൂരപണി തീർക്കുകയും കേരളത്തിൽ ഏറ്റവും വലിയ കൂത്തമ്പലം പണിയുകയും ചെയ്ത ക്ഷേത്രമാണ് പന്നിയൂർ ശ്രീവരാഹമൂർത്തിക്ഷേത്രം. ഈ ക്ഷേത്രത്തിന് 4000 ത്തിലേറെ വർഷങ്ങളുടെ പഴക്കമുണ്ടെന്നു വിശ്വസിക്കുന്നു. 3000 വർഷക്കാലത്തോളം പന്നിയൂർ വരാഹമൂർത്തിക്ഷേത്രത്തെ കേരളക്കരയിലെ, പ്രധാന ക്ഷേത്രമായാണ് കരുതപ്പെട്ടിരുന്നത്. കേരളക്കരയിൽ പരശുരാമൻ സ്ഥാപിച്ച 32 ബ്രാഹ്മണഗ്രാമങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഗ്രാമമായിരുന്നു പന്നിയൂർ. പാലക്കാടു ജില്ലയിൽ ആനക്കര പഞ്ചായത്തിൽ കുറ്റിപ്പുറം തൃത്താല റൂട്ടിൽ കുമ്പിടിക്കടുത്താണ് പന്നിയൂർ ഗ്രാമവും ശ്രീവരാഹമൂർത്തി ക്ഷേത്രവും സ്ഥിതി ചെയ്യുന്നത്.

സനകാദിമഹർഷിമാർ ഭഗവാൻ മഹാവിഷ്ണുവിനെ കാണുവാനെത്തിയപ്പോൾ ഗോപുര കവാടത്തിൽ വച്ച് ജയവിജയന്മാർ അവരെ അനാദരിച്ചു. കോപിഷ്ടരായ മഹർഷിമാർ അവരെ രാക്ഷസന്മാരായി തീരട്ടെയെന്നു ശപിച്ചു. ഭഗവാൻ മഹാവിഷ്ണുവിന്റെ തൃക്കരങ്ങളാൽ നിഗ്രഹിക്കപ്പെടുമ്പോൾ ശാപമോക്ഷം ലഭിക്കും എന്നനുഗ്രഹിക്കുകയും ചെയ്തു. കശ്യപമഹർഷിക്കും ദിതിക്കും ജനിച്ച പുത്രന്മാരാണ് ഹിരണ്യകശിപുവും ഹിരണ്യാക്ഷനും. ജയവിജയന്മാർ കശ്യപപുത്രന്മാരായി ലോകോപദ്രവങ്ങൾ തുടങ്ങുകയും ചെയ്തു. ഒരിക്കൽ ഹിരണ്യാക്ഷൻ സമുദ്രത്തിലിറങ്ങി തന്റെ ഗദകൊണ്ട് തിരമാലകളെ താഡനം ചെയ്തുകൊണ്ടിരുന്നു. ഇതുകണ്ട് വരുണദേവൻ ഭയപ്പെട്ടു. ഭയചകിതനായ വരുണദേവൻ മഹാവിഷ്ണു സവിധത്തിൽ അഭയം തേടി. ഭഗവാൻ മഹാവിഷ്ണു വരാഹവേഷം പൂണ്ട് സമുദ്രാന്തർ ഭാഗത്തെത്തി. മഹാവിഷ്ണുവിനെ കണ്ട ഹിരണ്യാക്ഷൻ ഭൂഗോളത്തെ കയ്യിലേന്തി പാതാളത്തിലേക്കു പലായനം ചെയ്തു. ഭഗവാൻ മഹാവിഷ്ണു വരാഹരൂപിയായി പാതാളത്തിലെത്തി ഹിരണ്യാക്ഷനെ വധിച്ച് ഭൂലോകത്തെ വീണ്ടെടുത്തു. വരാഹമൂർത്തി ഭൂഗോളത്തെ തന്റെ തേറ്റമേൽ ഉയർത്തി രക്ഷിച്ചു എന്നാണ് ഐതിഹ്യം.

പരശുരാമൻ ക്ഷത്രിയ നിഗ്രഹണം നടത്തിയതിന്റെ പാപഭാരത്താൽ പശ്ചാത്തപിക്കുകയും അദ്ദേഹം നേടിയെടുത്തതെല്ലാം കശ്യപനു ദാനം നൽകുകയും ചെയ്തു. പാപമോചനത്തിനായി തനിക്കു തപസ്സനുഷ്ഠിക്കുവാൻ വരുണദേവനിൽ നിന്നും വീണ്ടെടുത്ത ഭൂവിഭാഗമാണ് കേരളം എന്നാണ് ഐതിഹ്യം. ഈ ഭൂവിഭാഗം ഉയർന്നു വരുന്നതായും ചലിക്കുന്നതായും അദ്ദേഹത്തിനനുഭവപ്പെട്ടു. ഇതു തടയുവാൻ എന്താണൊരു മാർഗ്ഗം എന്നദ്ദേഹം ആലോചിച്ചു. പരശുരാമൻ നാരദമുനിയെ സമീപിച്ചു പരിഹാരമാരാഞ്ഞു. സാക്ഷാൽ വൈകുണ്ഠനാഥനെ സമീപിക്കുവാൻ നാരദമുനി അദ്ദേഹത്തെ ഉപദേശിച്ചു. പരശുരാമൻ നാരദമുനിയുടെ ഉപദേശമനുസരിച്ച് മഹാവിഷ്ണുവിനെ തപസ്സു ചെയ്തു. പരശുരാമന്റെ തപസ്സിൽ സംപ്രീതനായ മഹാവിഷ്ണു പണ്ട് ഭൂമിയെ ഉദ്ധരിക്കുവാനായി അവതരിച്ച തന്റെ വരാഹാവതാര രൂപത്തെ മദ്ധ്യഭാഗത്തു പ്രതിഷ്ഠിച്ചു പൂജിച്ചു കൊള്ളുവാൻ നിർദ്ദേശിച്ചു. അവിടെ തൃമൂർത്തിസാന്നിദ്ധ്യം ഉണ്ടാകും എന്നും അരുളി

ചെയ്തു. ഭഗവാന്റെ ഉപദേശപ്രകാരം പരശുരാമൻ വരുണദേവനിൽ നിന്നും നേടിയെടുത്ത ഭൂമിയുടെ ഒത്ത മദ്ധ്യത്തിലായി ശ്രീവരാഹമൂർത്തിക്കു വേണ്ടി ക്ഷേത്രം പണികഴിക്കുകയും പ്രതിഷ്ഠ നടത്തുകയും ചെയ്തു. അങ്ങനെ കേരളത്തിന്റെ മദ്ധ്യഭാഗത്ത് പരശുരാമൻ വരാഹമൂർത്തിയെ പ്രതിഷ്ഠിച്ചാരാധിച്ച ക്ഷേത്രമാണ് പന്നിയൂർ ശ്രീവരാഹമൂർത്തിക്ഷേത്രം. വിഷ്ണുഭഗവാന്റെ പത്ത് അവതാരങ്ങളിൽ വേദസ്വരൂപനം യജ്ഞപുരുഷനുമായി പ്രകീർത്തിച്ചിരിക്കുന്ന വരാഹമൂർത്തി കുടിക്കൊള്ളുന്ന ഈ ക്ഷേത്രം പരശുരാമ പ്രതിഷ്ഠിതമായ 108 മഹാക്ഷേത്രങ്ങളിലൊന്നാണ്. ഇവിടുത്തെ പൂജാവിധാനങ്ങളെല്ലാം പരശുരാമൻ ചിട്ടപ്പെടുത്തിയതാണ് എന്നും വിശ്വസിക്കുന്നു.

വരാഹമൂർത്തി ഭൂമിദേവീസമേതനായിരിക്കുന്നതാണ് പന്നിയൂർക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠ. രാജാക്കന്മാർ തമ്മിലുള്ള യുദ്ധംമൂലം നൂറ്റാണ്ടുകൾക്കുമുമ്പ് ഈ ക്ഷേത്രം നശിപ്പിക്കപ്പെട്ടിരുന്നു. ദേശക്കാർ തമ്മിലുള്ള തർക്കങ്ങൾക്കിടയിൽ ഒരിക്കൽ ക്ഷേത്രത്തിന് തീപിടിച്ചു എന്നും കേൾവിയുണ്ട്. പന്നിയൂരിൽ നിന്നും അടുത്തകാലത്ത് ലഭിച്ച ശിലാലിഖിതങ്ങളിൽ 1200 വർഷങ്ങൾക്കുമുമ്പ് ക്ഷേത്രവുമായി ബന്ധപ്പെട്ട് പന്നിയൂർ ആയിരം (ആയിരം പേരടങ്ങിയ ഒരു സംഘം) എന്ന പേരിൽ ഒരു സാംസ്കാരിക സംഘടന പ്രവർത്തിച്ചിരുന്നതായും കാണുന്നുണ്ട്. കാലാന്തരത്തിൽ പന്നിയൂർ ക്ഷേത്രം നാമാവശേഷമായി. ഏറെക്കാലം ക്ഷേത്രം ശുകപുരം ഗ്രാമത്തിന്റെ അധീനതയിലായിരുന്നുവെന്നും ശുകപുരം, പന്നിയൂർ എന്നീ ഗ്രാമങ്ങൾ തമ്മിൽ മത്സരങ്ങളുണ്ടായിട്ടുണ്ടെന്നും പറയപ്പെടുന്നുണ്ട്. പണ്ടു കാലത്ത് കേരളത്തിന്റെ ദേവനായാണ് പന്നിയൂരപ്പനെ ആരാധിച്ചിരുന്നത്. ഭൂമി സംബന്ധമായ എല്ലാവിധ ദോഷങ്ങൾക്കും പന്നിയൂരപ്പന്റെ അനുഗ്രഹം പരിഹാരമാകും എന്നാണ് വിശ്വാസം. ഭൂമിയുടെ വാസ്തുദോഷങ്ങളോ ക്രയവിക്രയ തടസ്സങ്ങളോ കോടതി വ്യവഹാരങ്ങളുടെ തടസ്സങ്ങളോ തുടങ്ങി ഭൂമിസംബന്ധമായ എല്ലാ ദോഷങ്ങളും പന്നിയൂർ വരാഹമൂർത്തിയെ പ്രാർത്ഥിച്ചാൽ മാറിക്കിട്ടും എന്നാണ് വിശ്വാസം. ദോഷമുണ്ടെന്നു വിശ്വസിക്കുന്ന ഭൂമിയുടെ നാലതിർത്തികളിൽ നിന്നുമുള്ള ഓരോ പിടി മണ്ണ് വരാഹമൂർത്തിയെ പ്രാർത്ഥിച്ച് ക്ഷേത്രത്തിൽ സമർപ്പിച്ച് ഭൂമി പൂജ നടത്തുക. പൂജകൾക്കു ശേഷം ഈ മണ്ണ് തിരികെ കൊണ്ടു വന്ന് മണ്ണ് എടുത്ത അതേ സ്ഥാനത്തു തന്നെ നിക്ഷേപിക്കുക. വരാഹമൂർത്തിയോടൊപ്പം ഭൂമി ദേവിയുടെ പ്രതിഷ്ഠയും കൂടിയുള്ളതിനാൽ ഇത്തരത്തിൽ ഇവിടെ ഭൂമി പൂജ നടത്തുന്നതിലൂടെ വീടിനും സ്ഥലത്തിനുമുള്ള ദോഷങ്ങൾ നീങ്ങി ഐശ്വര്യമുണ്ടാകുമെന്നു വിശ്വസിക്കുന്നു. ഭൂമിയെ രക്ഷിച്ച് ഭൂമിദേവീസമേതനായി കുടിക്കൊള്ളുന്ന പന്നിയൂരപ്പനു മുന്നിൽ ഭൂമി പൂജ പ്രധാനമാണ്. ജാതകവശാൽ ബുധദശയിൽ ജനിച്ചവർ വരാഹമൂർത്തിയെ ദർശിക്കുന്നത് അതിവിശിഷ്ടമായി കരുതുന്നു. ഇവർക്ക് വിദ്യാലാഭവും ശ്രേയസ്സും വർദ്ധിക്കുമെന്നും ബുധനാഴ്ച ദിവസം ദർശിക്കുന്നത് അത്യുത്തമമെന്നും വിശ്വസിക്കുന്നു. പഠനത്തിൽ പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾ പ്രത്യേകിച്ച് ബുധദശയിൽ ജനിച്ചവർ പന്നിയൂരപ്പന്റെ മുന്നിൽ ബുധനാഴ്ച ദിവസം വിളിച്ചു ചൊല്ലി പ്രാർത്ഥിച്ചാൽ വിദ്യയിൽ ഉന്നതിയുണ്ടാകും എന്നാണ് വിശ്വാസം.

പ്രകൃതിഭംഗിയാലും വാസ്തു വിദ്യകളാലും അനുഗ്രഹീതമായ ഒരു ക്ഷേത്രസങ്കേതമാണ് പന്നിയൂർ ശ്രീവരാഹമൂർത്തിക്ഷേത്രം. അതിവിശാലമായ ക്ഷേത്രാങ്കണവും ക്ഷേത്രപരിസരങ്ങളും ഒരു മനോഹരമായ കാഴ്ചയാണ്. ഒരു ക്ഷേത്രഗ്രാമം എന്നു തന്നെ പറയുന്നതാവും ഉചിതം. വിശാലമായ ക്ഷേത്രവളപ്പിൽ ചുറ്റു മതിലുകളോ വേലിക്കെട്ടുകളോ ഒന്നും ഇവിടെ കാണ്മാനില്ല. നാലുപാടും കൃഷിസ്ഥലങ്ങളും നെൽ വയലുകളും ജലാശയവും ചേർന്ന് അതിവിശാലമായ ഒരു ഭൂവിഭാഗത്തിന്റെ മദ്ധ്യത്തിൽ ഉയരം കൂടിയ ശ്രീകോവിലും മറ്റ് ഉപദേവതാക്ഷേത്രങ്ങളും അവിടവിടെയായി ഉയർന്നു നില്ക്കുന്ന വൃക്ഷങ്ങളും കൂറ്റൻ ആൽമരവും പൊളിഞ്ഞു കിടക്കുന്ന ചില അവശേഷിപ്പുകളും കൂടി ചേർന്ന ഒരു വിശാലമായ പ്രദേശം ഇതാണ് പന്നിയൂർ ക്ഷേത്രാങ്കണത്തിന്റെയും പരിസരങ്ങളുടെയും ദൃശ്യം. ക്ഷേത്രത്തിനടുത്തായി സ്ഥിതി ചെയ്യുന്ന 'തുറ' എന്നറിയപ്പെടുന്ന പന്നിയൂർ കായൽ ഒരു അത്ഭുതമാണ്. ഏതു വേനലിലും വെള്ളം നിറഞ്ഞു കിടക്കുന്ന മനോഹരമായ ഒരു ജലാശയം. വരാഹമൂർത്തിയായ ഭഗവാൻ ഭൂമിയെ ഉയർത്തിക്കൊണ്ടു വന്നതാണ് ഈ തുറയുടെ ഉത്ഭവത്തിനു കാരണമെന്നും ഭഗവാൻ അപ്രത്യക്ഷമായപ്പോൾ ഇവിടെ ജലാശയമായി മാറി എന്നുമാണ് ഐതിഹ്യം. ഏക്കറുകളുടെ വിസ്തൃതിയിൽ പരന്നുകിടക്കുന്ന ഒരു മനോഹരമായ ജലാശയമാണിത്.

ഇവിടെ ഇന്നു കാണുന്ന ക്ഷേത്രപ്പണികൾ പെരുന്തച്ചന്റേതാണ്. ധാരാളം ദേവീദേവന്മാർക്കു വാസസ്ഥാനമൊരുക്കിയ പെരുന്തച്ചൻ അവസാനമായി പണി ചെയ്ത ക്ഷേത്രവും പണിതീരാത്ത ക്ഷേത്രവുമാണ് പന്നിയൂർ ശ്രീവരാഹമൂർത്തി ക്ഷേത്രം. പെരുന്തച്ചൻ തന്റെ മകന്റെ മരണശേഷം ദുഃഖിതനായി നാടും വീടും വിട്ട് ദേശാടനം നടത്തുന്ന കാലം ഒരിക്കൽ പന്നിയൂരിലെത്തി. പന്നിയൂർ ക്ഷേത്രത്തിന്റെ പുനരുദ്ധാരണം നടക്കുന്ന സമയത്തായിരുന്നു തച്ചൻ അവിടെയെത്തിയത്. അവിടെ ആശാരിമാർ ക്ഷേത്രപുനരുദ്ധാരണത്തിനുള്ള മരപ്പണികൾ ചെയ്തുകൊണ്ടിരിക്കുന്നതു കണ്ട് അദ്ദേഹം കുറെ സമയം അവരുടെ പണികൾ വീക്ഷിച്ചു കൊണ്ടിരുന്നു. മകന്റെ മരണത്തിന് താൻ കാരണക്കാരനായതോർത്ത് സങ്കടപ്പെട്ടിരുന്ന തച്ചൻ ഒരു പ്രാകൃതവേഷത്തിലായിരുന്നു അവിടെയെത്തിയത്. ഭക്ഷണസമയമായപ്പോൾ ആശാരിമാരെല്ലാവരും ഭക്ഷണം കഴിക്കുന്നതിനായി എഴുന്നേറ്റുപോയി. തച്ചനെ വിളിച്ചുമില്ല. തന്റെ കുലത്തിൽ പെട്ടവരാണെങ്കിലും ആതിഥ്യമര്യാദപോലും തന്നോടു കാട്ടിയില്ലല്ലോ എന്നു തച്ചൻ കുണ്ഠിതപ്പെട്ടു. തച്ചൻ അവരുടെ പണിപ്പുരയിൽ കണ്ട കഴുക്കോലുകളിൽ ഓരോ വര വരച്ചിട്ടു പോയി. ആശാരിമാർ അടയാളപ്പെടുത്തിയിരുന്ന അടയാളങ്ങൾ നോക്കി മുറിച്ച് പണി ചെയ്യുകയും ചെയ്തു. മേല്ക്കൂര കൂട്ടുന്ന സമയം തങ്ങൾക്കു തെറ്റുപറ്റി എന്ന് മനസ്സിലാക്കിയ പണിക്കാർ വിഷമിച്ചു. രാത്രി പണിക്കാരെല്ലാവരും ഉറങ്ങിയ സമയം നോക്കി പെരുന്തച്ചൻ അവിടെ എത്തുകയും കഴുക്കോലുകൾ ശരിയാക്കി മേൽക്കൂരയുടെ കൂടം പിടിപ്പിക്കുകയും ചെയ്തു. ഉളി തട്ടുന്ന ശബ്ദം കേട്ടുണർന്ന ആശാരിമാർ നോക്കുമ്പോൾ അവർ പകൽ കണ്ട പ്രാകൃത വേഷക്കാരനെ മേൽക്കൂരയിൽ കണ്ടു. ആശാരിമാർ തങ്ങൾക്കു പറ്റിയ തെറ്റു മനസ്സിലാക്കുകയും തങ്ങൾ അവഗണിച്ച പ്രാകൃത വേഷധാരിയായ മനുഷ്യൻ സാക്ഷാൽ പെരുന്തച്ചനായിരുന്നു എന്നും അദ്ദേഹമാണ് അളവുകൾ മാറ്റി വരച്ചതെന്നും മനസ്സിലാക്കിയ പണിക്കാർ പെരുന്തച്ചനോടു മാപ്പപേക്ഷിച്ചു. പിന്നീട് പെരുന്തച്ചനെ അവരുടെ മൂത്താശാരിയാക്കി പണികൾ നടത്തുകയും ചെയ്തു. അന്നു മുതൽ ആശാരിമാർ ഭക്ഷണ സമയം കൂടെയുള്ളവരെ ക്ഷണിക്കാതെ ഭക്ഷണം കഴിക്കാൻ പോകില്ല എന്നൊരു ചിട്ടയും അവർക്കിടയിൽ ഉണ്ടായി. തച്ചൻ മൂത്താശാരിയുടെ സ്ഥാനത്തു നിന്ന് പണികളെല്ലാം വേഗത്തിൽ ഭംഗിയായി ചെയ്തു തീർക്കുന്നതു കണ്ട് ആശാരിമാർ സങ്കടപ്പെട്ട് തച്ചനോട് ഞങ്ങളെ പട്ടിണിയാക്കല്ലേ എന്നപേക്ഷിച്ചു. ഇവിടുത്തെ പണികൾ കൊണ്ടാണ് ഞങ്ങൾ ജീവിക്കുന്നത്. പെട്ടെന്നു പണികൾ തീർന്നാൽ ഞങ്ങൾ പട്ടിണിയാകും എന്നും അദ്ദേഹത്തോടു പറഞ്ഞു. തച്ചൻ അവരോട് നിങ്ങൾ വിഷമിക്കേണ്ട പന്നിയൂരമ്പലത്തിന്റെ പണി മുടിയില്ല. മക്കളെ നമ്മുടെ കുലത്തിലൊരുവന് എന്നും ഇവിടെ പണിയുണ്ടാകും എന്നവരെ സമാധാനിപ്പിച്ച് തച്ചൻ തന്റെ ഉളിയും മുഴക്കോലും അവിടെ തന്നെ ഉപേക്ഷിച്ച് അവിടെ നിന്നും പോയി. ഈ ഉളിയും മുഴക്കോലും പിൻഗാമികൾ സൂക്ഷിച്ചു പോന്നു. തച്ചൻ അന്ന് ഉപേക്ഷിച്ചുപോയ ഉളിയും മുഴക്കോലുമാണ് പന്നിയൂരമ്പലത്തിൽ ഇന്നും കാണപ്പെടുന്നത് എന്നു വിശ്വസിക്കുന്നു.

പെരുന്തച്ചൻ പന്നിയൂർ ക്ഷേത്രത്തിൽ ഒരു കൂത്തമ്പലം നിർമ്മിച്ചു. കൂത്തമ്പലത്തിന്റെ പണികളിൽ തന്റെ കഴിവുകളെ പരമാവധി വിനിയോഗിച്ചാണ് തച്ചൻ പണികൾ ചെയ്തിരുന്നത്. കൂത്തമ്പലത്തിന്റെ പണി പൂർത്തിയാകാറായപ്പോൾ ഒരു നാൾ ദേവേന്ദ്രനും ഇന്ദ്രാണിയും തച്ചൻ പണിതീർത്ത കൂത്തമ്പലം കാണുവാനെത്തി. ദേവലോകത്തെ അപ്സരസ്സുകളുടെ നൃത്തസദസ്സിനെ വെല്ലുന്ന കൂത്തമ്പലം കണ്ട് ദേവേന്ദ്രന് അത്ഭുതവും അല്പം അസൂയയും തോന്നി. ദേവേന്ദ്രൻ കൂത്തമ്പലത്തിന്റെ ഒരു മൂല പിടിച്ചു കുലുക്കി കേടു വരുത്തി. അടുത്ത ദിവസം രാവിലെ തച്ചൻ കൂത്തമ്പലത്തിന്റെ തകർന്ന ഭാഗം നേരെയാക്കി. രാത്രി ദേവേന്ദ്രൻ അടുത്ത ഭാഗം കേടു വരുത്തി. തച്ചൻ അതും ശരിയാക്കി. ഓരോ ദിവസവും ദേവേന്ദ്രൻ ഇങ്ങനെ തകർക്കുകയും തച്ചൻ പണി ചെയ്ത് നേരെയാക്കുകയും ചെയ്തുകൊണ്ടിരുന്നു. ദിവസവും ഇങ്ങനെ പൊളിഞ്ഞ ഭാഗം ശരിയാക്കി തച്ചൻ നിരാശനും അക്ഷമനുമായി. കൂത്തമ്പലത്തിന്റെ പണി പൂർത്തിയാക്കാൻ സാധിക്കാതെ വിഷമവും ദേഷ്യവും നിരാശയും മൂലം തച്ചൻ പന്നിയൂരമ്പലം 'പണി മുടിയില്ല' എന്നു പറഞ്ഞ് ഉളിയും മുഴക്കോലും അവിടെത്തന്നെ ഉപേക്ഷിച്ച് പണി നിർത്തിപോയി എന്നാണ് മറ്റൊരു ഐതിഹ്യം. ഐതിഹ്യം എന്തു തന്നെയായാലും ഈ കൂത്തമ്പലത്തിന്റെ പൊളിഞ്ഞു പോയ തറയും പടിക്കെട്ടുകളും ഒരു തൂണും മാത്രമാണ് ഇന്നവശേഷിക്കുന്നത്. ഈ പൊളിഞ്ഞ കൂത്തമ്പലത്തറയിൽ ഇന്ന് വൃക്ഷങ്ങൾ വളർന്നു നില്ക്കുന്നതും കാണാം. മഹാത്മക്കളുടെയും ഗുരുക്കന്മാരുടെയും ശാപം ഫലിക്കാതിരിക്കുമോ ? പന്നിയൂരമ്പലത്തിന്റെ നേർക്കാഴ്ചകൾ കാണുന്നവർ ഫലിക്കും എന്നു തന്നെ വിശ്വസിച്ചു പോകും. പന്നിയൂർ ഗ്രാമത്തെ വിറപ്പിച്ച ഒരു യക്ഷിയെ ഒരു യോഗീശ്വരൻ കൂത്തമ്പലത്തിന്റെ കരിങ്കൽ തൂണിൽ തളച്ചിട്ടു എന്നും വിശ്വസിക്കുന്നു. ഈ കരിങ്കൽ തൂണ് ഇന്നും കാണാം. യക്ഷിയമ്മയുടെ സാന്നിദ്ധ്യവും

ഈ ക്ഷേത്രത്തിൽ ഉണ്ട്. ഉളിയും മുഴക്കോലും ഉപേക്ഷിച്ച തച്ചൻ പിന്നീട് ചെങ്ങന്നൂർ മഹാദേവക്ഷേത്ര സന്നിധിയിലെത്തി. ചെങ്ങന്നൂർ മഹാദേവക്ഷേത്രത്തിന്റെയും ശില്പി പെരുന്തച്ചനായിരുന്നു. അദ്ദേഹം ആ തിരുനടയിൽ പ്രാർത്ഥിച്ച് തനിക്ക് ഇനിമേലിൽ തച്ചൻ പണി വേണ്ട എന്നു സത്യം ചെയ്ത് ശിഷ്ടകാലം സന്യാസജീവിതം നയിച്ചു എന്നതും ഒരു ചരിത്ര സത്യം.

600 വർഷങ്ങൾക്കുമുമ്പ് ജീവിച്ചിരുന്ന അപ്പത്ത് അടീരി എന്ന ഒരു പണ്ഡിതൻ ചെമ്പു തകിടിൽ വട്ടെഴുത്തിൽ എഴുതിയ ആത്മകഥയും ചില പ്രവചനങ്ങളും ഈ അടുത്ത കാലത്ത് കണ്ടുകിട്ടിയിട്ടുണ്ട്. 12 വർഷം പരമശിവനെ തപസ്സു ചെയ്ത് പ്രത്യക്ഷപ്പെടുത്തിയ പണ്ഡിതന്റെ പ്രവചനം അനുസരിച്ച് പന്നിയൂർ ക്ഷേത്രം വീണ്ടും പ്രശസ്തിയിലേക്കെത്തും എന്നു കാണുന്നു. ആപത്ഘട്ടങ്ങളിൽ പന്നിയൂരപ്പൻ രക്ഷാകവചമായി കാത്തു രക്ഷിക്കും എന്നാണ് ഭക്തജനങ്ങളുടെ വിശ്വാസം.

പന്നിയൂർ ക്ഷേത്രത്തിലെ പ്രധാന ശ്രീകോവിലിൽ ഭൂമീദേവീസമേതനായ വരാഹമൂർത്തി പ്രതിഷ്ഠയാണ്. തൊട്ടടുത്തു തന്നെയുള്ള മറ്റൊരു ശ്രീകോവിലിൽ ലക്ഷ്മിനാരായണ പ്രതിഷ്ഠയുണ്ട്. ഈ നടയിലാണ് അഭീഷ്ഠസിദ്ധി പൂജ നടക്കുന്നത്. പ്രധാന ശ്രീകോവിൽ അടുത്ത കാലത്തായി പുതുക്കി പണിതതാണ്. രണ്ടു നിലകളുള്ള ഈ ശ്രീകോവിൽ മരത്തിൽ തീർത്ത കൊത്തു പണികളാൽ മനോഹരമാക്കിയതും ചെമ്പു മേഞ്ഞതുമാണ്. കേന്ദ്രസർക്കാരിന്റെ പൈതൃകടൂറിസം പദ്ധതിയുടെ ഭാഗമായി ഈ ക്ഷേത്രത്തേയും ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. ഏക്കറുകളുടെ വിസ്തൃതിയുള്ള ഈ ക്ഷേത്രസങ്കേതത്തിൽ പ്രധാന ശ്രീകോവിലും ഉപദേവതാ ക്ഷേത്രശ്രീകോവിലുകളും തമ്മിൽ വളരെ അകലം പാലിച്ച് പ്രത്യേക ക്ഷേത്രങ്ങളെന്ന പോലെയാണ് കാണപ്പെടുന്നത്. പ്രധാന ശ്രീകോവിലിനടുത്തായി മറ്റൊരു ശ്രീകോവിലിൽ വരാഹ മൂർത്തിയുടെ തൃപ്പാദ പ്രതിഷ്ഠയാണ്. ഇത് കുണ്ടിൽ വരാഹമൂർത്തിക്ഷേത്രം എന്നറിയപ്പെടുന്നു. പരമശിവന്റെ പ്രതിഷ്ഠയുള്ള ക്ഷേത്രം വാടാകോവിൽ എന്നറിയപ്പെടുന്നു. ഇവ കൂടാതെ അയ്യപ്പക്ഷേത്രം, ദുർഗ്ഗാക്ഷേത്രം , ഗണപതി ക്ഷേത്രം, സുബ്രഹ്മണ്യക്ഷേത്രം , ലക്ഷ്മിനാരായണക്ഷേത്രം, ചിത്രഗുപ്തസാന്നിദ്ധ്യം, യക്ഷി സാന്നിദ്ധ്യം എന്നിവയാണ് പന്നിയൂർക്ഷേത്രത്തിലെ ഉപദേവതാ ക്ഷേത്രങ്ങൾ. അഭീഷ്ടസിദ്ധി പൂജയാണ് പന്നിയൂരപ്പന്റെ ഏറ്റവും പ്രധാനപ്പെട്ട വഴിപാട്. വളരെ അപൂർവ്വം ക്ഷേത്രങ്ങളിൽ മാത്രം കാണാറുള്ള ചിത്രഗുപ്തസാന്നിദ്ധ്യം പന്നിയൂർ ക്ഷേത്രത്തിലെ ഒരു പ്രത്യേകതയാണ്. കാലാന്തരത്തിൽ ക്ഷയിച്ചുപോയെങ്കിലും പെരുന്തച്ചന്റെ കരവിരുതുകൾ നിലനിർത്തിക്കൊണ്ടു തന്നെ പുനർനിർമ്മാണം നടത്തിയ ക്ഷേത്രമാണ് ഇന്നും നാം കാണുന്നത്. പന്നിയൂരമ്പലത്തിന്റെ പണി മുടിയില്ല എന്ന ചൊല്ലിനെ അന്വർത്ഥമാക്കിക്കൊണ്ട് ഇന്നും ഇവിടെ പണികൾ നടന്നു കൊണ്ടിരിക്കുന്നു. പെരുന്തച്ചന്റെ പിൻഗാമികളായ കോട്ടയം വടക്കേത്തു കുടുംബത്തിലെ അംഗങ്ങളും പെരുന്തച്ചന്റെ പിൻഗാമികളുമായവർ തന്നെയാണ് ഇന്നും പന്നിയൂർ അമ്പലത്തിന്റെ പണികൾ ചെയ്തു കൊണ്ടിരിക്കുന്നത്.

പന്നിയൂർ വരാഹമൂർത്തിക്ഷേത്രത്തിൽ ഭൂമിപൂജ, അഭീഷ്ടഫലസിദ്ധിപൂജ, ഐശ്വര്യപൂജ, പാൽപ്പായസം, നെയ്‌വിളക്ക് എന്നിവയെല്ലാമാണ് പ്രധാന വഴിപാടുകൾ. പന്നിയൂർ ക്ഷേത്രത്തിന്റെ പണി പൂർത്തിയായശേഷം ദർശനം നടത്താം എന്ന് ആരെങ്കിലും വിചാരിച്ചാൽ അത് ഒരു സ്വപ്നം മാത്രമായി അവശേഷിക്കുകയേ ഉള്ളൂ. ഈ ക്ഷേത്രനടയിലെത്തി ഭഗവാനെ തൊഴുത് തച്ചന്റെ ഉളിയും മുഴക്കോലും ക്ഷേത്രകാഴ്ചകളും കണ്ട് മടങ്ങുന്നവർക്ക് തച്ചന്റെ വാക്കുകളുടെ പൊരുൾ മനസിലാകും. മലയാള മണ്ണിന്റെ അധിപനായ പരശുരാമൻ പ്രതിഷ്ഠിച്ച വരാഹമൂർത്തീ ഭാവമാർന്ന ഭഗവാന്റെ തിരുമുമ്പിൽ ഭൂമി പൂജ നടത്തി. പ്രാർത്ഥിച്ച് ഭഗവാന്റെ അനുഗ്രഹത്താൽ ശാന്തിയും സമാധാനവും നിറഞ്ഞ സ്വസ്ഥ ജീവിതം പരശുരാമസൃഷ്ടിയായ ഈ മണ്ണിൽ വസിക്കുന്ന ഏവർക്കും സാധിക്കുമാറാകട്ടെ.

ചൈത്രം

• മാനസിക സംഘർഷമനുഭവിക്കുന്നവർ
• ഏകാന്തതയനുഭവിക്കുന്നവർ
• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;

**0484 2361161. ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്**

**ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ**





# മഹാഭാരത കഥ പ്രാധാന്യം, വിവരിച്ച സന്ദർഭം

**ഡോഃ രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009**

## യയാതി

മഹാഭാരതചരിത്രത്തിൽ ദുഷ്യന്തന്റേയും ശകുന്തളയുടെയും പുത്രനായ ഭരതന്റെയും ഭരതവംശത്തിന്റെയും പ്രാധാന്യം വിവരിച്ചുകഴിഞ്ഞതിനു ശേഷം വൈശമ്പായൻ വീണ്ടും ചരിത്രത്തിലേക്കു കടക്കുകയാണ്. ദക്ഷപ്രജാപതിയുടെ സന്താനങ്ങളെയെല്ലാം തന്നെ നാരദമഹർഷി വിദ്യ അഭ്യസിപ്പിച്ചതും മനുവംശത്തെക്കുറിച്ചും വർണ്ണിച്ചു. വിവസ്വന്റെ പുത്രനായ മനുവിന്റെ പുത്രനായ ഇളക്ക് ഉർവ്വശിയിലുണ്ടായ പുത്രനാണ് ആയുസ്. ആയുസിന്റെ മകനാണ് നഹുഷൻ. നഹുഷൻ പ്രതാപവാനായ രാജാവായിരുന്നെങ്കിലും അഹങ്കാരിയായിരുന്നു. ദേവേന്ദ്രനേപ്പോലും പരിഹസിച്ചു. മുനിമാരെ ഉപദ്രവിച്ചു. അഗസ്ത്യമഹർഷിയുടെ ശാപവും മറ്റും എല്ലാവർക്കും അറിയാവുന്ന ഒന്നാണ്. അദ്ദേഹം ഇന്ദ്രനേപ്പോലെ തന്നെ രാജ്യം ഭരിച്ചുവെങ്കിലും മുനിമാരെ ബഹുമാനിച്ചില്ല. ശാപമോക്ഷം നഹുഷൻ നേടിയത് ദ്വാപരയുഗത്തിന്റെ അവസാന കാലത്താണെന്നു പറയപ്പെടുന്നു. നഹുഷന് യതി, യയാതി, സന്യാതി, ആയാതി, അയതി, ദ്രുവ, ഇങ്ങനെ ആറു പുത്രന്മാർ ജനിച്ചു. ഇതിൽ യതി ഒരു ഋഷി ആയി മാറി. യയാതി രാജാവായി. പ്രജാതല്പരനായ രാജാവായിരുന്നു യയാതി. അദ്ദേഹത്തിന്റെ രണ്ടു ഭാര്യമാരായ ദേവയാനിയിലും ശർമ്മിഷ്ഠയിലും കൂടി അഞ്ചു പുത്രന്മാരുണ്ടായി. ഇതിൽ ശർമ്മിഷ്ഠയുടെ പുത്രനായ പുരുവിൽ നിന്നാണ് പുരുവംശം പിറവിയെടുത്തത്. യയാതി പ്രത്യേക സാഹചര്യത്തിൽ പുരുവിനെ അനുഗ്രഹിച്ചതു തന്നെ ഇങ്ങനെയാണ്:

''ത്വയാ ദായാദവാനസ്മി ത്വം മേ വംശകരഃ സുതഃ പൗരവോ

വംശ ഇതി തേ രവ്യാതിം ലോകേ ഗമിഷ്യതി''

ഇവിടെ നിന്നും നിന്റെ വംശം തുടങ്ങും. ഇനി ഈ വംശം നിന്റെ പേരിലറിയപ്പെടും. യയാതിയുടെ ചരിത്രം പറയുന്നതിനായി ജനമേജയൻ വൈശമ്പായനെ പ്രേരിപ്പിക്കുകയാണ് പിന്നീടു ചെയ്യുന്നത്. ഈ യയാതിക്കു ശുക്രാചാര്യന്റെ മകൾ ദേവായാനിയെ എങ്ങനെ ലഭിച്ചുവെന്ന ചരിത്രം എനിക്കു വിശദമായി അറിയണം എന്നു പറഞ്ഞതിനു മറുപടിയായി വൈശമ്പായൻ യയാതി ചരിത്രം പറയുകയാണ് ചെയ്യുന്നത്. അക്കാലത്ത് ദേവന്മാരും അസുരന്മാരും തമ്മിൽ ഭയങ്കര യുദ്ധം നടന്നിരുന്നു. വിജയത്തിനു വേണ്ട പൂജാദി കർമ്മങ്ങളും മറ്റും നടത്തുന്നതിനു ദേവന്മാർ ബ്രഹസ്പതിയേയും അസുരന്മാർ ശുക്രാചാര്യരേയും തിരഞ്ഞെടുത്തു. ഇതിൽ മരിച്ച അസുരന്മാരെയെല്ലാം ശുക്രാചാര്യർ പുനർജ്ജീവിപ്പിച്ചു. എന്നാൽ ബ്രഹസ്പതിക്കതിനായില്ല. സഞ്ജീവനി മന്ത്രം ശുക്രാചാര്യർക്കു വശമുണ്ടായിരുന്നു. എന്നാൽ ബ്രഹസ്പതിക്ക് അത് അന്യമായിരുന്നു. ഈ മന്ത്രം കൈക്കലാക്കണമെന്ന് ദേവന്മാർ തീരുമാനിച്ചു. ബ്രഹസ്പതിപുത്രനായ കചനെ അവർ സമീപിച്ചു. അതിന്റെ കൂടെ ദേവന്മാർ ശുക്രാചാര്യപുത്രിയായ ദേവയാനിയേക്കുറിച്ചും പറഞ്ഞു. കചൻ ശുക്രാചാര്യരെ സമീപിച്ചു.

'ഋഷേരഡ്ഗിരസഃ പൗത്രം പുത്രം സാക്ഷദ് ബ്രഹസ്പതേഃ

നാമ്നാ കചമിതി രവ്യാതം ശിഷ്യം ഗൃഹാതു മാം ഭവാന്' എന്നെ അങ്ങയുടെ ശിഷ്യനായി സ്വീകരിക്കണം. ഞാൻ അംഗിരസ് മഹർഷിയുടെ കൊച്ചുമകനും ബ്രഹസ്പതിയുടെ മകനുമാണ്. ഒരായിരം വർഷം ബ്രഹ്മചര്യം കാത്തു സൂക്ഷിക്കുകയും ചെയ്യാം എന്നിങ്ങനെ താഴ്മയായി പറഞ്ഞു. ശുക്രാചാര്യർ സമ്മതിച്ചു. വൈശമ്പായൻ പറയുന്നു, അങ്ങനെ കചൻ ദേവയാനിയുടെ സ്നേഹാദരങ്ങൾ പിടിച്ചുപറ്റി. 500 വർഷം പിന്നിട്ടു. ദാനവർ കചന്റെ ഉദ്ദേശം മനസിലാക്കി. സഞ്ജീവനി മന്ത്രം കചൻ പഠിക്കാതിരിക്കാനും ബ്രഹസ്പതിയോടുള്ള വൈരാഗ്യവും മൂലം കചനെ കൊലപ്പെടുത്തി കഷണങ്ങളാക്കി ചെന്നായ്ക്കൾക്കും കൊടുത്തു. സന്ധ്യാനേരമായിട്ടും കചനെ കാണാതെ വിഷമിച്ച ദേവയാനി കചന് അപകടം സംഭവിച്ചുകാണുമെന്ന സംശയം പിതാവിനോടു പറഞ്ഞു. ശുക്രാചാര്യർ സഞ്ജീവനി മന്ത്രത്താൽ കചനെ വിളിച്ചു. കചൻ ചെന്നായ്ക്കളുടെ വയറു പിളർന്ന് അവടെയെത്തി. വിവരം തിരക്കിയ ദേവയാനിയോട് കചൻ നടന്ന സംഭവങ്ങളെല്ലാം പറഞ്ഞു. പിന്നീടൊരു ദിവസവും ഇങ്ങനെ സംഭവിച്ചു. ഈ പ്രാവശ്യം കചനെ ഭസ്മമാക്കി നദിയിലൊഴുക്കി. ശുക്രാചാര്യർ സഞ്ജീവനി മന്ത്രത്താൽ വീണ്ടും കചനെ ജീവിപ്പിച്ചു. മൂന്നാമത്തെ പ്രാവശ്യം മരണപ്പെട്ടപ്പോൾ ദേവയാനിയോടു ശുക്രാചാര്യർ പറഞ്ഞു, ദേവയാനി ദുഃഖിക്കേണ്ട, കചനെ

പലപ്രാവശ്യം രക്ഷിച്ചു. ഇപ്പോൾ അവൻ മരണപ്പെട്ടു കഴിഞ്ഞു. ഇതിനു മറുപടിയായി ദേവയാനി പറഞ്ഞു,

'സ ബ്രഹ്മചാരി ച തപോധനശ്ച സദോത്ഥിതഃ കർമസു ചൈവ ദക്ഷഃ

കചസ്യ മാർഗം പ്രതിപത്സ്യേ ന മോക്ഷ്യേ പ്രിയോഹി മേ താത കചോ *f* രൂപ ഃ'

ഞാൻ പട്ടിണി കിടന്നു മരിച്ച് കചൻ പോയ വഴിയേ പോകും.അത്രയ്ക്കും കചൻ എനിക്കു പ്രിയപ്പെട്ടവനാണ്. ഇവിടെ വൈശമ്പായൻ പറയുന്നത് ശുക്രാചാര്യർ ദേവയാനിയുടെ വാക്കുകൾ കേട്ട് ദുഃഖിതനായിയെന്നാണ്. അസുരന്മാർ ആചാര്യരെ ബ്രഹ്മഹത്യക്കു വിധേയനാക്കുകയാണെന്നും ഇതവസാനിപ്പിക്കണമെന്നും കൂടി പറഞ്ഞു കചനെ വിളിക്കുകയാണ് ചെയ്യുന്നത്. പക്ഷെ ഇപ്രാവശ്യം കചൻ വിളി കേട്ടത് ആചാര്യരുടെ വയറിനുള്ളിൽ നിന്നാണ്. ഇതിനേക്കുറിച്ചു ചോദിച്ച ആചാര്യരോടു കചൻ പറഞ്ഞു, അസുരന്മാർ തന്നെ കൊന്നു കഴിഞ്ഞു. ശരീരം കത്തിച്ചു ഭസ്മമാക്കി അങ്ങെയ്ക്കു കുടിക്കുവാൻ മദ്യത്തോടൊപ്പം കലർത്തി തന്നു. ആചാര്യൻ ദേവയാനിയോടു പറഞ്ഞു, എന്റെ മരണത്തോടു കൂടി മാത്രമേ കചന് പുറംലോകം കാണാൻ സാധിക്കൂ. അല്ലാതെ വേറെ വഴിയില്ല. ഇതു രണ്ടും തനിക്കു ദുഃഖത്തെ പ്രദാനം ചെയ്യുമെന്നു ദേവയാനി പറഞ്ഞു. ഈ സമയം ശുക്രാചാര്യർ പറഞ്ഞു, നിനക്ക് (കചന്) പുനർജീവിപ്പിക്കാനുള്ള മന്ത്രം പറഞ്ഞുതരാം, പക്ഷേ ശുക്രാചാര്യരുടെ മരണശേഷമേ കചന് പുറത്ത് വരുവാൻ സാധിക്കുകയുള്ളൂവല്ലോ? അപ്പോൾ അത് ബ്രഹ്മഹത്യാപാപമായി പരിണമിക്കുകയും ചെയ്യും. ഞാൻ പറഞ്ഞുതരുന്ന മന്ത്രമുപയോഗിച്ച് നീ പുറത്തു വന്ന് എന്നെ പുനർജീവിപ്പിക്കൂ. ഇതിനെക്കുറിച്ച് വൈശമ്പായൻ പറയുന്നതിങ്ങനെയാണ്:

'ഗുരോഃ സകാശാത് സമവാപ്യ വിധാം ഭിത്വ കുക്ഷിം നിർവിചക്രാമ വിപ്രഃ

കചോ *f* ഭിരൂപസ്തത്ക്ഷണാദ് ബ്രാഹ്മണാസ്യ ശുക്ലാത്യയേ പൗർണ്ണമാസ്യാമിദേന്ദുഃ'

പുനർജ്ജനിപ്പിക്കുവാനുള്ള മന്ത്രം ഗുരുവിൽനിന്നും മനസിലാക്കിയ കചൻ ഗുരുവിന്റെ വയറ് പിളർന്ന് പൗർണ്ണമിരാത്രിയിലെ ചന്ദ്രനേപ്പോലെ പ്രശോഭിച്ച് പുറത്തു വന്നു. കാര്യം മനസിലാക്കിയ ശുക്രാചാര്യർ തനിക്കു കുടിക്കേണ്ടിവന്ന മദ്യം മൂലമാണല്ലോ ഈ വിദ്യ കചന് പറഞ്ഞു കൊടുക്കേണ്ടി വന്നതെന്നു പറഞ്ഞ് കോപാകുലനായി. ദാനവരെയെല്ലാം വിളിച്ചു പറഞ്ഞു, കചൻ വന്ന കാര്യം സാധിച്ചു. സഞ്ജീവനി മന്ത്രം മനസിലാക്കി. ബ്രഹ്മാവിന് തുല്ല്യരായി. ഇളിഭ്യരായ ദാനവർ തിരികെ പോയി. തന്റെ ബാക്കിയുള്ള 500 വർഷം കൂടി കഴിഞ്ഞു കചൻ തിരികെ പോകാൻ തുടങ്ങി. മദ്യപാനം മൂലം തനിക്കുണ്ടായ അപകടം മനസിലാക്കിയ ശുക്രാചാര്യർ അസുരന്മാർ അജ്ഞാനികളായി തീരട്ടെ എന്ന ശാപവും മദ്യപാനം ബ്രഹ്മഹത്യക്കു തുല്യമായതുകൊണ്ട് മദ്യം ഉപയോഗിക്കുന്ന ബ്രാഹ്മണർ നരകത്തിൽ പോകുമെന്നുള്ള ശാപവും കൂടി നൽകി. അന്നും ഇന്നും യുഗയുഗാന്തരങ്ങളിൽ ലഹരിസാധനങ്ങളുടെ ഉപയോഗം മൂലം മനുഷ്യന്റെ അധഃപതനം എത്രമാത്രമാണെന്നു കൂടി വായനക്കാർക്കു തോന്നണമെന്നുള്ള ഉദ്ദേശം കൂടി വ്യാസനുണ്ടായിരുന്നതായി കാണാം. ഇതുപോലെ തന്നെ കചൻ പോകാനായി ഇറങ്ങിയപ്പോൾ ദേവയാനി തന്നെ വിവാഹം കഴിക്കണമെന്നു പറയുന്നു. കാരണമായി പറയുന്നത്, മൂന്നുപ്രാവശ്യം കചനെ രക്ഷിച്ചത് തന്റെ നിർദ്ദേശപ്രകാരമാണെന്നാണ്. ഇതിനു മറുപടിയായി കചൻ പറയുന്നത്, ജനിപ്പിക്കാൻ സഹായിച്ചതുകൊണ്ട് അമ്മയുടെ സ്ഥാനമാണെന്നും, പിതാവിന്റെ വയറിൽനിന്നും ജനിച്ചതുകൊണ്ട് സഹോദരിയാണെന്നും മറ്റുമാണ്. കാര്യം കാണുന്നതുവരെ ദേവയാനിയോടു സ്നേഹപൂർവ്വം പെരുമാറുകയും കാര്യം കണ്ടുകഴിഞ്ഞപ്പോൾ നിയമം പറയുകയും ചെയ്യുന്ന ആധുനിക മനുഷ്യന്റെ ഒരു പതിപ്പായിട്ടാണ് കചനെ വർണ്ണിച്ചിരിക്കുന്നത് .കചൻ ഒട്ടും അനുകൂലമായി വരുന്നില്ല എന്നു മനസിലാക്കിയ ദേവയാനി അവസാനം കചനെ ശപിക്കുന്നു, വഞ്ചന മുഖമുദ്രയാക്കി വന്ന് വിദ്യ പഠിച്ച നിനക്ക് അത് ഫലിക്കാതെ പോകട്ടെയെന്ന്.

'യദി മാം ധർമകാമാർധേ പ്രത്യാഘ്യസ്യസി യാചിതഃ

തതഃ കച ന തേ വിദ്യാ സിദ്ധിമേഷാ ഗമിഷ്യതിഃ'

ഇതിനു മറുപടിയായി കചൻ പറയുന്നു, നിന്റെ ശാപം എനിക്കു ഫലിക്കില്ല. മുനികന്യകയും ബ്രാഹ്മണയുവതിയുമായ ദേവയാനിയെ ഗോത്രരീതിയനുസരിച്ച് ബ്രാഹ്മണൻ വിവാഹം കഴിക്കില്ല.

'തസ്മാദ് ഭവത്യാ യഃ കാമോ ന തഥാ സ ഭവിഷ്യതി

ഋഷിപുത്രേ ന തേ കശ്ചിജ്ജാതു പാണിം ഗ്രഹോഷ്യതി'

ഇവിടെ യയാതിയുടെ കഥയിലൂടെ സഞ്ചരിക്കുമ്പോൾ ശുക്രാചാര്യരും ദേവയാനിയും കചനും യയാതി ദേവയാനി വിവാഹഠ എല്ലാഠ തന്നെ ഇതിന്റെ ഭാഗമാണ്. തിരിച്ച് ദേവലോകത്തേക്കു പോയ കചനേക്കുറിച്ച് വൈശമ്പായൻ പറയുകയാണ്, ദേവലോകം കചന്റെ തിരിച്ചുവരവിൽ സന്തോഷിച്ചു. കാരണം അസുരന്മാരുമായുള്ള യുദ്ധത്തിൽ മരിക്കുന്നവരെ രക്ഷിക്കാൻ കചൻ സഞ്ജീവനി മന്ത്രം ഹൃദിസ്തമാക്കിക്കഴിഞ്ഞു. ദേവന്മാർ ദേവേന്ദ്രനെ തന്റെ ശക്തി കാണിക്കാനുള്ള സമയം ഇതാണെന്നുകൂടി ഓർമ്മിപ്പിച്ചു. ദേവേന്ദ്രൻ ഇതിനുവേണ്ട അവസരം നോക്കിയുമിരുന്നു. ഇവിടെ വീണ്ടും ദേവയാനിയുടെ ചരിത്രം തുടങ്ങുകയാണ്. വൃഷപർവ്വരാജാവിന്റെ മകളായ ശർമ്മിഷ്ഠയുമൊരുമിച്ച് ദേവയാനി കുളിക്കുവാൻ പോയി. നഗ്നരായി കുളിച്ചുകൊണ്ടിരുന്ന ഇവരെ ലോകം ചുറ്റി കറങ്ങുന്ന ദേവേന്ദ്രൻ കണ്ടു. ദേവേന്ദ്രന്റെ കുസൃതിയാൽ കാറ്റടിച്ചു. വസ്ത്രങ്ങൾ കൂട്ടികലർന്നു. പരസ്പരം മാറിയ വസ്ത്രമാണ് ധൃതിയിൽ ഇവർ ധരിച്ചത്. ഇതു മനസിലാക്കിയ ശർമ്മിഷ്ഠ ദേവയാനിയുമായി വഴക്കിട്ടു. ദേവയാനി പറഞ്ഞു, അസുരപുത്രിയായ നീ എന്റെ വസ്ത്രമണിഞ്ഞു, നിനക്ക് ഒരിക്കലും നല്ലതു വരില്ല. ഇതുകേട്ട് ശർമ്മിഷ്ഠയും പ്രതികരിച്ചു. ദേവയാനിയെ പുച്ഛിച്ചു സംസാരിച്ച ശർമ്മിഷ്ഠയുടെ വാക്കുകളിൽ വേദന തോന്നിയ ദേവയാനി കോപിഷ്ഠയായി വസ്ത്രം കീറി. വഴക്ക് കൂടിയപ്പോൾ ശർമ്മിഷ്ഠ ദേവയാനിയെ വഴിയിൽ കണ്ട പൊട്ടക്കിണറ്റിൽ തള്ളിയിട്ടു. ഈ സമയത്താണ് നഹുഷപുത്രനായ യായാതി ആ വഴിക്കു വന്നത്. വിവരങ്ങൾ മനസിലാക്കിയ യയാതി കൈ പിടിച്ച് ദേവയാനിയെ കരയ്ക്കു കയറ്റി. യയാതി അതിനുശേഷം മടങ്ങി. ദേവയാനിയെ അന്വേഷിച്ചു വന്ന പരിചാരിക ദേവയാനിയെ കണ്ടു, വിവരങ്ങൾ മനസിലാക്കി ശുക്രാചാര്യനോടു ചെന്ന് എല്ലാം പറഞ്ഞുകൊടുത്തു. പ്രതികാരദാഹിയായ ദേവയാനി ശർമ്മിഷ്ഠയോടു ക്ഷമിക്കാൻ തയ്യാറായില്ല. അവസാനം ശുക്രൻ വൃഷപർവ്വരാജാവിനെ കണ്ട് വിവരം പറഞ്ഞു. താൻ നഗരം വിട്ടു പോകും എന്നുവരെ രാജാവിനെ ഭീഷണിടുത്തിയപ്പോൾ ദേവയാനിയുടെ ആവശ്യമായ ദാസ്യപ്പണി ചെയ്യാൻ ശർമ്മിഷ്ഠയോടു രാജാവു പറഞ്ഞു. മകളോടുള്ള സ്നേഹം മൂലം ശുക്രൻ വൃഷപർവ്വാവിന്റെ മകളോടു ക്ഷമിക്കാൻ തയ്യാറായില്ല, അങ്ങനെയാണ് ദേവയാനിയെ പ്രീതിപ്പെടുത്തുവാൻ രാജാവിനോടാവശ്യപ്പെട്ടത്. ആയിരം വർഷം ദാസിയായി ശർമ്മിഷ്ഠ തന്റെകൂടെ ഭർത്തൃഗൃഹത്തിലേക്കും വരണമെന്നുള്ളതായിരുന്നു ദേവയാനിയുടെ ആവശ്യം. ഇവിടെ ശർമ്മിഷ്ഠ തന്റെ രാജ്യത്തിന്റെ ഐശ്വര്യത്തിനായി വിട്ടുവീഴ്ചക്കു തയ്യാറായി. തന്നെ കളിയാക്കിയ ദേവയാനിയോടു ശർമ്മിഷ്ഠ പറഞ്ഞു,

'യേന കേനചിദാർതാനം ജ്ഞാതിനാം സുഖമാവഹേത്

അതസ്ത്വാമനുയാസ്യാമി യത്ര ദാസ്യതി തേ'

പിതാബന്ധുക്കളെ സഹായിക്കേണ്ടത് നമ്മുടെ കടമയാണ്. അതുകൊണ്ട് താങ്കളുടെ അച്ഛൻ പറയുന്നതുപോലെ അനുസരിക്കാൻ ഞാൻ തയ്യാറാണ്. ഇവിടെ വൈശമ്പായൻ പറയുന്നത്, ഈ വിവരം കേട്ടപ്പോൾ ദേവയാനിക്കു തൃപ്തിയായെന്നും, അവർ തിരിച്ച് രാജസ്ഥാനത്തേക്കു പോകാൻ തയ്യാറായെന്നുമാണ്. ശുക്രാചാര്യർ മകൾക്കു കൊടുക്കുന്ന ചില ഉപദേശങ്ങൾ ഇവിടെ പ്രാധാന്യം അർഹിക്കുന്നു. ഒരു നല്ല മനുഷ്യനാകാൻ എന്തെല്ലാം വേണമെന്നാണ് അദ്ദേഹം പറയുന്നത്. ആരാണോ മറ്റുള്ളവരുടെ കുത്തുവാക്കുകൾ ശ്രവിക്കാതെ, അതിനു പ്രാധാന്യം കൊടുക്കാതിരിക്കുന്നുവോ അവൻ ലോകത്തെ മുഴുവൻ കീഴടക്കിയവനാണ്. ബുദ്ധിമാനായ മനുഷ്യൻ തന്റെ കുതിരകളുടെ കടിഞ്ഞാൺ നിയന്ത്രിക്കാൻ കഴിവുള്ള സാരഥിയാണ്. അദ്ദേഹത്തിന് കോപത്തെ നിയന്ത്രിക്കാൻ കഴിയും, മറ്റുള്ളവരോടു ക്ഷമിക്കാനും കഴിയും. ധർമ്മാർധകാമമോക്ഷങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നവൻ മഹാത്മാവാണ്. ഒരച്ഛൻ മകൾക്കു കൊടുക്കാവുന്ന ഏറ്റവും നല്ല വാക്കുകൾ ദേവയാനിയെ വരച്ചു കാണിക്കുമ്പോൾ ദേവയാനിയുടെ സ്വഭാവത്തിന്റെ ധാർഷ്ട്യം വായിക്കുന്ന ഏതൊരാൾക്കും തോന്നാം. എന്തായാലും ദേവയാനിയും ശർമ്മിഷ്ഠ ഉൾപ്പെട്ട ആയിരം തോഴിമാരും വനാന്തരങ്ങളിലും ഉല്ലാസയാത്ര നടത്തി. ശർമ്മിഷ്ഠ ദേവയാനിയെ പൊട്ടക്കിണറ്റിൽ തള്ളിയിട്ട സ്ഥലത്ത് അവർ ഉല്ലസിച്ചു നടക്കുമ്പോൾ യയാതി അവിടെയെത്തി. ഇവരെ കണ്ട യയാതി സ്തബ്ദനായി വിവരങ്ങൾ അന്വേഷിച്ചു. താൻ ശുക്രാചാര്യന്റെ മകൾ ദേവയാനിയാണെന്നും തന്റെ ദാസിയായ ഇവൾ വൃഷപർവ്വരാജാവിന്റെ മകൾ ശർമ്മിഷ്ഠയാണെന്നും പറഞ്ഞു. അതിശയം പൂണ്ട രാജാവിനോട് ഇതെല്ലാം വിധിയുടെ വിളയാട്ടമാണെന്ന് ദേവയാനി പറഞ്ഞു. നിങ്ങൾ ആരാണെന്നും നിങ്ങൾക്കു മധുരമായി സംസാരിക്കാനുള്ള കഴിവുണ്ടെന്നും മറ്റും പറഞ്ഞ ദേവയാനിയോട് തന്റെ ബ്രഹ്മചര്യസമയത്ത് വേദങ്ങൾ മുഴുവൻ ഗ്രഹിക്കാൻ കഴിഞ്ഞുവെന്നും രാജാവു മാത്രമല്ല, രാജപുത്രനായ യയാതിയാണെന്നും അയാൾ അവരോടു പറഞ്ഞു. കൂടാതെ മാനിനെ വെടിവെക്കാൻ വന്ന താൻ വെള്ളം കുടിക്കുവാനാണിവിടെ വന്നതെന്നും പോകാനനുവദിക്കണമെന്നും പറഞ്ഞു. തന്നെ വിവാഹം കഴിച്ച് ശർമ്മിഷ്ഠയടക്കമുള്ള ദാസിമാരെ കൂടെ കൊണ്ടുപോകണമെന്നുമുള്ള ദേവയാനിയുടെ വാക്കുകൾക്ക്, ദേവയാനി ഗുരുപുത്രിയാണെന്നും ഉയർന്ന കുലജാതയാണെന്നും പറഞ്ഞു. ബ്രാഹ്മണരും ക്ഷത്രിയരും ഒരുമിക്കാറുണ്ടെന്നും താങ്കൾ ഋഷിപുത്രനും ഋഷിയുമാണെന്നും തന്നെ വിവാഹം കഴിക്കണമെന്നും ദേവയാനി പറഞ്ഞു. ബ്രാഹ്മണൻ വിഷമുള്ള പാമ്പിനേക്കാളും ജ്വലിക്കുന്ന തീയേക്കാളും ഭയക്കേണ്ടതാണെന്നും പാമ്പ് കടിക്കുന്ന ആളെ മാത്രം കൊല്ലും, മൂർച്ചയുള്ള ആയുധം അതു കൊള്ളുന്ന ആളെ മാത്രം നശിപ്പിക്കും, എന്നാൽ ബ്രാഹ്മണൻ

ശപിച്ചാൽ നഗരവും രാജ്യവും എല്ലാം നശിക്കും. അതുകൊണ്ട് ആചാര്യൻ തന്നാൽ മാത്രം ഞാൻ ദേവയാനിയെ സ്വീകരിക്കാം. ഇതുകേട്ട ദേവയാനി തന്റെ ദാസിയെ ശുക്രാചാര്യന്റെ പക്കലേക്കയച്ചു. ആചാര്യർ വന്നു, അദ്ദേഹം അനുവാദവും കൊടുത്തു. തനിക്ക് ഒരു പാപവും ഉണ്ടാകരുതെന്ന യയാതിയുടെ അപേക്ഷക്കു മുൻപിൽ

'അധർമ്മാത് ത്വം വിമുഞ്ചാമി വൃണു ത്വം വരമോപ്സിതം
അസ്മിത് വിവാഹേ മാ മ്ളാസിരഹം പാപം നുദാമി തേ'

ഞാൻ പാപത്തിൽ നിന്നും (മിശ്രവിവാഹ പാപം) മോചിപ്പിച്ചിരിക്കുന്നു. ഭയക്കാതെ ഇവളെ വിവാഹം ചെയ്തോളൂ എന്നു പറഞ്ഞ് അനുഗ്രഹിച്ചു. ജനമേജയൻ വൈശമ്പായനോട് ക്ഷത്രിയവംശജനായതിനാലും ബ്രാഹ്മണകന്യകയായ ദേവയാനിയുമായുള്ള ബന്ധം ആചാരത്തിനു നിരക്കാത്തതല്ലേയെന്ന ചോദ്യത്തിന് ഉത്തരം, ഇവിടെ ഒരു നിയമസാധുത തന്നെ സ്വന്തം പുത്രിക്കുവേണ്ടി ഉണ്ടാക്കുകയാണ് ചെയ്യുന്നത്. കൂടാതെ യയാതിയോട് ഇങ്ങനെകൂടി പറയുന്നു:

'ഇയം ചാപി കുമാരി തേ ശർമ്മിഷ്ഠാ വാർഷപർവണീ
സംപൂജ്യ സതതം രാജത് മാ ചൈനാം ശയനേ ഹ്യയേഃ'

വൃഷപർവ്വരാജാവിന്റെ മകളായ ശർമ്മിഷ്ഠയെന്ന ദാസിയെ ബഹുമാനപുരസ്സരം നോക്കണം. എന്നാൽ അവളെ നിങ്ങളുടെ കിടപ്പുമുറിയിലേക്കാനയിക്കരുത്. സ്വന്തം മകളോടുള്ള സ്നേഹം ശുക്രാചാര്യർക്ക് ചില അവസരങ്ങളിൽ ബലികഴിക്കേണ്ടിവരുന്നു. ഇതു തന്നെയാണ് തലമുറതലമുറകളായി പ്രപഞ്ചത്തിൽ നടന്നുകൊണ്ടിരിക്കുന്നതും.

രാജധാനിയിലെത്തിയ രാജാവ് സ്വന്തം പത്നിയുടെ ആഗ്രഹപ്രകാരം ശർമ്മിഷ്ഠയേയും പരിവാരങ്ങളേയും വേറൊരു കൊട്ടാരത്തിൽ താമസിപ്പിച്ചാദരിച്ചു.

(തുടരും)

## അഭിനന്ദനങ്ങൾ



ഇൻഡോ ഇന്റർനാഷണൽ സെന്റർ ന്യൂഡൽഹിയിൽ വെച്ച് ഈ കഴിഞ്ഞ ഡിസംബർ 26–28 തീയതികളിൽ കുട്ടികളുടെ സർഗ്ഗവാസനയെ വളർത്തിയെടുക്കാനും കഥാരചനയിൽ പ്രോത്സാഹനം നൽകുന്ന തിനുമായി മുപ്പതു വർഷത്തെ പാരമ്പര്യമുള്ള 'കഥ' എന്ന സംഘടനയുടെ ആഭിമുഖ്യത്തിൽ നടന്ന കഥാ ഉത്സവ് എന്ന കുട്ടികളുടെ കഥാമത്സര വേളയിൽ കഥയെഴുത്തു മത്സരത്തിൽ ഇംഗ്ലീഷ് വിഭാഗത്തിൽ "Creative Young Reader- Leader's " അവാർഡിനർഹയായത് ഗിരിനഗർ ഭവൻസിലെ 9–ാം ക്ലാസ്സ് വിദ്യാർത്ഥിനിയായ കുമാരി അക്ഷയ. എം ആണ് . ഈ കൊച്ചുമിടുക്കി കരയോഗാംഗങ്ങളായ മനോജ്. ഡി. മേനോൻ – സുജ ദമ്പതിമാരുടെ മകളുംകരയോഗം എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ ശ്രീകുമാറിന്റെ കൊച്ചുമകളുമാണ്.

*(മിനിക്കഥ)*

## ഇനിയൊരു പിറവിയുണ്ടെങ്കിൽ

**ഉണ്ണി വാരിയത്ത്**
**ഫോൺ: 09867179480**

കുഞ്ഞുങ്ങളുടെ പിഞ്ചുകൈകൾ പിടിച്ച് താളത്തിൽ തപ്പുകൊട്ടിക്കുകയും ഉറക്കുകയും ചെയ്യുന്ന അമ്മമാർ ബോധപൂർവ്വമല്ലെങ്കിലും സംഗീതത്തിന്റെ ആദ്യപാഠം നൽകുന്ന ഗുരുക്കന്മാരാണല്ലോ. അങ്ങനെ ലഭിക്കുന്ന സംഗീതബോധം ജന്മവാസനയുള്ളൊരു കുട്ടിയ്ക്ക് വളരുമ്പോൾ കലാവികാസത്തിന് അടിസ്ഥാനമായി തീരുന്നു.

അതുപോലെ വിവാഹാസന്ന വേളയിലോ മുമ്പോ അമ്മമാർ ബോധപൂർവ്വം ഉപദേശിച്ചു കൊടുക്കുന്ന പതിഭക്തി, ചാരിത്രശുദ്ധി മുതലായവ പെൺമക്കൾക്ക് ഭാവി ജീവിതത്തിൽ പ്രയോജനപ്പെടുന്നു.

പക്ഷെ, അതേവിധം ആൺമക്കളോട് ഏകപത്നീ വ്രതവും പവിത്രദാമ്പത്യസ്നേഹബന്ധവും പാലിക്കണമെന്ന് ആരും ഉപദേശിക്കാറില്ലെന്ന് തോന്നുന്നു. ഒരു വേള തന്റെ ഭർത്താവ് ഉപദേശങ്ങൾ തൃണവൽഗണിച്ചതാവാം.

എന്തായാലും പെണ്ണായി പിറക്കരുതായിരുന്നുവെന്ന് അവൾ പരിതപിച്ചു. ഇനിയൊരു പിറവിയുണ്ടെങ്കിൽ പുരുഷനാകണേയെന്ന് അവൾ പ്രാർത്ഥിച്ചു.





# പൂന്താനം നമ്പൂതിരി

**എം. ജി. തങ്കമ്മ ഫോൺ : 9746598522**

എ.ഡി. പതിനേഴാം ശതകത്തിൽ ജീവിച്ചിരുന്ന ഒരു ഭക്തകവി മേല്പത്തൂർ നാരായണ ഭട്ടതിരിയുടെ സമകാലികനായ ഇദ്ദേഹത്തിന്റെ ഇല്ലം തെക്കേ മലയാളത്തിൽ വള്ളുവനാടു താലൂക്ക് നെന്മേനി അംശത്തിലായിരുന്നു. ഇദ്ദേഹത്തിന്റെ ശരിയായ നാമം ബ്രഹ്മദത്തൻ എന്നായിരുന്നുവെന്ന് ചിലർ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും അതിന് അടിസ്ഥാനമൊന്നും കാണുന്നില്ല. നീലകണ്ഠൻ എന്ന നമ്പൂതിരിയായിരുന്നു അദ്ദേഹത്തിന്റെ ഗുരുനാഥൻ എന്ന് ശ്രീകൃഷ്ണകർണ്ണാമൃതം എന്ന കാവ്യത്തിൽ കാണുന്നു. സാമാന്യമായ ലോകവ്യല്പത്തിയല്ലാതെ പൂന്താനത്തിന് വലിയ ശാസ്ത്രീയജ്ഞാനം ഉള്ളതായി കാണുന്നില്ല. വളരെ കാലം ഗുരുവായൂരമ്പലത്തിൽ ശ്രീകൃഷ്ണഭജനം നടത്തി ഭഗവത്ഭക്തനായി തീർന്നു. ഏകദേശം 90 വയസ്സുവരെ ജീവിച്ചിരുന്നതായി പറയപ്പെടുന്നു. വളരെക്കാലം ഗുരുവായൂരപ്പനെ സേവിച്ച് ഒടുവിൽ പ്രായാധിക്യംകൊണ്ട് ഗുരുവായൂർ വരാൻ സാധിക്കില്ലെന്നു യാത്ര പറഞ്ഞു പിരിയുകയും, അപ്പോൾ ഞാനവിടെ ഇടത്തുപുറത്തുണ്ടായിരിക്കും എന്ന ഭഗവദ്വാക്യം സ്വപ്നത്തിൽ കേൾക്കുകയുണ്ടായത്രേ. അതനുസരിച്ച് തിരുമാന്ധാംകുന്നിനു സമീപം ഇടത്തുപുറത്തായി ഭഗവാനെ കാണുകയും, ഉടനെ അവിടെ ഒരു ക്ഷേത്രം പണിയിച്ച് അതിൽ തന്റെ ഇഷ്ടദേവനെ പ്രതിഷ്ഠിച്ച് പൂന്താനം നിത്യഭജനം തുടർന്നു പോകുകയും ചെയ്തതായി ഐതിഹ്യം ഘോഷിക്കുന്നു. അതാണ് പൂന്താനത്തിന്റെ വാമപുരം. ധാരാളം കൃതികൾ അദ്ദേഹത്തിന്റേതായി കാണുന്നുണ്ട്. ഭാഷാകർണ്ണാമൃതം, കുമാരഹരണം, പാന, ജ്ഞാനപ്പാന, പാർത്ഥസാരഥീസ്തവം, ഘനസംഘം, നാരായണകീർത്തനങ്ങൾ ഗോവിന്ദകീർത്തനങ്ങൾ തുടങ്ങിയവ അവയിൽ ചിലതുമാത്രം.

പൂന്താനം വളരെ നാൾ ആഗ്രഹിച്ചതിന്റെ ഫലമായി ഒരു ഉണ്ണിയുണ്ടായി. ആ ഉണ്ണിയുടെ അന്നപ്രാശനമടിയന്തിരം പ്രമാണിച്ച് സ്വജനങ്ങളെയെല്ലാം ക്ഷണിച്ചിരുന്നു. ക്ഷണപ്രകാരം വന്നു ചേർന്ന അന്തർജ്ജനങ്ങൾ തങ്ങളുടെ വസ്ത്രങ്ങൾ തൊട്ടിലിൽ കിടന്നിരുന്ന കുട്ടിയുടെ മുകളിൽ അറിയാതെ മാറിയിട്ടു. കുട്ടി ശ്വാസം മുട്ടി മരിച്ചു. പുത്രൻ മരിച്ചതോടുകൂടി പൂന്താനം ഒരു വിരക്തനായിത്തീർന്നു. പുത്രമരണംകൊണ്ട് അത്യധികം ദുഃഖിതനായിരുന്നപ്പോൾ എഴുതിയ ഒരു കൃതിയാണ് ജ്ഞാനപ്പാന. പൂന്താനം തന്റെ ഉണ്ണി മരിച്ചതിനുശേഷം മിക്കവാറും ഗുരുവായൂർ ക്ഷേത്രത്തിൽ തന്നെ കഴിഞ്ഞു വന്നു. ഈ ഘട്ടത്തിലാണ് നാരായണീയ കർത്താവായ നാരായണഭട്ടതിരിയും അവിടെ വന്നു ചേർന്നത്. പൂന്താനം പണ്ഡിതാഗ്രേസരനായ ഭട്ടതിരിയുടെ അടുക്കൽ താൻ എഴുതിയ സന്താനഗോപാലം പാന തെറ്റു തിരുത്തുന്നതിനുവേണ്ടി കൊണ്ടു ചെന്നു. അപ്പോൾ ഭട്ടതിരി 'ഭാഷാകവിതയിൽ നോക്കാനെന്തിരിക്കുന്നു ? അതിൽ അബദ്ധമല്ലാതെ വല്ലതും കാണുമോ ? വിശേഷിച്ചും പൂന്താനത്തിന് വിഭക്തിയുറച്ചിട്ടുമില്ല, അതിനാൽ അതു മുഴുവൻ പിഴ തന്നെയായിരിക്കും' എന്നു പറഞ്ഞു. അതുകേട്ട് നമ്പൂതിരി വിഷമം സഹിക്കവയ്യാതെ പൊട്ടിക്കരഞ്ഞു പോയി. ഈ സമയത്ത് ശ്രീകോവിലിനകത്തു നിന്ന് പൂന്താനത്തിന് ഭട്ടതിരിയോളം വിഭക്തിയുറച്ചിട്ടില്ലെങ്കിലും ഭട്ടതിരിയേക്കാൾ ഭക്തി ഉറച്ചിട്ടുണ്ട് എന്നൊരശരീരി വാക്കുണ്ടായി. ഗുരുവായൂരപ്പന്റെ ഈ അരുളപ്പാട് കേട്ട് ഭട്ടതിരിക്ക് വ്യസനവും ലജ്ജയും ഉണ്ടായി. അദ്ദേഹം പൂന്താനത്തിന്റെ അടുക്കൽ ചെന്ന് താൻ ചെയ്ത തെറ്റിന് ക്ഷമ ചോദിക്കുകയും അത് നോക്കി കൊടുക്കുകയും ചെയ്തു.

ഒരു ദിവസം പൂന്താനം സ്തോത്രം ജപിക്കുമ്പോൾ 'പത്മനാഭോ മരപ്രഭു' എന്നു ചൊല്ലി. അതുകേട്ട് മറ്റൊരു നമ്പൂതിരി പറഞ്ഞു. 'വിഡ്ഢി' മരപ്രഭുവല്ല, അമരപ്രഭുവാണ് എന്ന്. അപ്പോൾ, ' ഞാൻ മരപ്രഭുവാണ്, ഞാൻ മരപ്രഭുവാണ്' എന്നൊരു അശരീരി വാക്ക് ശ്രീകോവിലിനകത്തു നിന്ന് കേൾക്കായി. വിദ്വാനായ നമ്പൂതിരി അതു കേട്ട് അന്ധനായി തീർന്നു.

പൂന്താനത്തിന് പറയത്തക്ക യാതൊരു വ്യുൽപ്പത്തിയുമുണ്ടായിരുന്നില്ല. എങ്കിലും നിത്യവും ക്ഷേത്രത്തിലിരുന്ന് വിദ്വാന്മാരുടെ ഭാഗവതപാരായണം ഭക്തിപൂർവ്വം ശ്രവിച്ചിരുന്നു. അതിനാൽ അദ്ദേഹത്തിന് ഭാഗവതത്തിന്റെ ഏതു ഭാഗവും കാണാപ്പാഠമായിരുന്നു. ഒരിക്കൽ ഒരു വിദ്വാൻ ഭാഗവതം വായിക്കാനും പൂന്താനം അർത്ഥം പറയാനും തുടങ്ങി. ഇത് കേൾക്കാൻ ധാരാളം ആളുകൾ തടിച്ചുകൂടി. വായന രുഗ്മിണി സ്വയംവരത്തിലേക്ക് കടന്നു. രുഗ്മിണി കൃഷ്ണന്റെ അടുക്കലേക്ക് ബ്രാഹ്മ

ണനെ പറഞ്ഞയക്കുന്ന സന്ദർഭത്തിൽ നമ്പൂതിരി, ബ്രാഹ്മണന്റെ കയ്യിൽ ഒരെഴുത്തും കൊടുത്തയച്ചു എന്ന് അർത്ഥം പറഞ്ഞു. ഇതു കേട്ടിരുന്ന മറ്റൊരു നമ്പൂതിരി പൂന്താനത്തിനോട് എഴുത്തു കൊടുത്തയച്ചു എന്നുള്ളത് ഏതു ശ്ലോകത്തിലാണ് പറഞ്ഞിരിക്കുന്നത് എന്നു ചോദിച്ചു. പൂന്താനത്തിന് ഉത്തരം മുട്ടി. അപ്പോൾ ശ്രീകോവിലിനകത്തു നിന്ന് എഴുത്ത് കൊടുത്തയച്ചില്ല എന്ന് ഏതു ശ്ലോകത്തിലാണ് പറഞ്ഞിരിക്കുന്നത് ? ആ ബ്രാഹ്മണൻ എന്റെ അടുക്കൽ വന്നപ്പോൾ രുഗ്മിണിയുടെ ഒരെഴുത്തു കൂടി കൊണ്ടു വന്നു. എന്നൊരശരീരി മുഴങ്ങി. ഇതു കേട്ട് എല്ലാവരും അത്ഭുതപ്പെട്ടു.

കാലം കുറെ കഴിഞ്ഞപ്പോൾ എല്ലാവരും പൂന്താനത്തെ ബഹുമാനിക്കാൻ തുടങ്ങി. ക്ഷേത്രത്തിൽ അദ്ദേഹത്തിന് ഒരു മാന്യസ്ഥാനം നല്കി. അക്കാലത്തൊരിക്കൽ വിദൂര വാസിയും വിദ്വാനുമായ ഒരു ബ്രാഹ്മണൻ അവിടെ വന്നു. ക്ഷേത്രാധികാരികൾ പൂന്താനത്തിനു നല്കിയിരുന്ന സ്ഥാനത്ത് അദ്ദേഹത്തെ ഭക്ഷണത്തിനിരുത്തുവാൻ നിശ്ചയിച്ചു. എന്നാൽ ആ സ്ഥാനത്തു നിന്ന് എഴുന്നേറ്റു മാറാൻ പൂന്താനം വിസമ്മതിച്ചു. ക്ഷേത്രാധികാരി പൂന്താനത്തെ കൈപിടിച്ചെഴുന്നേല്പിച്ചു. താൻ വിദ്വാനല്ലാഞ്ഞിട്ടാണല്ലോ ഇങ്ങനെ അപമാനിച്ചതെന്ന് വിചാരിച്ച് പൂന്താനം നിലവിളിച്ചുകൊണ്ട് അവിടെ നിന്നിറങ്ങി. അപ്പോൾ ശ്രീകോവിലിനകത്തു നിന്നും, പൂന്താനം ഇനിയും ദുഷ്ടന്മാരുടെ അടുക്കൽ താമസിക്കുകയും ഇവിടെ വരികയും വേണ്ട.. പൂന്താനത്തിന് എന്നെ കാണണമെങ്കിൽ ഇല്ലത്തു വന്നുകൊള്ളാം എന്ന് ഒരശരീരിയുണ്ടായി. നമ്പൂതിരി സന്തോഷത്തോടുകൂടി ഇല്ലത്തേയ്ക്ക് തിരിച്ചു. ഇല്ലത്തു വന്ന്, അദ്ദേഹം ഭഗവാൻ കൂടെ വന്നേ ഊണു കഴിക്കുകയുള്ളൂ എന്ന നിശ്ചയത്തിലിരിക്കുമ്പോൾ ഭഗവാൻ ഇടത്തുഭാഗത്ത് പ്രത്യക്ഷനായിട്ട് ഇങ്ങനെ അരുളിച്ചെയ്തു. ഇനി പൂന്താനം എന്നെ ഇവിടെയിരുന്നു ഭജിച്ചാൽ മതി, എന്റെ സാന്നിദ്ധ്യം ഇവിടെ ഉണ്ടായിരിക്കും. ഭഗവാൻ അപ്രത്യക്ഷനായി. നമ്പൂതിരി ഭഗവാനെ കണ്ടതായ സ്ഥലത്ത് ഒരു അമ്പലം പണിയിച്ച് ശ്രീകൃഷ്ണവിഗ്രഹത്തെ അവിടെ കുടിയിരുത്തി. ആ സ്ഥലം നമ്പൂതിരി ഇരുന്നതിന്റെ ഇടതുവശത്താകയാൽ അതിന് ഇടതുവശത്തമ്പലം എന്നു പേരുണ്ടായി.

അദ്ദേഹത്തിന്റേതായി അനേകം കൃതികൾ ഇന്ന് പ്രചുരപ്രചാരത്തിലുണ്ട്. അതിൽ നടുനായകത്വം വഹിക്കുന്ന കൃതിയാണ് ജ്ഞാനപ്പാന.

**2018 ഡിസംബർ മാസത്തിൽ അന്തരിച്ച കരയോഗാംഗത്തിന് ആദരാഞ്ജലികൾ**



**കെ. ഡി. മേനോൻ**

L/1948, 2 ബി, തേജോമയ, 2nd ഫ്ളോർ,
പാലിയം റോഡ്, എറണാകുളം - 682016

## എറണാകുളം കരയോഗം
## എൽഡർ സിറ്റിസൺസ് ഫോറം
## 2019 ജനുവരി /ഫെബ്രുവരി മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 17.01.19 | | ഡോ.ജി.മാധവൻ നായർ | മനുഷ്യരിലല്ലാതെ കാണുന്ന സവിശേഷ ബുദ്ധി | 1001 |
| 24.01.19 | 'ഗാനസന്ധ്യ' | സി. ജയറാം &പാർട്ടി | | 1002 |
| 31.01.19 | ടി.കെ. ശ്രീകുമാരൻ നായർ | പി.വി.മാധവൻ പിള്ള | ഭാരതീയ സംസ്കാരം | 1003 |
| 07.02.19 | സുമതി ശ്രീകുമാർ | എസ്. ശ്രീകുമാർ | ജനാധിപത്യത്തിൽ മാധ്യമങ്ങൾക്കുള്ള പങ്ക് | 1004 |





# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ, ഫോ:9895981809

**ശ്ലോകം 30**

സാഹസ്രാർക്കസുഭാസുരം ദനുജവൻ കാന്താരദാവാനലം

സാഹസ്രാരകമാം സുദർശനമഹാചക്രം ഹരേ താവകം

ദാഹം ചെയ്‌വു ജഗത്രയം വിലയകാലേ കാലരൂപേണ നിൻ-

മാഹാത്മ്യസ്തുതി ചെയ്‌വവന്നമൃതായ്ത്തീരുന്നു കാലാഗ്നിയും

പദാർത്ഥം :

സഹസ്രാർക്ക = ആയിരം സൂര്യന്മാർ

സുഭാസുരം = നല്ലവണ്ണം തിളങ്ങുന്ന

ദനുജ = ദനുവിന്റെ പുത്രൻ

വൻ = വളരെ വലിയ

കാന്താര = കടക്കാൻ ബുദ്ധിമുട്ടുള്ള കാട്

ദാവാനലം = കാട്ടുതീ

സഹസ്രാരകമാം = ആയിരം മുനകളുള്ള

സുദർശനമഹാചക്രം = സുദർശനമെന്നു പേരുള്ള മഹാചക്രം

ഹരേ = അല്ലയോ മഹാ വിഷ്ണൂ

താവകം = അങ്ങയുടെ

ദാഹം ചെയ്‌വൂ = കത്തിക്കുന്നു

ജഗത്രയം = സ്വർഗ്ഗം, ഭൂമി, പാതാളം

വിലയകാലേ = എല്ലാം ഒന്നാവുന്ന സമയത്ത്

കാലരൂപേണ = കാലത്തിന്റെ രൂപത്തിൽ, കാലന്റെ രൂപത്തിൽ

നിൻ മാഹാത്മ്യസ്തുതി = നിന്റെ മാഹാത്മ്യത്തെപ്പറ്റിയുള്ള പുകഴ്ത്തൽ

ചെയ്‌വവന്ന് = ചെയ്യുന്നവന്

അമൃതമായ്ത്തീരുന്നു = അമൃതായിത്തീരുന്നു

കാലാഗ്നിയും = കാലനാകുന്ന തീയും.

**ശ്ലോകാർത്ഥം :**

ആയിരം സൂര്യന്മാർക്കു തുല്യമായി നല്ലവണ്ണം തിളങ്ങുന്നതും, അസുരന്മാരാകുന്ന മുള്ളുകളാൽ കടക്കാൻ ബുദ്ധിമുട്ടുള്ള കാടിന് കാട്ടുതീയായതും, ആയിരം മുനകളുള്ളതുമായ അവിടുത്തെ സുദർശന മഹാചക്രം, എല്ലാം ഒന്നായി ചേർന്ന് പലതെന്ന അവസ്ഥയ്ക്ക് നാശം സംഭവിക്കേണ്ട സമയത്ത് സ്വർഗ്ഗം, ഭൂമി, പാതാളം എന്നിവയെ കത്തിക്കുന്നു. നിന്റെ മാഹാത്മ്യത്തെ പ്രകീർത്തിക്കുന്നവനാകട്ടെ കാലനാവുന്ന അഗ്നിപോലും അമൃതായിത്തീരുന്നു.

**വ്യാഖ്യാ :**

സാഹസ്രാർക്ക, സഹസ്രം എണ്ണമില്ലായ്മയെ സൂചിപ്പിക്കുന്നു. അർക്കൻ സൂര്യൻ. ഒരൊറ്റ സൂര്യൻപോലും ഭൂമിയിൽ ജീവിക്കുന്നവർക്ക് മീനമാസത്തിൽ ഉണ്ടാക്കുന്ന ചൂട് എല്ലാവർക്കും അറിയാം. അത് എണ്ണത്തിൽ ആയിരമായാലോ ! / സുഭാസുരം. ഭാസുരം എന്നാൽ ശോഭയുള്ള എന്ന് മലയാളം സു എന്ന അക്ഷരം ചേർത്തത് നല്ലത് എന്ന അർത്ഥത്തിൽ. താപത്തെക്കാൾ ശോഭയെ ക്കുറിക്കാനാണ്./ദനുജ. ദനുവിന്റെ പുത്രാദികൾ. അസുരന്മാർ./ വൻ കാന്താര. 'കാന്താരം മഹാരണ്യേ ദുർഗ്ഗപഥേ കാന്താര.....' എന്നിത്യാദ്യമരത്തിന് 'കണ്ടാൽ മനോഹരങ്ങളായ മൂർച്ചയുള്ള മുള്ളുകൾ ഉള്ളത്. ഇത് കൊടുങ്കാടിന്റെയും , സഞ്ചരിപ്പാൻ വിഷമമായ മാർഗ്ഗത്തിന്റെയും പേർ' എന്ന് പാരമേശ്വരീ വ്യാഖാനം. അതിന്റെ തന്നെ ഭയങ്കരത്വം വർദ്ധിപ്പിക്കുന്നു, വൻ എന്ന പ്രയോഗം. മുള്ളുകൾ നിറഞ്ഞ, അസുരന്മാരാൽ നിറഞ്ഞ, കടന്നു പോകാൻ ബുദ്ധിമുട്ടുള്ള ഭയങ്കരമായ കാടിനെ, എന്ന് താല്പര്യം./ ദാവാനലം, ദാവ : കാട്ടുതീ. അനല : തീ, എന്നിരിക്കെ ദാവാനലം എന്ന പ്രയോഗം, മുൻപേ വിവരിച്ച ആയിരം സൂര്യന്മാരുടെ തീയിന്റെ ശക്തിയെ മേൽ വർദ്ധിപ്പിക്കാനെത്രെ. /സാഹസ്രാരകമാം. ആയിരം മുനകളുള്ള. ആയിരം എന്നത് ഇവിടെയും അസംഖ്യം എന്ന അർത്ഥത്തിലെടുത്താൽ, കണ്ണിലൊതുങ്ങാത്തത്ര മുനകളുള്ള എന്ന അർത്ഥം കിട്ടും. അങ്ങനെയുള്ള സുദർശന. കാണാൻ ഭംഗിയുള്ള. കാഴ്ചയിൽ ആനന്ദം ലഭിക്കുന്ന . മഹാചക്രം. ചക്രം തിരിയുന്നത് നിൽക്കാതെ കടന്നു പോകുന്നത്. കാലത്തെയും ദ്യോതിപ്പിക്കുന്നു. മഹാചക്രം. ആ ചക്രത്തിന്റെ മാഹാത്മ്യം സൂചിപ്പിക്കുന്നു./ ഹരേ താവകം. അത് വിഷ്ണുവിന്റെ മാത്രമാണ്./ ദാഹം ചെയ്‌വൂ. ദഹി

**(ശേഷം 27-ാം പേജിൽ)**

# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203

ഒന്നാം അദ്ധ്യായത്തിലെ, അതായത് സമാധി പാദത്തിലെ ഇരുപത്തിയാറാം സൂത്രം നോക്കാം.

സ പൂർവേഷാമപി ഗുരു : കാലേന അനവച്ഛേദാത്.

കാലത്തിന്റെ പരിധിയില്ലാത്തതു കൊണ്ട് ഈശ്വരൻ മുൻ ഗുരുക്കന്മാരുടെയും ഗുരുവാണ്. ഈശ്വരനെ കാലം ബാധിക്കില്ല. കാലമാണല്ലോ എല്ലാറ്റിനെയും നശിപ്പിക്കുന്നത്. കാലം ബാധിക്കാത്തതിനെയാണ് നാം പുതിയതെന്നു വിളിക്കുന്നത്. സൃഷ്ടിയുടെ ആദിയില്ലെന്നപോലെ ഈശ്വരൻ എന്നും പുതുതാണ്. പൂർവികരായ ഗുരുക്കന്മാരൊക്കെ കാലത്തിനടിപ്പെട്ടു പോയി. ഹിരണ്യഗർഭൻ, അംഗിരസ് എന്നിങ്ങനെ അനേകം ഗുരുക്കന്മാരുണ്ടായിരുന്നു. ഈശ്വരൻ അവരുടെയും ഗുരുവായിരുന്നു.

ഗൃ എന്ന ധാതുവിന് ശബ്ദം (ഉപദേശം) എന്നും വിജ്ഞാനം (അറിവ്) എന്നും അർത്ഥം വരും. അപ്പോൾ ഗുരു എന്ന വാക്കിന് ഉപദേശിക്കുന്നവൻ, ജ്ഞാനി എന്നീ അർത്ഥങ്ങൾ വരും. ദേഹധാരികളായ ഗുരുക്കന്മാർ പഠനവും പാഠനവും നടത്തുന്നുണ്ട്.. അവർ മരിക്കുകയും ചെയ്യുന്നു. ഈശ്വരനാണ് അവരുടെ ബുദ്ധിയിലും ജ്ഞാനപ്രകാശം പരത്തുന്നത്. നിഗരണം ചെയ്യുന്നവൻ എന്നും ഗുരുവിനർഥമുണ്ട്. അജ്ഞാനത്തെ നശിപ്പിക്കുന്നവൻ എന്നർത്ഥം. ഈശ്വരന് ദേഹമില്ല, രൂപമില്ല, കാലമില്ല, മരണവുമില്ല. അതുകൊണ്ടു തന്നെ ഒരു ഗുരുവും ഈശ്വരനു മേലെയല്ല. അങ്ങിനെ പറയുന്നത് ഗുരുനിന്ദയുമല്ല. ഗുരുഭക്തി അഭിലഷണീയം തന്നെയാണ്. അതിൽ ഗുരുത്വം ഇരിക്കുന്നുണ്ട് താനും.

കാര്യോപാധിരയം ജീവ :
കാരണോപാധിരീശ്വര :

ജീവന്മാർ കാര്യമാണ്. കാരണ ഉപാധി ഈശ്വരനും എന്ന് സ്മൃതി.പൂർവേഷാം എന്നതിന് സൃഷ്ടിക്കു മുമ്പുള്ളവരുടെ, അതായത് ബ്രഹ്മാ - വിഷ്ണു - മഹേശ്വരന്മാരുടെയും ഗുരു എന്നെടുക്കാം. അവർക്കും വേദാദികളിലൂടെ ജ്ഞാന ചക്ഷുസ്സിനെ കൊടുക്കുന്നവലാണീശ്വരൻ. ആധുനിക കണ്ടുപിടുത്തങ്ങൾ നടത്തുന്ന ശാസ്ത്രജ്ഞന്മാർ അവരുടെ കഴിവുകൊണ്ടാണ് കാര്യങ്ങൾ നടക്കുന്നതെന്ന് മേനി നടിക്കാറുണ്ട്. വാസ്തവത്തിൽ അവർ ഒരു സർവജ്ഞന്റെ കയ്യിലെ ഉപകരണം മാത്രമാണ്. ഈ മനോഭാവമില്ലാത്തതാണ് ഇന്നത്തെ പല അറിവുകളും മനുഷ്യരാശിക്കു നാശം വിതയ്ക്കുന്നത്.

ആരാണോ മുമ്പ് ബ്രഹ്മാവിനെ സൃഷ്ടിക്കുകയും അവന് വേദങ്ങൾ നൽകുകയും ചെയ്തത് (യോ ബ്രഹ്മാണം വിദധാതി പൂർവം യോ വൈ വേദാംശ്ച പ്രഹിണോതി തസ്മൈ) എന്ന് വേദത്തിലുണ്ട്. ഈശ്വരൻ സർവരുടെയും പിതാവായും സർവാന്തര്യമിയായും ഉള്ള ആത്മേശ്വരൻ തന്നെയെന്നും വേദാന്തം.

ജനിതാ ചോപനേതാ ച
യശ്ച വിദ്യാം പ്രയച്ഛതി
അന്നദാതാ ഭയത്രാതാ
പഞ്ചൈതേ ഗുരവ : സ്മൃതാ :

ജനിപ്പിച്ചയാളും ഉപനയിച്ചയാളും വിദ്യ നല്കുന്നവനും അന്നദാതാവും ഭയത്തിൽ നിന്നു രക്ഷിക്കുന്നവനും- ഇവരഞ്ചും ഗുരുക്കന്മാരാണ് എന്ന് ചൊല്ലുണ്ട്. ആൺമക്കളില്ലാത്ത നമ്പൂതിരിമാർ കൂടുതൽ ആൺമക്കളുള്ള സഹോദരന്മാരുടെ മക്കളിലൊരുവനെ ഉപനയിക്കും. അങ്ങിനെ അച്ഛന്റെ (ഗുരുവിന്റെ) സ്ഥാനം നേടും. മരണാനന്തര കർമ്മങ്ങൾ ചെയ്യാൻ അധികാരിയെ നേടും.

മൂന്നു തരം ഗുരുക്കന്മാരെപ്പറ്റി ഓഷോ പറയുന്നുണ്ട്. ധാരാളം വിവരങ്ങൾ ശേഖരിച്ചു വെക്കുന്നവനാണ് ഒന്നാമൻ. വിദ്യാർത്ഥിയുമായി വ്യത്യാസം വിവരത്തിന്റെ അളവിൽ മാത്രം. ഒന്നും ഉള്ളിൽ കയറിയിട്ടില്ല. വെറും മൈക്ക്. താല്പര്യമറിയാതെ പഠിച്ചതു പാടുന്നു. വിദ്യാർത്ഥിയിൽ മാറ്റമൊന്നും അവന് വരുത്താൻ കഴിയില്ല. രണ്ടാമൻ സത്യം ദർശിച്ചവനാണ്. പക്ഷെ അത് പറയാൻ ധൈര്യമില്ലാത്തവരും ഉണ്ട്. ഹെറാക്ലിറ്റസ്സിനെ പോലെ. ഞാൻ അന്വേഷിച്ചു. കണ്ടെത്തി എന്നു പറയില്ല. എന്നാൽ ബുദ്ധനോ ? അന്വേഷിച്ചു എന്നല്ല. ഞാൻ എല്ലാം അറിഞ്ഞു. മറ്റാരും ഇതുവരെ അറിയാത്തതും അറിഞ്ഞു. സംശയത്തിന്റെ കണികയില്ല. അത്തരം ഗുരുക്കന്മാർ ശിഷ്യരിൽ പരിവർത്തനമുണ്ടാക്കും. പറിച്ചു നടും. അതുവരെ നടന്ന വഴിയിൽ നിന്നും മാറ്റി നടത്തിക്കും. ഭൂതകാലം തന്റെ തന്നെയായിരുന്നില്ലേ എന്നു ശിഷ്യൻ ശങ്കിക്കും. ചിലർ ഭയപ്പെട്ട് തിരിച്ചോടിയെന്നും വരും. ഒരാൾ രമണമഹർഷിയുടെ അടുത്തു ചെന്നു. ഞാൻ വളരെ ദൂരത്തു നിന്നു വരികയാണ്. അങ്ങയുടെ അടുത്തു നിന്നു പഠിക്കാൻ വന്നതാണ്. മഹർഷി ചിരിച്ചു. പഠിക്കാനാണെങ്കിൽ മറ്റെവിടെയെങ്കിലും ചെല്ലൂ. പഠിച്ചതിനെ കളയാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. നിങ്ങൾ കൂടുതൽ പഠിച്ചതാണ് നിങ്ങളുടെ പ്രശ്നം. അതെങ്ങിനെ ഇല്ലാതാക്കാമെന്നാണിവിടെ പഠിപ്പിക്കുന്നത്. പഠിതാവും ശിഷ്യനും വ്യത്യസ്തരാണ്. പഠിതാവിന് അറിവു മതി. ശിഷ്യന് പരിവർത്തനമാണ് വേണ്ടത്. അതിന് എന്തു സാധന ചെയ്യാനും അവൻ സന്നദ്ധനാണ്.

മൂന്നാമതൊരു തരമുണ്ട്. ഗുരുക്കന്മാരുടെ ഗുരു. കാലാതീതൻ. ഈശ്വരൻ. ദേഹമില്ലാത്തവൻ. മഹാഗുരുക്കന്മാർ മരണശേഷം ഇത്തരത്തിലായി തീരുന്നു. വരും തലമുറയിലെ ഗുരുക്കന്മാരെ ബുദ്ധരാക്കി തീർക്കുന്നു. ബുദ്ധന്റെ നിർവാണ ദിനത്തിൽ, വൈശാഖ പൗർണമിയിൽ, കൈലാസത്തിലെ ആ മഹാപരിനിർവാണ സ്ഥാനത്തിൽ 500 ബുദ്ധ ഗുരുക്കന്മാർ കൂടിച്ചേരും. അന്ന് അവർക്ക് ബുദ്ധന്റെ ദർശനമുണ്ടാകും. അത് ബുദ്ധന്റെ ഒരു വാഗ്ദാനമാണ്. എണ്ണം 500 ൽ ഒന്നു കുറഞ്ഞാൽ ബുദ്ധദർശനമുണ്ടാവില്ല.

ആഗ്രഹങ്ങളാണ് കാലത്തെ ഉണ്ടാക്കുന്നത്. ആഗ്രഹമില്ലാത്തവർക്ക് കാലത്തെയും കാലനെയും ഭയമില്ല. ഭാവിയെ ഭയമില്ല. വർത്തമാനത്തിൽ ആഗ്രഹമില്ല. ഭാവിയുണ്ടെങ്കിലേ ഉള്ളൂ. അങ്ങിനെ കാലത്തെ കടന്നു വെക്കുന്നവൻ ഗുരുക്കന്മാരുടെ ഗുരുവായിത്തീരും.

---

(25-ാം പേജിൽ നിന്ന് തുടർച്ച)

പ്പിക്കുന്നു./ ജഗത്രയം. സ്വർഗ്ഗ, ഭൂമി, പാതാളങ്ങൾ./ വിലയകാലെ. എല്ലാം ഒന്നായി ലയിക്കുന്ന സമയത്ത്. കല സംഖ്യാനേ എന്ന പ്രമാണമനുസരിച്ച് കണക്കാക്കുന്നത് കാലം. വിലയം വിശേഷേണ ലയനം. ആ ലയനത്തിന്റെ വിശേഷം സൂചിതം. അതിന് കണക്കാക്കപ്പെടുന്ന ഒരു പ്രത്യേക സമയമുണ്ടെന്നർത്ഥം. ആ സമയത്ത്./കാലരൂപേണ. കാലന്റെ രൂപത്തിൽ. വഴിപോലെ പോകുന്നത് എന്ന് പരമേശ്വരൻമൂസത്. എന്ത് എപ്പോൾ ചെയ്യണം എന്നറിയുന്ന ശക്തി./ നിൻ. നിന്റെ, ആരുടെ മാത്രം ആയുധമാണോ ആ നിന്റെ മേല്പറഞ്ഞ സുദർശനം./ മാഹാത്മ്യസ്തുതി മഹത്തായിരിക്കുന്ന, വളരെ വലുതും വിസ്തൃതവുമായ നിന്റെ അവസ്ഥയെ പറ്റിയുള്ള കീർത്തനങ്ങൾ. ചെയ്‌വവന്നമൃതമായ്തീരുന്നു. കാലാഗ്നിയും. കത്തിച്ച് നശിപ്പിക്കുന്ന തീ പോലും ജീവൻ നൽകുന്ന അമൃതായിത്തീരുന്നു. കാലത്തെ അതിജീവിക്കുന്നു. സുദർശന മന്ത്രോപാസനയിലൂടെ അമരത്വം ലഭിക്കുന്നു.

---

# വിശേഷ ദിവസങ്ങൾ

## 2019 ജനുവരി16 മുതൽ ഫെബ്രുവരി 14 വരെ

| | | |
|---|---|---|
| ജനുവരി | 16 | മകരഭരണി, മാട്ടുപൊങ്കൽ |
| | 19 | എറണാകുളം ശിവക്ഷേത്രത്തിൽ ആറാട്ട്, ഗുരുവായൂർ ധ്വജപ്രതിഷ്ഠാദിനം |
| | 20 | വളഞ്ഞമ്പലം ക്ഷേത്രത്തിൽ കൊടിയേറ്റ് |
| | 21 | തൈപ്പൂയ്യം, പഴനി രഥോത്സവം |
| | 23 | നേതാജി ജയന്തി |
| | 26 | റിപ്പബ്ലിക് ദിനം |
| | 27 | വളഞ്ഞമ്പലം ക്ഷേത്രത്തിൽ ആറാട്ട് |
| | 30 | ഗാന്ധിസ്മരണദിനം |
| ഫെബ്രുവരി | 5 | എറണാകുളം ശിവക്ഷേത്ര ധ്വജപ്രതിഷ്ഠ |
| | 6 | പൊന്നേത്ത് കാവ് ഭഗവതിക്ഷേത്രം കൊടിയേറ്റ് |
| | 7 | ഏറ്റുമാനൂർ കൊടിയേറ്റ് |
| | 9 | തിരുവൈരാണികുളം ക്ഷേത്രത്തിൽ കൊടിയേറ്റ് |
| | 12 | പൊന്നേത്ത് കാവ് ഭഗവതി ക്ഷേത്രത്തിൽ ആറാട്ട് |
| | 13 | ചോറ്റാനിക്കര കൊടിയേറ്റ് |
| | 14 | ഏറ്റുമാനൂർ ഏഴരപൊന്നാന ദർശനം |

# വർഷാരംഭത്തിൽ ഒരു ചിന്ത

ഡോ. സി. ശാന്തകുമാരി

മാനസികവും, ആദ്ധ്യാത്മികവും ശാരീരികവുമായ ശക്തികളുടെ വികസനത്തെ വിദ്യാഭ്യാസമെന്നു ചുരുക്കിപ്പറയാം. ത്രികരണങ്ങളുടെ പരിപോഷണം വിദ്യാഭ്യാസം നൽകുന്നു. സൃഷ്ടികളിൽ ശ്രേഷ്ഠനായ മനുഷ്യന് ഈ മൂന്നു ഘടകങ്ങളിലും സമതുരിതമായ വളർച്ചയാണ് ഉണ്ടാകേണ്ടത്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം അറിവു നേടൽ മാത്രമല്ല സ്വഭാവരൂപവൽക്കരണവും കൂടിയാണ് . വലിയ പണ്ഡിതനാണെങ്കിലും ദുസ്വഭാവിയായാൽ അറിവിന് അർത്ഥമില്ലാതാകുന്നു. ഇന്നത്തെ വിദ്യാഭ്യാസം ശാസ്ത്ര സാങ്കേതിക പരിജ്ഞാനത്തിനാണ് കൂടുതൽ ശ്രദ്ധ കൊടുക്കുന്നത്. ഭാഷാവിഷയങ്ങളും അതുപോലുള്ള കാര്യങ്ങളും ശാസ്ത്ര സാങ്കേതിക വിഷയങ്ങൾക്കു മുൻപിൽ പുറകോട്ടു ഏറെ തള്ളപ്പെട്ടു പോകുന്നതിനാൽ അവയിൽ നിന്നു കിട്ടുന്ന സദാചാരബോധവും ധാർമ്മിക മൂല്യങ്ങളും ആധുനിക വിദ്യാഭ്യാസ രീതിയിൽ തളർന്നു പോകുകയാണ്. അതുകൊണ്ട് ഗുരുകുല വിദ്യാഭ്യാസത്തിലേക്കു മടങ്ങി പോകണമെന്നല്ല പറഞ്ഞുവരുന്നത്. മനുഷ്യന് സമയ സന്ദർഭങ്ങൾക്കനുസരിച്ച് സൽസ്വഭാവിയായി പെരുമാറാനും നേടുന്ന വിദ്യാഭ്യാസം സഹായിക്കണം. ഇത് അവന് എവിടെ നിന്നാണ് ലഭിക്കുക.

അനുസരണം, ദൈവ ഭക്തി, കാരുണ്യം, വിനയം തുടങ്ങിയ നല്ല കാര്യങ്ങൾ കുട്ടിക്കാലം മുതലേ ശീലിക്കേണ്ടതുണ്ട്. നേരായ മാർഗ്ഗത്തിലേക്കു മനുഷ്യനെ നയിക്കാൻ ഈ ഗുണങ്ങൾ സഹായകരമാകും കുട്ടിക്കാലം സാധാരണ സ്വന്തം മാതാപിതാക്കന്മാരുടെ കൂടെയാണ് സംഭവിക്കുക. കുഞ്ഞിന്റെ വളർച്ചയിലെ ഓരോ ചുവടുവെപ്പിലും വിശേഷിച്ചും മാതൃസ്പർശവും ശകാരവും സ്വാഭാവികമാണ്. അതുകേട്ടും വാത്സല്യം നുകർന്നും വളരുന്ന കുഞ്ഞ് ശരിതെറ്റുകളുടെ ബാലപാഠം ഗൃഹാന്തരീക്ഷത്തിൽ നിന്ന് പഠിച്ച് തുടങ്ങുന്നു. ഇതിന്റെ വളർച്ച വിദ്യാഭ്യാസകാലത്ത് ഗുരുക്കന്മാരിലൂടെ, കൃതികളിലൂടെ പൂർണ്ണമാകുന്നു.

കാരുണ്യത്തിന്റെ സ്നേഹത്തിന്റെ പ്രതീകമായ കുടുംബാന്തരീക്ഷത്തിൽ വളർന്നു വന്നിരുന്ന പെൺകുട്ടികൾ അവരുടെ മക്കൾക്കു സ്വന്തം ഗുണങ്ങൾ പങ്കിട്ടുകൊടുത്തു. എന്നാൽ കാലം കടന്നുപോകുകയും മനുഷ്യരെ ഏറെ വളർത്തുകയും ചെയ്യുന്നു. ഈ വളർച്ച പലപ്പോഴും പരിമിതികളെപ്പോലും മറന്ന് മുന്നോട്ടു പോകാൻ സ്ത്രീയെ പ്രേരിപ്പിച്ചു. പുരുഷൻ Status നും സുഖലോലുപതക്കും സാമ്പത്തികതക്കും പ്രാധാന്യം കൊടുത്തപ്പോൾ സ്ത്രീയെ പ്രചോദിപ്പിച്ചത് സ്വാതന്ത്ര്യവും തടസ്സങ്ങളെ തട്ടിമാറ്റി മുന്നോട്ടു പോകുവാനുള്ള പ്രയത്നശീലവും ഒക്കെ ആയിരുന്നു.

അവളുടെ കർമ്മ രംഗം ആധുനിക കാലത്ത് വളരെ വലുതായി. കുടുംബ സമ്പാദ്യത്തിന്റെ ഒരോഹരി സ്വയം പ്രയത്നിച്ചു കൊണ്ടുവരാനും കുടുംബം നോക്കാനും കൂടിയുള്ള ബാദ്ധ്യത അവളിൽ വന്നു ചേർന്നു. വീട്ടിലും ജോലി സ്ഥലത്തും സമൂഹത്തിലും ഈ ബാദ്ധ്യത അവൾക്ക് പരിമിതികളും ഇല്ലായ്മകളും നിഷേധവും ഉണ്ടാക്കിയപ്പോഴും നിലനിൽപ്പ് പ്രധാനമായതുകൊണ്ട് സ്ത്രീക്ക് മുമ്പോട്ടു തന്നെ നീങ്ങേണ്ടി വന്നു. പലപ്പോഴും വിമർശനത്തിന്റെയും പ്രശ്നത്തിന്റെയും കൂർത്ത കൽമുനകൾ ശരീരത്തിലും മനസ്സിലും ഏൽക്കേണ്ടി വരിക സാധാരണം മാത്രം. ഈ മുനകൾ ഉണ്ടാക്കിയ വേദന കുടുംബ ജീവിതത്തിലും പ്രതിഫലിക്കുക സ്വഭാവികം മാത്രം. ജോലി സ്ഥലത്തു നിന്നും വീട്ടിലെത്തി കുഞ്ഞുങ്ങളെ പഠനത്തിനിരുത്തുമ്പോൾ കർമ്മ രംഗത്തിലെ വേദനയും തിരക്കും ബദ്ധപ്പാടും കുടുംബാന്തരീക്ഷത്തിൽ നിഴലുകൾ പരത്തും. സ്വന്തം കുട്ടിയെ മറ്റു കുട്ടികൾക്കൊപ്പമോ മുകളിലോ ആക്കി ഉയർത്തിക്കൊണ്ടു വരിക എന്ന മോഹം അറിഞ്ഞു പകർന്നു കൊടുക്കുന്നതിനിടക്ക് അമ്മയറിയാതെ അമ്മയുടെയും കുഞ്ഞിന്റെയും സ്വഭാവത്തേയും മനസ്സിനേയും മാറ്റി മറിക്കുന്നു. ഗൃഹനാഥൻ സ്വന്തം കല്പനകളിലും വെല്ലുവിളികളിലും സുഖജീവിതത്തിലും സ്വാർത്ഥതല്പരനും കൂടിയാവുമ്പോൾ അമ്മയുടെ മനസ്സിലെ കനലുകൾക്ക് ശക്തി കൂടുകയാണ്. ഇത് അവളെ എങ്ങോട്ടാണ് നയിക്കുക. മൂല്യങ്ങൾക്കു വില കല്പിച്ചു പെരുമാറിയ ക്ഷമാശീലയായ അമ്മ ക്രമേണ കുടുംബം സംരക്ഷിക്കുന്നതിലും മക്കളെ പോറ്റുന്നതിലും എല്ലാം ഒരു യന്ത്രമായി മാറും. ആ യാന്ത്രികത കുട്ടികളിലും കുടുംബത്തിലും പ്രതിഫലിക്കാതിരിക്കുമോ? അമ്മയുടെ വെറുപ്പും വൈരാഗ്യവും ക്രമേണ കുഞ്ഞുങ്ങളിലും ഏതെങ്കിലും തരത്തിൽ വേരൂന്നും. കുട്ടികളുടെ വിദ്യാഭ്യാസ രംഗത്തെ ഇത് സാരമായി ബാധിക്കും. സാമ്പത്തികത്തിനു വേണ്ടിയുള്ള പരക്കം പാച്ചിൽ കൂടുന്നതനുസരിച്ച് മാതാപിതാക്കൾക്കിടയിൽ സംഭവിക്കുന്ന വഴക്കുകളും വയ്യാവേലികളും കുടുംബ ജീവിതത്തെ ഉലക്കും. ഈ ഉലച്ചിൽ ഏറ്റവും ശക്തമായി കുഞ്ഞുങ്ങളിലാണ് ചലനമുണ്ടാക്കുക. നിഷേധിയും വാശിക്കാരനുമായി മാറുന്ന കുട്ടി ക്രമേണ ആ ലോകം സ്വന്തം വ്യക്തിത്ത്വത്തിലും അവനിഷ്ടമില്ലാത്ത ശുഷ്ക വിഷയങ്ങളിലും നിരത്തും.

വിദ്യാഭ്യാസ രംഗത്തിൽ, ആധുനിക രീതിയുമായി ബന്ധപ്പെട്ടുകിടക്കുന്ന പ്രവേശന പരീക്ഷകളും റാങ്കുകളും വിഷയങ്ങൾ അടിച്ചേല്പിക്കലും സ്വാതന്ത്ര്യക്കുറവും അവരെ പഠിക്കാൻ പ്രേരിപ്പിച്ചാലും സ്വഭാവ രൂപവത്ക്കരണം എന്ന വിദ്യാഭ്യാസ ലക്ഷ്യത്തിൽ പാടെ പരാജയപ്പെടും. വീട്ടിൽ കാരുണ്യവും സ്നേഹവും വിനയവും അനുസരണയും ഇല്ലാതെ വിദ്യാലയത്തിൽ എത്തിച്ചേരുകയും പലപ്പോഴും സ്വന്തം വഴി തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യനിഷേധവും കൂടിയാകുമ്പോൾ വീണ്ടും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം അകന്നകന്നു പോകുക സാധാരണമാണ്.

ഈ അകൽച്ച എങ്ങനെ ഒഴിവാക്കാനാകും എന്ന് ഓരോ കുടുംബവും ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇനിയും വൈകിയാൽ നമുക്കു നമ്മുടെ നല്ല കുഞ്ഞുങ്ങളെ എന്നന്നേക്കുമായി നഷ്ടപ്പെടും. നല്ല അമ്മമാരും അപ്രത്യക്ഷരാകും. സ്ത്രീ എന്ന ശക്തി നഷ്ടപ്പെട്ടാൽ പുരുഷന്റെ കാര്യവും വിഷമത്തിലാകും. ഈ രംഗത്ത് ഒരമ്മയ്ക്ക് എന്താ ചെയ്യാനാകുക. അമ്മയുടെ കാര്യം എടുത്തു പറയാൻ കാരണമുണ്ട്. കുട്ടികളെ സംബന്ധിച്ച് അവരുടെ ബാല്യ കൗമാരങ്ങളിൽ അമ്മ ഒരു വലിയ പ്രചോദന കേന്ദ്രമാണ്. എന്നു വച്ച് അമ്മയ്ക്ക് ഉദ്യോഗം ഉപേക്ഷിക്കാമോ ? മക്കളെ ഉപേക്ഷിക്കാമോ? ഭർത്താവിനെ ഉപേക്ഷിക്കാമോ? പാടില്ല അപ്പോൾ അമ്മമാർ എന്താണ് ചെയ്യേണ്ടത് വ്യക്തിപരമായ പ്രശ്നങ്ങളും , ദാമ്പത്യ പ്രശ്നങ്ങളും, ഔദ്യോഗിക പ്രശ്നങ്ങളും പിരിമുറുക്കങ്ങളും അതാത് സ്ഥലത്ത് പരിഹരിക്കുക. നിഷ്കളങ്കരും വാത്സല്യം അർഹിക്കുന്നവരും ആയ കുട്ടികളുടെ മുന്നിലേക്കു ഇതു കൊണ്ടു വരാതിരിക്കുക. കുഞ്ഞിനു മുമ്പിൽ തനിക്കു സ്വീകാര്യമായി സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും പ്രതീകമായും അമ്മ ഉണ്ടായിരിക്കട്ടെ. അമ്മയുടെ പര്യായമാണല്ലോ ക്ഷമ. ഈ ഗുണം ഒരു പരിധി വീട്ടു ഗൃഹനായിക നഷ്ടപ്പെടുത്താതിരിക്കട്ടെ പോരാ.... അമ്മയുടെ വീട്ടു ജോലികളിൽ അച്ഛനും പങ്കാളിയാകട്ടെ കുട്ടികളുടെ മുൻപിൽ മറ്റു പ്രശ്നങ്ങൾ മാറ്റി അവർക്കു വേണ്ടിയാണ് ഈ ജീവിതമെന്നു ബോദ്ധ്യപ്പെടുത്തി വളർത്തട്ടെ. നമ്മുടെ കുട്ടികൾ സ്നേഹത്തിന്റെ തണലിൽ സാന്ത്വനത്തിന്റെ കുളിർകാറ്റേറ്റ് വളരട്ടെ. ഒരു ചിരി, ഒരു തലോടൽ, ഒരാശ്വാസ വാക്ക്, ഒരു നോട്ടം, ഒരഭിനന്ദനം മാതാപിതാക്കളിൽ നിന്നാകുമ്പോൾ ഇതിൽ നിന്നൊക്കെ അവരവർക്ക് ഊർജ്ജം നേടി ഉയരാം. നമ്മുടെ അദ്ധ്യാപികമാരും കർമ്മോന്മുഖതക്കൊപ്പം, പഠിപ്പിക്കലിനൊപ്പം സ്നേഹത്തിന്റെ ഊർജ്ജം ശിഷ്യന്മാർക്ക് കൊടുക്കട്ടെ. അദ്ധ്യാപകരുടെ വാത്സല്യവും അവർക്ക് പ്രചോദനം തന്നെയാണ്. അല്ലെങ്കിൽ ദ്രോണാചാര്യരുടെ മൺപ്രതിമയുണ്ടാക്കി അദ്ദേഹത്തെ മനസാ ഗുരുവായി വരിച്ച് ശസ്ത്രവിദ്യ പരിശീലിക്കാൻ ഏകലവ്യൻ തയ്യാറാകുമായിരുന്നില്ലല്ലോ. ശിഷ്യനായി അംഗീകരിക്കില്ല എന്ന് ദ്രോണർ പറഞ്ഞപ്പോൾ ഏകലവ്യൻ നിരാശനായില്ല. ദ്രോണാചാര്യർ അവനൊരു കാന്തിക ശക്തിയായിരുന്നു. പന്ത്രണ്ടു വർഷം തന്നെ പീഡിപ്പിച്ചിരുന്ന രോഗം യേശുവിന്റെ വസ്ത്രത്തുമ്പിൽ സ്പർശിച്ചപ്പോൾ മാറിയ കാനായിലെ സ്ത്രീയെക്കുറിച്ച് ബൈബിളിൽ പറയുന്നതും ഓർക്കത്തക്കതാണ്. വിദ്യാലയങ്ങളിലേക്കു വരുന്ന കുഞ്ഞുമുഖങ്ങൾ ചിരിച്ചു വളരട്ടെ. വിഷയങ്ങൾ തിരഞ്ഞെടുക്കുമ്പോൾ അവരുടെ ഇഷ്ടത്തിനു മുൻഗണന നൽകുക. എല്ലാവരും ഡോക്ടറും എഞ്ചിനിയറും ആയാൽ മറ്റു ജോലികൾക്കാരാണ്. നല്ല വിദ്യാഭ്യാസം കൊണ്ട് നല്ല പൗരന്മാർ ഉണ്ടാകട്ടെ. ഭാരതത്തിന്റെ പാരമ്പര്യം പുലരട്ടെ.

## 5-ാം ചരമവാർഷികം

**19.01.2019**



**പി.എ. നാരായണപിള്ള**
പേരേപറമ്പിൽ ഹൗസ്
വട്ടേക്കുന്നം
ഇടപ്പള്ളി നോർത്ത്.പി.ഒ

## 25-ാം ചരമവാർഷികം

**21.01.2019**



**മേലങ്ങത്ത്**
**ഗോവിന്ദൻകുട്ടി മേനോൻ**
'മേലങ്ങത്ത്', ആലപ്പാട്ട് റോഡ്
രവിപുരം, കൊച്ചി-682016

## 13-ാം ചരമവാർഷികം

**22. 01 .2019**



**രവീന്ദ്രൻ വി.പി**
ആനന്ദ്, താന്നിക്കൽ
കീർത്തിനഗർ റോഡ്, എളമക്കര
*- സന്തപ്ത കുടുംബാംഗങ്ങൾ*

## 36-ാം ചരമവാർഷികം

**29.01.2019**



**എഴുത്തുള്ളിൽ**
**ശിവശങ്കര മേനോൻ**
39/5400, ഹരിശ്രീ, ആലപ്പാട്ട് ക്രോസ് റോഡ്
രവിപുരം, കൊച്ചിൻ - 682016





# 16-ാം ചരമവാർഷികം

**06.01.2019**



# കെ. സി. ഗോപിനാഥമേനോൻ

**സന്തപ്ത കുടുംബാംഗങ്ങൾ**

8)

# രാജനഗരിക്കൊരു വജ്രകിരീടം

**യു. എസ്. രവീന്ദ്രൻ ഫോൺ : 9496120978**

തൃപ്പൂണിത്തുറ നിവാസികൾക്ക് ഈ പുതുവത്സരത്തിൽ സന്തോഷിക്കാൻ ഏറെയുണ്ട്. കേന്ദ്രഗവൺമെന്റിന്റെ സംയോജിത ഊർജ്ജ വികസന പദ്ധതിയുടെ ഭാഗമായി 25 കോടിയോളം രൂപ ചിലവിൽ പണിതീർത്തിട്ടുള്ള അത്യാധുനിക ഇലക്ട്രിസിറ്റി സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യപ്പെടുകയാണ്. ഇതുവരെ കണ്ടനാട്, വൈറ്റില , പുത്തൻകുരിശ് സബ്സ്റ്റേഷനുകലിൽ നിന്നുള്ള വൈദ്യുത വിതരണശൃംഖല ഉപയോഗിച്ചാണ് തൃപ്പൂണിത്തുറയിലെ വൈദ്യുത വിതരണം നടന്നുകൊണ്ടിരുന്നത്. പുതിയ 66 കെ.വി / 11 കെ.വി സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യുന്നതോടെ തൃപ്പൂണിത്തുറയ്ക്കും സ്വന്തമായി സ്വതന്ത്രമായ ഒരു വിതരണ ശൃംഖല ലഭിച്ചിരിക്കുകയാണ്.

തൃപ്പൂണിത്തുറ - എരൂർ റോഡിൽ പുതിയ റോഡ് മുതൽ ആസാദ് ജംഗ്ഷൻ വഴി എസ്.എം. പി. കോളനി റോഡിൽ റെയിൽവേ ക്രോസിനു സമീപം സ്ഥാപിക്കപ്പെട്ടിട്ടുള്ള സബ്സ്റ്റേഷൻ വരെ പുതുതായി ഇട്ടിട്ടുള്ള ഭൂഗർഭ കേബിളുകൾ രണ്ടു സർക്ക്യൂട്ടുകളായി പ്രവർത്തിച്ച് വൈറ്റിലയിൽ നിന്നും പുത്തൻകുരിശിൽ നിന്നും 66 കെ വി വൈദ്യുതി നേരിട്ടെത്തിക്കുന്നു. ഇവിടെ സ്ഥാപിച്ചിട്ടുള്ള രണ്ടു ട്രാൻസ്ഫോർമറുകൾ 66 കെ വി വിദ്യുച്ഛക്തിയെ 11 കെ വിയാക്കി ആറു സർക്യൂട്ടുകളിലായി തൃപ്പൂണിത്തുറയുടെ വിവിധ ഭാഗങ്ങളിലേക്ക് വിതരണത്തിനായി എത്തിക്കുന്നു. നല്ല ഗുണമേന്മയുള്ള വിദ്യുച്ഛക്തി ഇടതടവില്ലാതെ ഇനി തൃപ്പൂണിത്തുറക്കാർക്ക് ലഭിക്കുന്നതാണ്.

ഒരു സാധാരണ സബ്സ്റ്റേഷൻ പണിയുമ്പോൾ ഒരേക്കറോളം സ്ഥലം ആവശ്യമാണ്. ഇൻസുലേഷൻ മാദ്ധ്യമം വായു ആയതിനാൽ രണ്ടു ഫേസുകൾ തമ്മിലും ഭൂമി തമ്മിലും രണ്ടരമീറ്ററെങ്കിലും അകൽച്ച നിലനിർത്തേണ്ടതുണ്ട്. അതിനാലാണ് സാധാരണ സബ്സ്റ്റേഷന് കൂടുതൽ സ്ഥലം വേണ്ടി വരുന്നത്. എന്നാൽ ഇവിടെ സ്ഥാപിച്ചിരിക്കുന്നത് അത്യന്താധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനാകയാൽ എല്ലാ ഉപകരണങ്ങൾക്കും കൂടി കേവലം 20 സെന്റോളം ഭൂമി മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. സൾഫർഹെക്സാഫ്ളൂറൈഡ് (SF 6) എന്ന വാതകം ഇൻസുലേഷൻ മാദ്ധ്യമമായി ഉപയോഗിച്ച് സബ്സ്റ്റേഷൻ (GIS - Gas Insulated Sub station) ജർമ്മൻ കമ്പിനിയായ സീമെൻസ് ആണ് നിർമ്മിച്ച് നൽകിയിട്ടുള്ളത്. ടെൽക്കിൽ നിർമ്മിച്ച രണ്ടു ട്രാൻസ്ഫോർമറുകൾ 66 കെ വിയെ 11 കെ വി യാക്കി വിതരണത്തിന് ഭൂഗർഭകേബിളുകളിലേക്ക് നൽകുന്നു. ജപ്പാനിലെ സുമിതോമോ കമ്പിനിയുടെ സാങ്കേതികോപദേശത്തിൽ ഇന്ത്യയിൽ ഫിനാലെക്സ് കമ്പിനി നിർമ്മിച്ച 66 കെ വി ഭൂഗർഭ കേബിളുകളാണ് ഉപയോഗിച്ചിരിക്കുന്നത്. ഒന്നര കിലോമീറ്റർ ദൂരത്തിൽ ആറടി താഴ്ചയിൽ കേബിളുകൾ സ്ഥാപിച്ച് ഉപകരണങ്ങളുമായി ബന്ധിപ്പിച്ചിരിക്കുന്നത്. പവർട്രാൻസ് എന്റർപ്രൈസസ് എന്ന കമ്പിനിയാണ്. ഒപ്ടിക് ഫൈബർ കേബിൾ വഴി ഈ സബ്സ്റ്റേഷന്റെ നിയന്ത്രണം കേരളത്തിലെ വൈദ്യുതിയുടെ സിരാകേന്ദ്രമായ കളമശ്ശേരിയിൽ നിന്നും കൂടി ചെയ്യാം എന്നതും തൃപ്പൂണിത്തുറ സബ്സ്റ്റേഷന്റെ പ്രത്യേകതയാണ്. ഈ പുതുവത്സര സമ്മാനം തൃപ്പൂണിത്തുറക്കാർക്ക് വേണ്ടി സമ്മാനിച്ച കേന്ദ്രഗവർമെന്റും ഇതിന്റെ ജോലികൾ സമയബന്ധിതമായി തീർത്ത കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡും അഭിനന്ദനം അർഹിക്കുന്നു.


**മാംഗല്യം**

**നായർ മാട്രിമോണിയൽ ഡാറ്റാ ബാങ്ക്**
***രജിസ്ട്രേഷൻ ചാർജ്ജ് - 1000 രൂപ**
**ടി.ഡി.എം. ഹാൾ കോംപ്ലക്സ്**
**ഡി.എച്ച്.റോഡ്, കൊച്ചി 682 016**
**ഫോൺ: 0484 2361160 (Ext. 32)**
**Web: www.karayogammangalyam.com/**
**www.karayogammangalyam.in**
**Email: ekmkgm@gmail.com**





# ERNAKULAM KARAYOGAM




A voluntary not for profit charitable, social and cultural organization, started in the year 1925, registered under the Travancore - Cochin Literary Scientific and Charitable Societies Act XII of 1955, as an association for promoting goodwill and amity among the various sections of the Society, Ernakulam Karayogam is a full-fledged social & charitable organization undertaking various welfare and charitable activities. Since inception the prestigious TDM Hall witnessed several historical events of national and political importance. Karayogam is marching towards its Centenary in the year 2025.

## TDM GANGA - PERIYAR a/c HALLS
### FOR MARRIAGES



OPTION -1
Rs.2,85,000/-
(sadhya for menu of Rs.150/- included)
No. of persons - up to 800



OPTION -2
Rs.3,25,000/-
(sadhya for menu of Rs.150/- included)
No. of persons - up to 1000

TDM Hall Ganga is a fully furnished air conditioned hall with a seating capacity of 1000 persons incorporates state of the art facilities set in an exquisite ambience. The air conditioned TDM Hall Periyar can accomodate 350 guests at a time for comfortable dining. The above facilities together is best suitable for grand weddings.

## TDM KAVERI - SOORYA a/c HALLS
### FOR MARRIAGES



OPTION -1
Rs.90,000/-
(sadhya for menu of Rs.150/- included)
No. of persons - up to 200



OPTION -2
Rs.1,10,000/-
(sadhya for menu of Rs.150/- included)
No. of persons - up to 300

This elegant, air conditioned, artistically crafted TDM Hall Kavery can accomodate 300 guests. The air conditioned TDM Hall Soorya can accomodate 90 guests at a time for dining. The above combination is a great choice for budget weddings.

## TDM YAMUNA - NILA a/c HALLS
### FOR MARRIAGES



OPTION -1

Rs.75,000/-
(sadhya for menu of
Rs.150/- included)
No. of persons - up to 150



OPTION -2

Rs.96,000/-
(sadhya for menu of
Rs.150/- included)
No. of persons - up to 250

This air conditioned TDM Hall Yamuna with a seating capacity of 250 together with air conditioned TDM Hall Nila having a dining capacity of 60 becomes a perfect choice for small marriages.

## TDM KAVERY - SOORYA a/c HALLS
### FOR ENGAGEMENTS



OPTION -1

Rs.75,000/-
(sadhya for menu of
Rs.150/- included)
No. of persons - up to 200



OPTION -2

Rs.95,000/-
(sadhya for menu of
Rs.150/- included)
No. of persons - up to 300

This elegant, air conditioned, artistically crafted TDM Hall Kavery can accomodate 300 guests. The air conditioned TDM Hall Soorya can accomodate 90 guests at a time for dining. The above combination is a great choice for Engagements.

## TDM YAMUNA - NILA a/c HALLS
### FOR ENGAGEMENTS



OPTION -1

Rs.63,000/-
(sadhya for menu of
Rs.150/- included)
No. of persons - up to 150



OPTION -2

Rs.84,000/-
(sadhya for menu of
Rs.150/- included)
No. of persons - up to 250

This air conditioned TDM Hall Yamuna with a seating capacity of 250 together with air conditioned TDM Hall Nila having a capacity of 60 guests becomes a perfect choice for Engagements.

## TDM NARMADA a/c HALL

A dream hall in the heart of Kochi City for all occasions. Most suitable for presentations, previews, seminars, board meetings, product launching, press conferences etc. with a seating capacity of 65. Facility for serving snacks /tea/soft drinks. This hall is aesthetically designed with built in HD video projector, 150" Projection screen, 7.2 surround audio system, Blu- ray/Hard disc/DTH play back system, fully automated theatre, Public address system etc.

Minimum Rent Rs.7500 up to 3 hours. Extra hours @ Rs.1500.



## TDM SARASWATHY HALL



This hall with a capacity of 50 is suitable for discussions, meetings, dining etc.

## TDM KRISHNA a/c HALL

An air conditioned grandeur Hall is of 2350 sq.ft. area. It is in the ground floor of TDM Hall complex with road frontage and is apt for exhibitions and meetings. Most suitable for exhibiting textiles, exhibition cum sales, demos etc.



## TDM PAMBA HALL



This hall at Second floor of TDM Hall Complex, suitable for dining and can accomodate 150 persons at a time.

## SRI DURGA BHAGAVATHY TEMPLE THRIKKADAKKAPPILLY



Thrikkadakkappilly Sri Durga Bhagavathi Temple is one of the ancient Durga Devi Temples situated in Cherai, Pallipuram Village, in Kochi Taluk. The temple belongs to a period prior to ninth century A.D. The temple is owned and managed by Ernakulam Karayogam Temple Trust.

## KAILASAM GUEST HOUSE

Seventeen spacious luxurious air conditioned rooms located in the TDM Hall premises. Excellent choice for accomodating guests for the marriages /engagements. Exclusive facilities in the guest house and location advantage are the major attractions.





### ROOM TARIFF

| TYPE | A-1 | A-2 | B-1 | B-2 | C | D |
|---|---|---|---|---|---|---|
| RENT | Rs.1750 | Rs.2000 | Rs.2200 | Rs.2350 | Rs.2600 | Rs.3500 |
| Check in Check out Time : 4.00 p.m. | | | | | | |

## PRASANTHI LADIES HOSTEL AND HOME FOR THE AGED



Prasanthi Ladies Hostel is another service provided for the working women and students of Kochi. It is situated at Palarivattom, 4 km away from TDM Hall complex, in a calm and quiet atmosphere and is very ideal for students and working women. Equipped with most modern amenities, udyana mandapam, spacious both inside and outside, it is considered as a home away from home. Prasanthi Home for the Aged is yet another initiative in its efforts to continue with their social commitment and obligation. Ernakulam Karayogam is committed in providing homely stay at affordable rates for the age old at the fag end of their life.

## *Conditions :

**i) The Package rate is inclusive of:**
a) Hall rent and cost of sadhya as per menu of Rs.150/- per person.
b) Use of Bride and Bridegroom rooms are from 7.00 a.m. to 2.00 p.m.

**ii) The following are excluded:**
a) Flower and Stage Arrangement charges
b) Extra items/ the differential rate for other menu if selected.
c) Additional charge for extra persons for sadhya as per package selected.
d) The package rate mentioned above is excluding GST and the same will be charged extra as per the rate prevailing at the time of function.
e) Security amount as demanded by the Karayogam from time to time.

**iii) Others**
a) Advance to be paid at the time of booking
b) Management reserves the right to alter tariff/security amount, if situation warrants.
c) Rules and regulations at the time of hall booking is applicable.

* Seventeen spacious most modern air conditioned rooms also available.

* TDM Hall Complex complies with Green Protocol rules.

## GUEST HOUSE AT GURUVAYUR







Ernakulam Karayogam is launching Navathi Memorial Guest House at Karakkat Road, Thekkenada, Guruvayur. The construction of the Guest House building is fast progressing. It will have 36 fully furnished air conditioned double rooms with state of the art facilities, conveyance to the temple from 3.00 a.m. to 6.00 a.m. and 7.00 p.m. to 10.00 p.m. Proximity to Railway station, KSRTC and Private Bus stands is another attraction.

**ERNAKULAM KARAYOGAM**
TDM Hall Complex, D.H.Road, Kochi-682016
Ph: +91-484-2361160, 2369589
Email : ekmkgm@gmail.com
Web:www.ernakulamkarayogam.com | Mobile App: Ernakulam Karayogam.




# ജഗദ് ഗുരു ശ്രീ ശങ്കരാചര്യർ

**എൻ. ഗോപിനാഥൻ നായർ**

കേരളീയ ദാർശനികാചാര്യനായി അറിയപ്പെടുന്ന ശ്രീ ശങ്കരൻ ഭാരതത്തിൽ സുപ്രസിദ്ധനാണ്. വിദേശങ്ങളിലും അദ്ദേഹം അപരിചിതനല്ല. അദ്വൈത സിദ്ധാന്തത്തിന്റെ പ്രചാരകനായിട്ടാണ് അദ്ദേഹം ലോകമെങ്ങും അറിയപ്പെടുന്നത്. ഹിന്ദുമത ദർശനങ്ങൾ അഥവാ സിദ്ധാന്തങ്ങൾ പ്രധാനമായും 4 എണ്ണമാണ്. അവ അദ്വൈതം, ദ്വൈതം, വിശിഷ്ടാദ്വൈതം, ശുദ്ധാദ്വൈതം എന്ന പേരുകളിലാണ് ഇവ അറിയപ്പെടുന്നത്.

1. അദ്വൈതം. ജീവാത്മാവ് , പരമാത്മാവിന്റെ ഭാഗമാണ്. ജീവൻ, ബ്രഹ്മത്തിൽ നിന്നും ഭിന്നമല്ല. അതിനാൽ സൃഷ്ടിയും സൃഷ്ടാവും ഒന്നു തന്നെയാണ്.

2. ദ്വൈതം . തത്ത്വമസി (തത് – ത്വം– അസി) ജീവാത്മാവും പരമാത്മാവും ഒന്നല്ല. രണ്ടു തന്നെയാണ്. സൃഷ്ടിയും, സൃഷ്ടാവും വേവ്വേറെയാണെന്ന് സാരം.

3. വിശിഷ്ടാദ്വൈതം – അദ്വൈത സിദ്ധാന്തത്തോടൊപ്പം തന്നെ ഈശ്വരന് പ്രത്യേകമായ ഒരു സ്ഥാനം കൽപിക്കുന്നു.

ശുദ്ധാദ്വൈതം . വല്ലഭ വേദാന്തം എന്ന പേരിലും ഇത് അറിയപ്പെടുന്നു. അദ്വൈതത്തോട് ഒത്തുപോകുന്നുണ്ടെങ്കിലും ചില കാര്യങ്ങളിൽ പൊരുത്തക്കേടുകൾ സ്വീകരിച്ചിട്ടുണ്ട്. 'പുരുഷോത്തമ പ്രസ്ഥാന രത്നാകരം' എന്ന ഗ്രന്ഥത്തിൽ ഇത് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

ശ്രീ ശങ്കരന്റെ ജീവചരിത്രം വിവിധ ഭാരതീയ ഭാഷകളിൽ പ്രചാരത്തിലുണ്ട്. മലയാളത്തിൽ പ്രധാനമായും രണ്ടെണ്ണമാണെന്ന് കരുതുന്നു. ഡോ. കുഞ്ചുണ്ണി രാജാ അവർകളാൽ രചിക്കപ്പെട്ട 'ശ്രീ ശങ്കരാചാര്യർ' എന്ന കൃതി കേരളസർക്കാരിന്റെ സാംസ്കാരിക വകുപ്പ് 1998 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റൊന്ന് 'ജഗദ്ഗുരു ശ്രീ ശങ്കരചാര്യർ' എന്ന ഗ്രന്ഥമാണ്. പ്രസിദ്ധനായ 'പണ്ഡിറ്റ് ദീനദയാൽ ഉപാധ്യായ'യാണ് ഇതിന്റെ കർത്താവ്. ഇതിന്റെ മലയാള പരിഭാഷ കുരുക്ഷേത്ര പ്രകാശൻ 2012 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ആദ്യത്തേതിൽ ശ്രീശങ്കരനെക്കുറിച്ചുള്ള വിവരണങ്ങളിൽ പ്രത്യേകിച്ചും ജനനവും ബാല്യവുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ ഐതിഹ്യങ്ങളും അതിശയോക്തികളും അങ്ങിനെ തന്നെ ചേർത്തിരിക്കുന്നു. എന്നാൽ ശ്രീ ഉപാധ്യായ ആകട്ടെ വസ്തുനിഷ്ഠമായ ഒരു പഠനം എന്ന രീതിയിലാണ് സംഭവങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. അടിസ്ഥാന പരമായി ശങ്കരൻ ഒരു ചരിത്രപുരുഷനും സനാതന ധർമ്മത്തിന്റെ അഥവാ വൈദീക മതത്തിന്റെ വക്താവും അദ്വൈത ദർശനത്തിന്റെ പ്രചാരകനുമായ ഒരു സന്യാസിയായിരുന്നു എന്നുള്ളത് തർക്കമറ്റ സത്യമാണ്. ആചാര്യസ്വാമികൾ രചിച്ചിട്ടുള്ള അനേകം വൈദിക ഗ്രന്ഥങ്ങളുടെ ഭാഷ്യങ്ങൾ ഈ യാഥാർത്ഥ്യത്തിന്റെ സാക്ഷിപത്രങ്ങളായി കാണേണ്ടിയിരിക്കുന്നു.

നമ്മുടെ രാഷ്ട്രനിർമ്മാതാക്കളിൽ ശ്രീ ശങ്കരാചര്യരുടെ സ്ഥാനം ഏറ്റവും ഉയർന്നതാണ്. ചാതുർവർണ്ണ്യത്തിന്റെ തിക്തഫലങ്ങൾ മൂലം തമ്മിലടിച്ച് ക്ഷയിച്ചുകൊണ്ടിരുന്ന ഒരു ജനതക്കുള്ള സിദ്ധൗഷധം ആയിരുന്നു അദ്വൈത ദർശനം. ആസേതുഹിമാചലം യാത്ര ചെയ്ത് ശൈവ– വൈഷ്ണവ വിശ്വാസങ്ങളുടെ ഏകത്വം ജനങ്ങളെ ബോധവത്കരിക്കാൻ അദ്ദേഹം നടത്തിയ ആശ്രാന്ത പരിശ്രമം ആരേയും അത്ഭുതപ്പെടുത്തുന്നതാണ്. ഇത്രയും ചുരുങ്ങിയ ഒരു ജീവിതകാലം കൊണ്ട് അദ്ദേഹം ചെയ്ത കാര്യങ്ങൾ ഒരു അവതാര പുരുഷന്റേതിന് തുല്യമാണെന്ന് പറയാം. കാലടിയിൽ തുടങ്ങിയ യാത്ര കാശ്മീരത്തിലെത്തി, അവിടെ വച്ച് അദ്ദേഹം 'സർവ്വജ്ഞപീഠം' കയറുക ആണല്ലോ ഉണ്ടായത്. തന്റെ 32 വർഷത്തെ ഹൃസ്വമായ ജീവിതകാലത്ത് അദ്ദേഹം ആത്മീയ രംഗത്തു നടത്തിയ പ്രവർത്തനങ്ങളും അതിലൂടെ ഭാരതത്തിന് പഠിപ്പിച്ചു കൊടുത്ത ഉജ്ജ്വലമായ അറിവുകളും ഏതൊരു ഭാരതീയനും അറിഞ്ഞിരിക്കേണ്ടതും അതിൽ അഭിമാനം കൊള്ളേണ്ടതുമാണ്. ശ്രീശങ്കരന്റെ ജീവിത കാലഘട്ടത്തെപ്പറ്റി പണ്ഡിതന്മാർക്കിടയിൽ ധാരാളം അഭിപ്രായ വ്യത്യാസങ്ങളുണ്ട്. സി. ഇ, 7–8 നൂറ്റാണ്ടുകൾക്കിടയിലാണ് അദ്ദേഹം ജീവിച്ചിരുന്നത് എന്നാണ് പൊതുവേ വിശ്വസിക്കപ്പെടുന്നത്. ശങ്കരൻ ജനിച്ചത് കേരളബ്രാഹ്മണർ അഥവാ മലയാള ബ്രാഹ്മണർ എന്നറിയപ്പെടുന്ന നമ്പൂതിരി സമുദായത്തിലാണല്ലോ. ഇത്തരുണത്തിൽ നമ്പൂതിരി സമുദായത്തിന്റെ പൂർവ്വകാല ചരിത്രം അറിഞ്ഞിരി

ക്കുന്നത് ഉചിതമാണെന്ന് തോന്നുന്നു.

കേരളത്തിലെ ഇന്നത്തെ നമ്പൂതിരിമാരുടെ പൂർവ്വികർ കേരളത്തിനു പുറത്തു നിന്നും , അതായത് മധ്യഭാരതത്തിലെ വിവിധ ദേശങ്ങളിൽ നിന്നും പല പല ഘട്ടങ്ങളിലായി കുടിയേറിയവരോ അഥവാ കുടിയേറ്റപ്പെട്ടവരോ ആണെന്ന് ചരിത്രരേഖകൾ വെളിവാക്കുന്നു. അവരുടെ പ്രവേശനത്തിന് മുൻപ് കേരളത്തിൽ ചാതുർ വർണ്ണ്യ വ്യവസ്ഥ ഇല്ലായിരുന്നു. അല്ലെങ്കിൽ മറ്റു പ്രദേശങ്ങളിലെപ്പോലെ പ്രകടമായിരുന്നില്ല എന്നാണ് ചരിത്രകാരന്മാരുടെ നിഗമനം. ജൈനബുദ്ധമതങ്ങൾ പ്രബലമായിരുന്ന ആ കാലഘട്ടത്തിൽ തൊഴിൽ പരമായ വേർതിരിവുകൾ ഉണ്ടായിരുന്നെങ്കിലും, അവ ജന്മം മൂലമുള്ള കുലത്തൊഴിലുകളായിരുന്നില്ല. സമൂഹത്തിൽ, ജനനം മുതൽ മരണം വരെയുള്ള കാലഘട്ടത്തിൽ ഒരുവന് ബ്രാഹ്മണരുടെ സേവനം ആവശ്യമായിരുന്നില്ല. ഉദാഹരണത്തിന് വിവാഹം തന്നെയെടുക്കാം. അബ്രാഹ്മണരുടെ വിവാഹത്തിന് ഹോമാഗ്നി ജ്വലിപ്പിക്കുകയോ മന്ത്രങ്ങൾ ഉരുവിടുകയോ ചെയ്യുന്നില്ല. മരണാനന്തര കർമ്മങ്ങൾക്കും അവരുടെ സേവനം അത്യാവശ്യമില്ല. ഗോത്ര സമ്പ്രദായം നിലവിലില്ലായിരുന്നു എന്ന കാര്യം ഒരു വസ്തുതയാണ്. ആദ്യകാലത്ത് നാടുവാഴി ഭരണമായിരുന്നെങ്കിൽ പിൽക്കാലത്ത് അത് രാജഭരണസമ്പ്രദായമാകുകയും അപ്പോൾ ബ്രാഹ്മണരുടെ ആശിർവാദവും അനുഗ്രഹവും നേടേണ്ടതിലേക്ക് അരിയിട്ടുവാഴ്ച എന്ന ചടങ്ങ് ആരംഭിക്കുകയുണ്ടായി. ചിറക്കൽ രാജവംശം ഭരണം ആരംഭിച്ചപ്പോൾ അരിയിട്ടു വാഴ്ച നടത്താൻ നമ്പൂതിരി ബ്രാഹ്മണരെ ഗോദാവരി നദീ തീരത്തു നിന്നും കൊണ്ടു വന്നതായി 'കൃഷ്ണ കുറുപ്പ്' എന്ന ചരിത്രകാരൻ തന്റെ കൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അങ്ങിനെ കുടിയേറിയവരിൽ സ്ത്രീജനങ്ങൾ ഇല്ലാതിരുന്നതുകൊണ്ടോ ? അല്ലെങ്കിൽ വളരെ കുറവായിരുന്നതുകൊണ്ടോ ? നാട്ടിൽ സംബന്ധസമ്പ്രദായം ആരംഭിക്കാനിടയായത്. ഏതായാലും ഇത് കേരളത്തിലെ സാമൂഹിക ജീവിതത്തിൽ വളരെയേറെ മാറ്റങ്ങളുണ്ടാക്കി പ്രത്യേകിച്ചും അവർണ്ണ, സവർണ്ണ വേർതിരിവിന് ആക്കം കൂട്ടിയെന്ന് പറയാം. രാജകുടുംബങ്ങളിലും (കൂട്ടിരിക്കുക) ജന്മിമാരായ നായർ കുടുംബങ്ങളിലുമാണ് ഈ സമ്പ്രദായം കൂടുതൽ പ്രാബല്യത്തിലിരുന്നത്.

ഈ നമ്പൂതിരി കുടിയേറ്റം മധ്യഭാരതത്തിലെ പല പല ദേശങ്ങളിൽ നിന്നായിരുന്നു എന്നതിനാലായിരിക്കണം ഇവരുടെ സമൂഹത്തിൽ ഇന്നും കാണപ്പെടുന്ന വൈവിധ്യത്തിന്റെ ഒരു പ്രധാന കാരണം. ഈ വിഷയം അല്പം വിശദമായി പ്രസ്താവിക്കുന്നത് ഈ അവസരത്തിൽ ഉചിതമായിരിക്കുമെന്ന് കരുതുന്നു.

മലയാള ബ്രാഹ്മണർ പൊതുവേ അറിയപ്പെടുന്നത് അവരുടെ പേരിനോട് ചേർത്ത് പറയുന്ന വിഭാഗീയ നാമങ്ങളാണ്. ഉദാഹരണത്തിന് നമ്പൂതിരി, ഭട്ടതിരി, പോറ്റി മുതലായ നാമങ്ങൾ. അതുപോലെ വീടിന് മന എന്നും ഇല്ലം എന്നും വ്യത്യസ്ത വാക്കുകളാണ് ഉപയോഗിക്കുന്നത്. നമ്പുക അഥവാ ആശ്രയിക്കുക എന്നർത്ഥം വരുന്ന നമ്പു, നമ്പി എന്ന വാക്കിനോട് ശ്രീ എന്ന പദം ചേർക്കുമ്പോൾ കിട്ടുന്ന നമ്പുശ്രീ എന്ന പദം കാലന്തരത്തിൽ നമ്പൂതിരി എന്നായിത്തീർന്നു എന്ന വാദം ശക്തിയായി നിലവിലുണ്ട്.

ലോഗന്റെ (മലബാർ മാന്വൽ) അഭിപ്രായത്തിൽ നായന്മാർക്ക് ശേഷം കേരളത്തിൽ കുടിയേറിപ്പാർത്ത ആര്യന്മാരാണ് (ശ്രേഷ്ഠന്മാർ) നമ്പൂതിരിമാർ. എന്നാൽ ശ്രീ ശങ്കുണ്ണി മേനവന്റെ (തിരുവിതാംകൂർ ചരിത്രം) അഭിപ്രായം ഗോദാവരി, കൃഷ്ണ, നർമ്മദ, കാവേരി എന്നീ നദീതടങ്ങളിൽ നിന്നും കുടിയേറിയവരാണ് നമ്പൂതിരിമാരുടെ പൂർവ്വികർ എന്നാണ്. കേരളം അവതാര പുരുഷനായ പരശുരാമനാൽ കടൽ മാറ്റി കരയാക്കിയത് എന്ന വിശ്വാസത്തിൽ പരശുരാമക്ഷേത്രം എന്ന പേരും ഉപയോഗത്തിലുണ്ട്. എന്നു മാത്രമല്ല, ക്ഷത്രിയരെ കൊന്നൊടുക്കിയതിന്റെ പാപപരിഹാരാർത്ഥം ഈ ഭൂമി ബ്രാഹ്മണർക്ക് ദാനമായി നൽകിയെന്നുമാണ് ഐതിഹ്യം. കേരളോല്പത്തി എന്ന ഗ്രന്ഥത്തിലാണ് ഈ ഐതിഹ്യകഥ പ്രസ്താവിച്ചിരിക്കുന്നത്. കേരളം 64 ഗ്രാമങ്ങളായി വിഭജിച്ചാണ് ദാനകർമ്മം നടത്തിയത്. ഈ 64 ഗ്രാമങ്ങളുടെ പേരുകൾ ചരിത്രരേഖകളിൽ കാണുന്നു എന്നത് വാസ്തവമാണ്. ഐതിഹ്യം എന്തായിരുന്നാലും, കണ്ടെടുത്ത കടൽജീവികളുടെ അവശിഷ്ടങ്ങൾ സൂചിപ്പിക്കുന്നത് കടൽ മാറി കരയായതാണ് കേരളം എന്നാണ്. അത് സംഭവിച്ചത് ഭൂമി കുലുക്കം പോലെയുള്ള ഏതോ പ്രകൃതിക്ഷോഭം മൂലമായിരിക്കാം എന്നാണ് ശാസ്ത്രവീക്ഷണം. സുനാമിപോലുള്ള കടൽ ക്ഷോഭങ്ങൾ നമുക്ക് അനുഭവപ്പെട്ടതാണല്ലോ.

നമ്പൂതിരിമാർ കേരളത്തിൽ കുടിയേറ്റം ആരംഭിച്ചത് C.E. 5 – ാം നൂറ്റാണ്ടോടു കൂടി ആയിരിക്കാമെന്ന് ഒരു വാദഗതിയുണ്ട്. കന്യാകുമാരി മുതൽ ഗോകർണ്ണം വരെയുള്ള കേരളത്തിലെ 64 ഗ്രാമങ്ങളിൽ 32 എണ്ണം പെരുമ്പുഴയ്ക്ക് വടക്കും ബാക്കി 32 എണ്ണം തെക്കുമായിരുന്നു. ഓരോ ഗ്രാമത്തിനും പ്രത്യേകം പ്രത്യേകം പേരുകളുമുണ്ടായിരുന്നു. ഈ ഗ്രാമങ്ങളിൽ പല പ്രദേശങ്ങളിലായി വസിച്ചിരുന്ന





ബ്രാഹ്മണ സമുദായത്തിലെ ജനങ്ങളുടെ ഭാഷ, ആചാരങ്ങൾ, ജീവിത സമ്പ്രദായം എന്നിവകളിൽ പ്രകടമായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. വൈദിക മന്ത്രങ്ങൾക്കും പൂജാകാര്യങ്ങൽക്കും സംസ്കൃതം ഉപാധി ആയിരുന്നെങ്കിലും സംസാരഭാഷയിലാണ് വ്യത്യാസങ്ങൾ ഉണ്ടായിരുന്നത്. ലിപികളില്ലാത്ത സംസാരഭാഷ (ഉദാ : തുളു) ഉപയോഗിച്ചിരുന്നതായി കാണാം. ഈ വ്യത്യാസത്തിന് പ്രധാന കാരണം, ഇവർ വിവിധ ദേശങ്ങളിൽ നിന്നും വന്നവരായിരുന്നതുകൊണ്ടാണ്.

മലയാള ബ്രാഹ്മണരെന്ന പേരിൽ ഇന്നറിയപ്പെടുന്ന ജനവിഭാഗങ്ങളിൽ ('ഹിന്ദു എൻസൈക്ലോപീടിയ പേജ് 537 ആചാര്യ നരേന്ദ്രഭൂഷൺ') 8 അവാന്തര വിഭാഗങ്ങൾ ഉള്ളതായി കാണുന്നു.

1. സാമ്രാട്ട് (തമ്പ്രക്കൾ (2) ആഢ്യന്മാർ (അഷ്ടഗൃഹത്തിൽ ആഢ്യന്മാർ) (3) വിശിഷ്ടന്മാർ (യാഗങ്ങൾ നടത്തൽ അഗ്നിഹോത്രം , ഭട്ടമൃത്തി, സന്യാസം) (4) സാമാന്യർ (വേദാധ്യായനം, മന്ത്രതന്ത്രങ്ങൾ എന്നിവയ്ക്ക് അധികാരികൾ ) (5) ജാതമാത്രന്മാർ (വേദാധ്യായനം ഉപേക്ഷിച്ചവർ , അഷ്ട വൈദ്യന്മാർ, ആയുധമെടുത്തവർ- നമ്പിയാതിരി) (6) സാങ്കേതികന്മാർ – (എമ്പ്രാന്തിരി, പോറ്റി തുടങ്ങിയവർ ഇവർക്ക് ക്ഷേത്രങ്ങളിൽ ശാന്തി, വേദാധ്യായനം എന്നിവയ്ക്ക് അധികാരമുണ്ട്. (7) ശാപഗ്രസ്ഥർ – പരശുരാമൻ, ശങ്കരാചാര്യർ എന്നിവരിൽ നിന്നും ശാപം ഏറ്റവർ (8) പാപഗ്രസ്ഥർ (ഇളയത്, ഗ്രാമണികൾ, നമ്പിടിമാർ മൂസ്സതുമാർ എന്നിവർ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. (ഹിന്ദു എൻസൈക്ലോപീഡിയ പേജ് 537) ആചാര്യ നരേന്ദ്ര ഭൂഷൺ.

നമ്പൂതിരിമാർക്ക് കേരളത്തിലെ രാജവാഴ്ചക്കാലത്ത് ഭരണകാര്യങ്ങളിൽ ഗണ്യമായ സ്വാധീനമുണ്ടായിരുന്നു. അവർ പൊതുവേ വളരെയധികം ഭൂസ്വത്തുക്കൾ ഉള്ള ജന്മികളായിരുന്നു. ചില പ്രദേശങ്ങളിൽ അവർ നേരിട്ട് രാജ്യഭരണം നടത്തിയിരുന്നതായും നമുക്കറിയാം. അമ്പലപ്പുഴ, പറവൂർ, ഇടപ്പള്ളി തുടങ്ങിയ സ്ഥലങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്. രാജാക്കന്മാരുടെ കീഴിലാണെങ്കിലും നാടുവാഴികളായി പല നായർ കുടുംബങ്ങളിലും നിലനിന്നിരുന്നു. ഭാരതം സ്വാതന്ത്ര്യാനന്തരം ജനാധിപത്യവ്യവസ്ഥയിലേക്ക് മാറിയപ്പോൾ ഇവരുടെയൊക്കെ സ്ഥാനമാനങ്ങളും ഭൂസ്വത്തുക്കളും നഷ്ടപ്പെട്ടുവെന്ന് കാണാം. ഭൂപരിഷ്കരണം ജന്മികളായിരുന്നവരുടെ നട്ടെല്ല് ഒടിച്ചു എന്നു തന്നെ പറയാം.

ആചാരാനുഷ്ടാനങ്ങളുടെ കെട്ട്പാടുകളിൽ കിടന്നു വലഞ്ഞ നമ്പൂതിരി സമുദായത്തെ പരിഷ്ക്കരിക്കാൻ സാധിച്ചത് ആ സമുദായത്തിൽ തന്നെ ഉണ്ടായിരുന്ന ചില മനുഷ്യസ്നേഹികളുടെ പരിശ്രമഫലമായിട്ടാണ്. അങ്ങിനെ അനാചരങ്ങളുടെ ഒരധ്യായം നമ്പൂതിരി സമുദായത്തിൽ നിന്നും മാറ്റിയെടുക്കാൻ അവർക്ക് സാധിച്ചുവെന്ന് തന്നെ പറയേണ്ടിയിരിക്കുന്നു.

(തുടരും)

## എറണാകുളം കരയോഗം - **ചാരിറ്റി പ്രവർത്തനങ്ങൾക്ക്**
## **2018 ഡിസംബർ മാസത്തിൽ സംഭാവന നൽകിയവർ**

| | |
|---|---|
| 1. ശ്രീമതി. ശാരദ ജഗദീഷ്, ശരണ്യ, ചിറ്റൂർ റോഡ്, കൊച്ചി – 682018 | 1,00,000/- |
| 2. ശ്രീ. രവിശങ്കർ. എ, അച്ചാട്ടിൽ, ദിവാൻസ് റോഡ്, എറണാകുളം, കൊച്ചി – 682016 | 50,000/- |
| 3. ശ്രീ. ലോകനാഥൻ. ആർ, 37/2951, കൈലാസം, പോണോത്ത് റോഡ്, കലൂർ – 682017 | 10,001/- |
| 4. ശ്രീമതി. ടി. പത്മം, ഒലിവ് ഹൈറ്റ്സ്, കെ.പി. വള്ളോൻ റോഡ്, കടവന്ത്ര, കൊച്ചി-682020 | 10,000/- |
| 5. ശ്രീ രാജഗോപാൽ. എൻ. എസ്, ചേലൂർ, ആശാരികടവ് റോഡ്, ആലുവ | 10,000/- |
| 6. ശ്രീ. നാരായണൻ നമ്പ്യാർ, വില്ലുവട്ടത്ത്, കുമാരനാശാൻ റോഡ്, കടവന്ത്ര-20 | 10,000/- |
| 7. ശ്രീ. പ്രീത്. എം, സുരമ്യ, കരിയർ സ്റ്റേഷൻ റോഡ്, എറണാകുളം 682011 | 5,000/- |
| 8. ശ്രീ. എം. ആർ. നന്ദകുമാർ,ജി. 1, സൗപർണ്ണിക അപ്പാർട്ട്മെന്റ്, എസ്. ആർ. എം.റോഡ്, കൊച്ചി | 5,000/- |
| 9. ശ്രീ. ഇ.ആർ മുരളി, ശ്രീശൈലം, കെ-21, കസ്തൂർബ നഗർ, കൊച്ചി- 682020 | 5,000/- |
| **അന്നദാനം** : ശ്രീമതി. ഇന്ദിര, രാഗേന്ദു, കരിയർ സ്റ്റേഷൻ റോഡ്, എറണാകുളം | 25,000/- |
| **തൃക്കടക്കാപ്പള്ളി ക്ഷേത്രം**<br>ശ്രീമതി. ഇന്ദിര, രാഗേന്ദു, കരിയർ സ്റ്റേഷൻ റോഡ്, എറണാകുളം | 5,000/ |

# സീതാവിലാപം

**കെ.ബി. രമ. ഫോൺ : 9446464834**

സൂചിത കഥ – രാവണ വധത്തിനു ശേഷം ശ്രീരാമൻ അഗ്നിശുദ്ധി വരുത്തിയ സീതാദേവിയെയാണ് അയോധ്യയിലേയ്ക്കാനയിച്ചത്. എന്നാൽ പിന്നീട് കേവലം ഒരു രജകന്റെ അപവാദ പ്രചരണം ഹേതുവായി സീതാദേവി (ഗർഭിണിയായിരിക്കുന്ന അവസ്ഥയിൽ) വനത്തിൽ ഉപേക്ഷിക്കപ്പെട്ടു. എന്തുകൊണ്ടാണ് ഇങ്ങിനെ സംഭവിച്ചത് എന്ന വാത്സ്യായനന്റെ ചോദ്യത്തിനുത്തരമായി ശേഷൻ പറയുന്നതായി പത്മമഹാപുരാണത്തിൽ ഒരു കഥ കാണുന്നു. (വനത്തിൽ ഏകയായി അലയുന്ന സീതാദേവിയുടെ ചിന്തകളായാണ് ഇവിടെ സങ്കൽപിക്കുന്നത് )

അറിവു ഞാൻ രാമാ, വിധിയാണു രാമാ
ഒരു ശാപകഥയങ്ങിതറിയുമോ രാമാ..
അബലയാം സീത ഞാനലയുന്നു കാട്ടിൽ
അറിയാതെ ചെയ്തതിൻ വിലയാണിതെല്ലാം
അറിയാമിതവിടുത്തെയപരാധമല്ലാ,
അലിവിന്റെ അവതാരമവിടുന്നു രാമാ....
മന്നിൽ പിറന്നൊരീ ഭൂമി തൻ പുത്രിയെ
മണ്ണിൽ നിന്നത്രേ എടുത്തതന്നച്ഛൻ
ഒരു കൊച്ചു റാണിയായച്ഛന്റെയൊപ്പം
മിഥിലയിൽ മോദേന വാഴുന്ന കാലം...
ഒരു ദിനാന്തത്തിലെൻ പ്രിയ തോഴിയൊന്നിച്ചു
പൂവാടിയിൽ കേളിയാടാനിറങ്ങീ
തഴുകുന്ന തെന്നലിൽ വിളയാടി നിൽക്കവേ
ഒഴുകി വന്നെത്തിയൊരു മധുരമാം ഗാനം.
ചെറുമരക്കൊമ്പിലായ് ചേർന്നിരുന്നീണത്തി-
ലിരു ശുകപ്പക്ഷികൾ പാടുന്ന ഗാനം
ശ്രീരാമ ദേവന്റെ നാനാ മഹത്വം
ദേവി വൈദേഹിയെ വേൾക്കും ചരിത്രം
മനതാരിലുണരുന്ന കൗതുകത്താലേ,
പ്രിയ തോഴിയോടൊന്നു ചൊല്ലിഞാൻ മെല്ലെ
കഥ പറഞ്ഞീടുമാ കിളികളെ മന്ദമെ-
ന്നരികിലായ് കൊണ്ടു വന്നീടുമോ ബാലേ
ചതുരയാം മൽസഖി തരു തന്നിലേറി
പതിയെപ്പിടിച്ചിതാ പാവം ശുകങ്ങളെ
ഒരു കൊച്ചു പഞ്ജരം തന്നിലായ് ബദ്ധിച്ചു
മമ മുന്നിലെത്തിച്ചു സത്വരം തോഴി.
ചകിതരാം കിളികളെ അരുമയായ് തഴുകി
മധുര ഫലങ്ങളും ക്ഷീരവും നൽകി
ഭയവും വിഷാദവും തെല്ലൊന്നകറ്റീ
അലിവാർന്ന ശബ്ദത്തിലേവം കഥിച്ചേൻ
ചൊല്ലുവിൻ നിങ്ങളാരാമനാരെന്നതും,
ഏതു രാജ്യത്തിലായ് മേവുന്നുവെന്നതും,
ഗാനമൊന്നീ വിധം ആർ രചിച്ചെന്നതും,
എങ്ങിനെ നിങ്ങളറിഞ്ഞുവെന്നുള്ളതും.
കാനന മധ്യത്തിലായുണ്ടൊരാശ്രമം,
കിളികളാം ഞങ്ങൾക്കുമവിടെയുണ്ടാശ്രയം,
മുനിവരൻ വാൽമീകി പ്രിയശിഷ്യരോടൊത്തു
സദയം വസിക്കുമാ രമ്യ തപോവനം.
ദിനവും കഥിക്കുമാറുണ്ടാ മഹാമുനി
തൻ ശിഷ്യർ മുന്നിലായ് പുണ്യ രാമായണം
കേട്ടൊരീ ഞങ്ങളും ധന്യരായ് തീർന്നവർ
വിട്ടയച്ചീടു ദയാപൂർവ്വമെങ്ങളെ.
തത്തകളീവിധം ചൊന്നതു കേൾക്കവേ
ചിത്തത്തിലാശങ്കയേറ്റം വളരവേ,
ഇത്തിരിശ്ശ്ലാഘ്യം കലർന്നതാം ശബ്ദത്തിൽ
ഉത്തരം നൽകി ഞാനിത്ഥമന്നിങ്ങിനെ
നിങ്ങളീ ചൊല്ലിയ രാമായണത്തിലെ
സീതയാം നായിക ഞാനെന്നറിയണം
നിങ്ങൾ തൻ വാണികൾ സത്യമാകും വരെ
നിങ്ങളെൻ ചാരത്തു തന്നെ വസിക്കണം.
മെല്ലെപ്പറഞ്ഞു തുടങ്ങിനാനാൺ കിളി
ഗർഭിണിയാണെന്റെ പത്നിയീ പെൺശുകം
കാനനം തന്നെയാണെങ്ങൾക്കു കാമിതം
പോവാനനുവദിച്ചീടണം ബാലികേ
മനതാരിലുണരുന്ന കൗതുകത്താലേ,
പ്രിയ തോഴിയോടൊന്നു ചൊല്ലിഞാൻ മെല്ലെ
പിന്നെയുരച്ചു ഞാൻ എങ്കിൽ നീ പോവുക
ഇക്കിളിപ്പെണ്ണിനെ വിട്ടയക്കില്ല ഞാൻ
എന്നതു കേട്ടു നടുങ്ങീയൊരാൺകിളി
തന്നുടെ പത്നിയോടീവിധമോതയായ്.
നാം ചൊന്ന വാക്കുകൾ നമ്മൾക്കു ദോഷമായ്
ബന്ധിതരായ് നമ്മൾ ഭാഷണം ഹേതുവായ്,
ഓർക്കുവാനായില്ല നമ്മൾക്കു മൽ പ്രിയേ
മൌനമതൊന്നു താനേറെയും.
പിന്നെയും പക്ഷികൾ കെഞ്ചിപ്പറകിലും





മൽശ്ശ്രിയമേതും കുറച്ചതേയില്ല ഞാൻ
എത്രയും ദീനയായ് ഉള്ളം തകർന്ന പോൽ
ചൊല്ലിയാ പെൺ ശുകം നിന്നെ ശ്ശപിപ്പു ഞാൻ.
ഗർഭിണിയായ് നീ മരുവുന്ന വേളയിൽ
കാന്തനാൽ തന്നെ പരിത്യക്തയായിടും
സത്വരം ശ്രീരാമ നാമം ജപിച്ചവൾ
പ്രാണനും വേർപ്പെട്ടു വീണഹോ ഭൂമിയിൽ
ക്രുദ്ധനായാൺകിളിയേവം കഥിക്കയായ്
ഞാനും ത്യജിക്കട്ടെ മൽജീവനിക്ഷണാൽ
വീണ്ടും ജനിച്ചിടും രാമരാജ്യത്തിലായ്
നീ ത്യക്തയായിടും മാമക വാണിയാൽ
പിന്നെയാ തത്തയും രാമനാമം ചൊല്ലി
ഗംഗാ നദിയിൽ സ്വയം പതിച്ചീടിനാൻ
എന്തിനിച്ചെയ്‌വു ഞാൻ എന്നതും ചിന്തിച്ചു
സ്തബ്ധയായ് നിന്നും പോയ് കേവലം ബാലിക...
സീതയെ രാമനിൽ നിന്നകറ്റീടുവാൻ
രജകനായ് വന്നതാ കിളിയാണുരാമാ
വിധി തൻ നിയോഗത്തിനതിരില്ല രാമാ,
അറിവിന്റെ പൊരുളായൊരാത്മാഭിരാമാ...
അറിവു ഞാൻ രാമാ, വിധിയാണു രാമാ,
ഒരു ശാപകഥ അങ്ങിതറിയുമോ രാമാ....

# ആക്ഷേപങ്ങളും അഭിപ്രായങ്ങളും

## ഒരു അനുമോദനം

**ശ്രീ രമേശൻ നായരുടെ 'ചിദാനന്ദപുരി' എന്ന കവിതയ്ക്ക് (കരയോഗ സൗഹൃദം.... ഡിസംബർ 2018) ഒരു എളിയ അനുമോദനം.**

ചിദാനന്ദപുരി സ്വാമി
യതിവര്യന്റെ മേന്മകൾ
ഇത്ര സംക്ഷിപ്തമായ് താങ്കൾ
എത്ര നന്നായ് രചിച്ചഹോ...
കേമമാം ശ്ലോകരൂപത്തിൽ
ആ മഹാന്റെ മഹത്തരം
ആമോദത്തോട് ലോകർക്കു
സമർപ്പിച്ച ഭവാൻ മഹാൻ...
വെന്തുനീറുന്ന സംസാരേ
സ്വന്തമെന്നുള്ള ഭാവന
എന്തു ചെയ്താൽ ശമിച്ചീടും ?
ചിന്തിപ്പിക്കുന്നു സ്വാമികൾ....
ധർമ്മത്തിൻ തിരി താഴുമ്പോൾ
കർമ്മത്താലത് നീട്ടുവാൻ
ആമോദത്തോടു വന്നെത്തും
കർമ്മ രംഗത്ത് ദേശികൻ.....
രമേഷ്ജി, അങ്ങയോടിപ്പോൾ
നന്ദിവാക്കെന്തു ചൊല്ലണം ?
എന്മനസ്സിൽ നിറഞ്ഞുള്ള
നമസ്കാരമൊരായിരം
ഉള്ളിൽ ഗ്രഹിത്വം ഒരുവന്നു തുലോ.. മതെന്ന
ശ്ലോകത്തിനർത്ഥമതു സാർത്ഥകമാക്കി നിത്യം
ആനന്ദചിത്തമുളവായ തപോനിധിക്ക്
കേശാദിപാദമൊരു നീണ്ട നമോ നമസ്തേ...

എൻ. എൻ. മേനോൻ
വാരീയം റോഡ്, എറണാകുളം
ഫോൺ : 9847034862

## നായർ സ്ത്രീസമാജം 2019 ജനുവരി മാസ പരിപാടികൾ

| തീയതി | പരിപാടി | സമയം |
|---|---|---|
| 18.01.2019 | പറ വഴിപാട് | 4.30 pm |
| ഏകദിന വിനോദയാത്രയുടെ വിശദവിവരങ്ങൾക്കായി സമാജവുമായി ബന്ധപ്പെടുക | | |

## വിമൺസ് ഫോറം 2018 ജൂലൈ മാസത്തെ പരിപാടി

| തീയതി | പരിപാടി | സമയം | അവതാരക |
|---|---|---|---|
| 30.01.2019 (ബുധനാഴ്ച) | കുക്കിംഗ് ക്ലാസ്സ് (സാലഡ് & ഷെയ്ക്ക്) | 4.00 PM | ശ്രീമതി.സുധ നന്ദകുമാർ |

# ഹൈന്ദവം

ഏ. കെ. സന്തോഷ്

ഹിന്ദുധർമ്മം എന്നത് ഭാരത ഉപഭൂഖണ്ഡത്തിൽ ഉടലെടുത്ത മതപരവും ദാർശനികവും സാംസ്കാരികവുമായ വ്യവസ്ഥകളുടെ ഒരു സഞ്ചയമാണ്. ലോകത്തിലെ ഏറ്റവും വലിയ മതങ്ങളിൽ മൂന്നാം സ്ഥാനത്താണ് ഹിന്ദുമതം. ലോകജനസംഖ്യയിൽ ഏകദേശം 93 കോടി ആൾക്കാർ ഹിന്ദുക്കളാണ്. ഇവരിൽ ഏകദേശം 89 കോടി ആളുകൾ ഭാരതത്തിൽ ജീവിക്കുന്നു. 4 കോടി ആളുകൾ ലോകമോമ്പാടുമായും വ്യാപിച്ചു കിടക്കുന്നു. 'ഹിന്ദു'എന്ന വാക്ക് ആദ്യം പ്രത്യക്ഷപ്പെട്ടത് ഒരു പ്രാചീന പേർഷ്യൻ ഭൂമിശാസ്ത്രപദമായിട്ടാണ്. സിന്ധു നദിയുടെ പേരിൽ നിന്നുമാണ് ഈ വാക്കിന്റെ ഉത്ഭവം. പേർഷ്യക്കാർ സിന്ധു നദിക്ക് മറുവശത്തുള്ള ജനതയെ സൂചിപ്പിക്കാൻ ഹിന്ദു എന്ന പദം ഉപയോഗിച്ചു. പിന്നീട് അറബികൾ അവരുടെ ഗ്രന്ഥങ്ങളിൽ അറബിക് അൽ കൂടി മുന്നിൽ ചേർത്ത് 'അൽ ഹിന്ദ് എന്ന് പ്രയോഗിച്ചു വന്നു. എല്ലാ മുഗൾ ചക്രവർത്തിമാരും 18–ാം ശതകത്തിന്റെ അവസാനം വരെ ബ്രിട്ടീഷ് സാമ്രാജ്യവും 'ഹിന്ദുസ്ഥാനി'ലെ ജനങ്ങളെ 'ഹിന്ദു' എന്ന പദത്താൽ പരാമർശിച്ചിരുന്നു. ക്രമേണ ഹിന്ദു എന്ന പദം എബ്രഹാമിക വംശ നാമം സ്വീകരിക്കാത്ത ഏതൊരു ഭാരതീയനെയും സൂചിപ്പിക്കുന്ന പദമായി മാറുകയും അങ്ങനെ മഹത്തായ വ്യാപ്തിയുള്ള വിശ്വാസങ്ങളെയും ആചാരങ്ങളെയും ഉൾക്കൊള്ളുന്ന ഒരു ജനതതിയുടെ പൊതുനാമമായി തീരുകയും ചെയ്തു. യഥാർത്ഥത്തിൽ മതത്തിനതീതമായി ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ (ഹിന്ദുസ്ഥാൻ) ജീവിക്കുന്ന എല്ലാ വിഭാഗം ജനങ്ങളേയും ഹിന്ദു പ്രതിനിധാനം ചെയ്യുന്നു. 16 –18 നൂറ്റാണ്ടിലെ ബംഗാളി ഗൗഡിയ വൈഷ്ണവ ഗ്രന്ഥങ്ങളായ ചൈതന്യ ചരിതാമൃതം, ചൈതന്യ ഭാഗവതം എന്നിവയിൽ ഭാരതീയരെ യവനന്മാരിൽ നിന്നും മറ്റും വേർതിരിക്കാനായി 'ഹിന്ദു' എന്നുപയോഗിക്കുന്നുണ്ട്. ക്രി.വ. 1320 കളിൽ എഴുതപ്പെട്ട തെന്നിന്ത്യൻ – കാശ്മീരി ഗ്രന്ഥങ്ങളിലും ഹിന്ദു പ്രത്യക്ഷപ്പെട്ടു. പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ യൂറോപ്യൻ കച്ചവടക്കാരും മറ്റ് കോളനി നിവാസികളും ഭാരതീയ മതങ്ങൾ പിന്തുടരുന്നവരെയെല്ലാം ഹിന്ദു എന്ന് അഭിസംബോധന ചെയ്യാൻ തുടങ്ങി. പതിയെ ഇത് ഇന്ത്യയിൽ ജനിച്ചിട്ടുള്ളതും അബ്രഹാമിക മതമോ അ–വേദ മതമോ (ജൈനമതം, സിക്ക്മതം, ബുദ്ധമതം) പിന്തുടരുന്നവരോ അല്ലാത്ത എല്ലാവരേയും ഹിന്ദുവായി കരുതി. സനാതന സംബന്ധിയായ എല്ലാ ആചാരങ്ങളും വിശ്വാസങ്ങളും ഹൈന്ദവവിശ്വാസത്തിൽ ഉൾക്കൊണ്ടു. 'ഹിന്ദു' എന്ന വാക്ക് എപ്പോൾ, എങ്ങനെ രൂപപ്പെട്ടു എന്നത് വ്യക്തമായി സ്ഥാപിക്കപ്പെട്ടിട്ടില്ല. പുരാതന ഭാരതീയ പുണ്യഗ്രന്ഥങ്ങളിൽ ഹിന്ദു എന്ന പദം ഉപയോഗിക്കുന്നതേയില്ല. എന്നാൽ ക്രി മു 617 നോടടുത്ത് എഴുതപ്പെട്ട ബൈബിളിലെ ഒരു പുസ്തകമായ എസ്ഥേറിൽ 'ഹിന്ദു ദേശം' എന്ന പരാമർശം ഉണ്ട്. (എസ്ഥേർ (1:1) (5) പിന്നീടുള്ള ഗ്രന്ഥങ്ങളിൽ സിന്ധു നദീതടവാസികളെ കുറിക്കാനാണ് ഈ വാക്ക് ഉപയോഗിച്ചു വന്നത്. മദ്ധ്യകാലത്ത് ഭാരതത്തിൽ ആക്രമണം നടത്തിയവരാണ് ഭാരതത്തിലെ പ്രത്യേക സംസ്കാരവും ആചാരങ്ങളുമുള്ള ജനങ്ങളെ ഒന്നായി ഹിന്ദുക്കൾ എന്ന് നിരന്തരം വിവക്ഷിച്ചു തുടങ്ങിയത്. പിൽക്കാലത്ത്, ഏകദേശം 1830 ടുകൂടി, കൊളോണിയലിസത്തിനെതിരായ ഒരു ദേശീയ വികാരം എന്ന നിലക്കും മറ്റ് ലോക മതങ്ങളിൽ നിന്ന് വ്യതിരിക്തമെന്ന നിലക്കും തങ്ങളുടെ ദർശനങ്ങളും വിശ്വാസങ്ങളും ആചാരങ്ങളും എല്ലാം ചേർന്ന് ഒരു മതമെന്ന നിലയിൽ ഹിന്ദുക്കൾ കണ്ടു തുടങ്ങി. വിശ്വാസങ്ങളിലെയും ആചാരങ്ങളിലെയും മഹാവൈവിധ്യം മൂലം ആരാണ് ഹിന്ദു എന്നതിന് എല്ലാവരാലും അംഗീകരിക്കപ്പെടുന്ന ഒരു നിർവചനം നൽകുക സാധ്യമല്ല. 1995 ൽ ചീഫ് ജസ്റ്റീസ് പി.ബി.ഗജേന്ദ്ര ഗാഡ്കർ ഭാരതത്തിന്റെ പരമോന്നത നീതി പീഠം മുൻപാകെ ഇപ്രകാരം ഉദ്ധരിച്ചു.

നാം ഹിന്ദുമതത്തെപ്പറ്റി ചിന്തിക്കുമ്പോൾ, ലോകത്തിലെ മറ്റ് മതങ്ങളിൽ നിന്ന് വ്യത്യസ്തമായി, ഹിന്ദു മതം ഒരു പ്രത്യേക പ്രവാചകനെ അവകാശപ്പെടുന്നില്ല. ഒരു പ്രത്യേക ദൈവത്തെ മാത്രം ആരാധിക്കുന്നില്ല. ഒരു പ്രത്യേക സിദ്ധാന്തമോ തത്വമോ പിന്തുടരുന്നില്ല. ഒരു പ്രത്യേക ദാർശനിക ആശയത്തിൽ മാത്രം വിശ്വസിക്കുന്നില്ല. ഒരു പ്രത്യേക രീതിയിൽ മാത്രമുള്ള മതപരമായ ആചാരങ്ങളോ അനുഷ്ഠാനങ്ങളോ പിന്തുടരുന്നില്ല. യഥാർത്ഥത്തിൽ, അത് ഒരു മതത്തിന്റെ പരമ്പരാഗത സങ്കുചിത ലക്ഷണങ്ങൾ ഒന്നും തന്നെ പൂർത്തീകരിക്കുന്നില്ല. അതിനെ വളരെ വിശാലമായി ഒരു ജീവിത രീതി എന്ന് വിശദീകരിക്കാം, അതിലപ്പുറം ഒന്നുമല്ല.

പൊതുവായി ഓംകാരത്തെ ഉപാസിക്കുന്നവരാണ് ഹൈന്ദവർ എന്ന് പറയാം. 'ഓം' എന്നതാണ് ഓംകാരത്തിന്റെ ശബ്ദം. ഓംകാരമാണ് ആദിയിൽ ഉണ്ടായ ശബ്ദമെന്ന് ഹിന്ദുധർമ്മം പഠിപ്പിക്കുന്നു. എല്ലാ ദേവതാസ്തുതികൾക്ക് മുമ്പിലും പൊതുവായി ഓം എന്ന ശബ്ദം കാണാം. ഹിന്ദുമതത്തിലെ ദൈവസങ്കൽപ്പവും, വിശ്വാസാനുഷ്ഠാനങ്ങളും കാലദേശങ്ങളിൽ വ്യത്യാസപ്പെട്ട് കാണാറുണ്ട്. എങ്കിലും പൊതുവായി പരമാത്മാവ്, ഭഗവാൻ, ഭഗവതി അഥവാ പരബ്രഹ്മം എന്ന ഈശ്വരസങ്കല്പവും ഇതേ ഭഗവാന്റെ വിവിധ ഭാവങ്ങളിലുള്ള ദേവതാസങ്കല്പങ്ങളും കാണാം. ഇതാണ് സഗുണാരാധന. ഈ ദേവതകളെ ആരാധിക്കുന്നതിന് 'ഓം' എന്ന ശബ്ദം പൊതുവായി ഉപയോഗിക്കാറുണ്ട്. ഹൈന്ദവസംസ്കാരം അല്ലെങ്കിൽ സനാതനധർമ്മം ഒൻപതു മതങ്ങളും, അനേകം പ്രകൃതിമതങ്ങളും ഉപമതങ്ങളും ആത്മാരാധനകളും ഗോത്രാചാരങ്ങളും ചേർന്നതാണ്. അതിൽ പ്രധാനമായവ ശൈവം, വൈഷ്ണവം, ശാക്തേയം,സൌരം, കൗമാരം, ഗാണപത്യം, ചാർവാകം എന്നിവയാണ്. ഈ അനേക മതങ്ങളും വിശ്വാസങ്ങളും തന്നെയാണ് ഹിന്ദുമതത്തെ മറ്റു അഭാരതീയ മതങ്ങളിൽ നിന്നും വ്യതൃസ്തമാക്കുന്നതും, ജീവാത്മായ മനുഷ്യൻ പരമാത്മാവിൽ ലയിക്കുന്നത് അഥവാ മോക്ഷപ്രാപ്തിയാണ് ഹിന്ദുധർമ്മത്തിന്റെ മുഖ്യലക്ഷ്യമായി വിലയിരുത്തപ്പെടുന്നത്. ചിലർ ബൗദ്ധ – ജൈനമതങ്ങളെയും ഹിന്ദുധർമ്മത്തിന്റെ ഭാഗമായി കണക്കാക്കുന്നു. ദ്രാവിഡമതം, താന്ത്രികമതം, ബ്രാഹ്മണ/ വൈദീകമതം തുടങ്ങി ഗോത്രാചാരങ്ങൾ വരെ ചേർന്നതാണ് ഇന്നത്തെ ഹിന്ദുധർമ്മം എന്ന് പറയാം. ഏകദൈവ, ബഹുദേവത വിശ്വാസം മുതൽ നിരീശ്വരവാദം വരെയുള്ള വൈവിധ്യങ്ങൾ ഇതിൽ കാണാം.

ഈശ്വരനിൽ വിശ്വസിച്ചില്ലെങ്കിലും സത്യവും ധർമ്മവും പാലിച്ചു ജീവിക്കുന്ന വ്യക്തികൾക്ക് മോക്ഷപ്രാപ്തിക്ക് അർഹതയുണ്ടെന്ന് ഭാരതീയർ വിശ്വസിക്കുന്നു. വ്യക്തികൾക്ക് ഇഷ്ടമുള്ള രീതിയിൽ ഭഗവാനെ ആരാധിക്കുവാനും ആരാധിക്കാതിരിക്കാനും ഹിന്ദുധർമ്മം അനുവദിക്കുന്നു. ഏതു രീതിയിൽ ആരാധിച്ചാലും വിവിധ നദികൾ കടലിൽ ചേരുന്ന പോലെ.... സനാതനധർമ്മത്തെ ഒരു മതത്തിന്റെ ചട്ടക്കൂട്ടിൽ ഒതുക്കുന്നത് തന്നെ ഇവിടെ സെമറ്റിക്ക് മതങ്ങൾ വന്നതിനു ശേഷമാണ്. ഭാരതത്തിൽ വികസിച്ചു വന്ന സംസ്കാരമാണെങ്കിലും ഈ സനാതനധർമ്മം മറ്റുള്ള രാജ്യങ്ങളിലും പ്രചരിച്ചിരുന്നു. നേപ്പാൾ ഒരു ഹൈന്ദവ ഭൂരിപക്ഷ രാജ്യമായിരുന്നു. ഇന്തോനേഷ്യ, തായ്ലന്റ്, കമ്പോഡിയ, ശ്രീലങ്ക, മൗറീഷ്യസ് എന്നീ രാജ്യങ്ങളിൽ ഇതിന്റെ പ്രഭാവവും അവശേഷിപ്പുകളും ഇപ്പോഴും അവശേഷിക്കുന്നു. പല അറബ് രാജ്യങ്ങളിലും, പാശ്ചാത്യ രാജ്യങ്ങളിലും ഇന്ന് ഹൈന്ദവ ക്ഷേത്രങ്ങൾ കാണാം.

ഹിന്ദുമതം ഒട്ടനവധി കൈവഴികളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഷഡ്ദർശന വിഭാഗീകരണത്തിൽ വേദാന്തവും യോഗയും മാത്രമേ നിലനിൽക്കുന്നുള്ളൂ. വൈഷ്ണവം, ശൈവം, സ്മാർത്ഥിസം, ശാക്തേയം എന്നിവയാണ് ഇന്നുള്ള പ്രധാന ഹൈന്ദവ വിഭാഗങ്ങൾ. പുനവതാരം, കർമ്മം, ധർമ്മം ഇവയാണ് സനാതനധർമ്മത്തിന്റെ മറ്റ് വിശ്വാസപ്രമാണങ്ങൾ മക്ഡാനിയേൽ ഹിന്ദുമതത്തെ ആറ് ജന്യവിഭാഗങ്ങളായി തിരിച്ചു.

സാമാന്യ ഹിന്ദുമതം – വേദകാലത്തിനു മുൻപുള്ള സാമൂഹിക വ്യവസ്ഥയുമായി ബന്ധപ്പെട്ട ആചാരങ്ങളും വിശ്വാസങ്ങളും അടങ്ങുന്നു. ഒരു പ്രദേശത്ത് മാത്രം ആരാധിച്ചു വരുന്ന ദേവസങ്കല്പം ഇതിന്റെ പ്രത്യേകതയാണ്.

വൈദിക ഹിന്ദുമതം – ബ്രാഹ്മണരും മറ്റും പിന്തുടരുന്ന വേദങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള മതധർമ്മം

വേദാന്ത ഹിന്ദുമതം –അദ്വൈതം മുതലായ ഉപനിഷത്തുകളുടെ താത്വികാവലോകനത്തെ അടിസ്ഥാനപ്പെടുത്തിയവ

യോഗാത്മക ഹിന്ദുമതം – പതഞ്ജലിയുടെ യോഗസൂത്രത്തെ അടിസ്ഥാനപ്പെടുത്തി ധാർമിക ഹിന്ദുമതം – സാമൂഹിക വ്യവസ്ഥയേയും കർമ്മത്തേയും അടിസ്ഥാനപ്പെടുത്തിയവ (ഉദാ : വിവാഹ ചടങ്ങുകൾ, മരണാനന്തര ചടങ്ങുകൾ)

ഭക്തി – വൈഷ്ണവം, ശാക്തേയം, ശൈവം എന്നിവ പോലെ ഭക്തിയെ അടിസ്ഥാനപ്പെടുത്തി, ഹിന്ദുമതം ആരു സ്ഥാപിച്ചു എന്ന് കണ്ടെത്തുക പ്രയാസമാണ്. ക്രിസ്തുമതം, ഇസ്ലാംമതം, ബുദ്ധമതം എന്നിവകളെപ്പോലെ വ്യക്തമായ ഒരു വിപ്ലവ ചരിത്രം ഹിന്ദുമതത്തിനില്ല (അവലംബം ആവശ്യമാണ്). അത് സ്വാഭാവികമായും പ്രകൃത്യായും ഉണ്ടായ ആചാരനുഷ്ഠാനങ്ങളുടെ ആകെത്തുകയാണ് ഹിന്ദുമതം അഥവാ സനാതനധർമ്മം. ചരിത്രകാരന്മാരാവട്ടെ വലിയ ഒരു കാലഘട്ടമാണ് ഈ മതത്തിന്റെ ഉത്ഭവത്തിനായി നൽകുന്നത്. അവരുടെ നിരീക്ഷണമനുസരിച്ച് ക്രി.മു 3102 – നും ക്രി.മു 1300 –നും ഇടയിലുള്ള കാലഘട്ടത്തിലാണ് വേദങ്ങളും അതിനൊപ്പം ഹിന്ദുമതവും രൂപപ്പെട്ടത്. എന്നാൽ ഹിന്ദുമതം വേദങ്ങൾ ഉണ്ടായിരുന്ന കാലത്തിനു മുന്നേ തന്നെ നിലവിൽ ഉണ്ടായിരുന്നു എന്നാണ് മറ്റു ചില ചരിത്രകാരന്മാർ പറയുന്നത്. അവരുടെ അഭിപ്രായത്തിൽ സിന്ധു നദീതട സംസ്കാരം നില നിന്ന കാലത്തേ ഹിന്ദുമതത്തിന്റെ ആദിമ രൂപത്തിൽ ആചാരങ്ങളും അനുഷ്ഠാനങ്ങളും നിലവിൽ വന്നു. അത് ഒരു ദ്രാവിഡ സംസ്കാരമായതിനാൽ ഹിന്ദു മതവും യഥാർത്ഥത്തിൽ ദ്രാവിഡ മതമാണെന്നാണ് അവർ വാദിക്കുന്നത്. ആധുനികഹൈന്ദവത, വേദങ്ങളിലൂടെയാണ് രൂപപ്പെട്ടത്. ഇവയിൽ ഏറ്റവും

പഴക്കമുള്ളത് ക്രി.മു.1700 –1100 കളിൽ വിരചിതമായ ഋഗ്വേദമാണ് വേദങ്ങൾ ഇന്ദ്രൻ, വരുണൻ, അഗ്നി, സോമൻ മുതലായ ദേവതമാരുടെ ആരാധനയിൽ കേന്ദ്രീകരിച്ചിരിക്കുന്നു. യജ്ഞം എന്ന നാമത്തിൽ അഗ്നി അർച്ചനയും മന്ത്രോച്ചാരണങ്ങളും നടത്തിവന്നു. എന്നിരുന്നാലും ക്ഷേത്രങ്ങളും ബിംബങ്ങളും നിർമ്മിക്കപ്പെട്ടിരുന്നില്ല. ആരാധനയുടെയും ഈശ്വര സങ്കല്പങ്ങളുടെയും അറിവിന്റെയും കാര്യത്തിൽ ഹിന്ദുമതം ഒരു സാഗരതുല്യം വിശാലമാണ്. വിവിധതരം ചിന്താപദ്ധതികളും, സൈദ്ധാന്തികമായ വിപുലതയും ഉൾക്കൊണ്ടിട്ടുണ്ട്. ലോകത്തിലെ എല്ലാ മതങ്ങളിലും കാണുന്ന ആരാധനാസമ്പ്രദായങ്ങളുടെയും കാതലായ അംശങ്ങൾ ഹിന്ദുമതത്തിൽ കാണാവുന്നതാണ്. ഇതിൽ ഏകദൈവ വിശ്വാസം, ബഹുദൈവ – ബഹുദേവതാ വിശ്വാസം, അദ്വൈതം, ദ്വൈതം, വിശിഷ്ടാദ്വൈതം, യോഗപദ്ധതി, സാംഖ്യം, താന്ത്രികാനുഷ്ഠാനം, ദേവതാ സമ്പ്രദായം ബൗദ്ധം, ചാർവ്വാകം തുടങ്ങിയ നിരീശ്വര തത്ത്വം വരെയുണ്ട്. ആർക്കും അവരവരുടെ ഇഷ്ടമുള്ള ആരാധനാരീതി തിരഞ്ഞെടുക്കാം. അത് ഹിന്ദുമതം നൽകുന്ന ജനാധിപത്യപരമായ ആരാധനാ സ്വാതന്ത്ര്യമാണ്. ഈശ്വരനെ ബ്രഹ്മം എന്ന ഒരു സാങ്കേതിക പദത്തിൽ ഹിന്ദുമതം നിർവ്വചിച്ചിരിക്കുന്നു. ബ്രഹ്മം ഒരേ സമയം നിർഗ്ഗുണവും സഗുണവുമാണ്. സത്വഗുണം, തമോഗുണം, രജോഗുണം എന്നിവയാണ് മൂന്ന് ഗുണങ്ങൾ. സൃ,ഷ്ടി സഗുണബ്രഹ്മവും സൃഷ്ടിക്കു മുൻപുള്ള അവസ്ഥയിൽ ബ്രഹ്മം നിർഗുണവുമായിരുന്നു. അതാനാൽ പരബ്രഹ്മോപാസന, അപരബ്രഹ്മോപാസന എന്നിങ്ങനെ രണ്ടു തരത്തിൽ ഊശ്വരനെ ആരാധിക്കാം. പരബ്രഹ്മത്തെ നിർഗുണമായി ഉപാസിക്കുന്നവർ അദ്വൈതം സ്വീകരിക്കുകയും ജീവാത്മാവായ മനുഷ്യനും പരമാത്മാവായ ഈശ്വരനും ഒന്നാണെന്ന സത്യകല്പനയിൽ എത്തിച്ചേരുകയും ചെയ്യുന്നു. ഈസ്വരനെ അറിയുക എന്ന ഒന്നില്ല. ഈശ്വരനായിത്തീരലെയുള്ളൂ – എന്ന വിവേകാനന്ദ സ്വാമികളുടെ വചനം ഇവിടെ ചിന്തനീയമാകുന്നു. നിരീശ്വരവാദത്തെയും ഹിന്ദുമതം ഉൾക്കൊള്ളുന്നു എന്നത് അതിന്റെ അതിവിശാലതയെ കാണിക്കുന്നു. ചാർവ്വാകം, ബൗദ്ധം തുടങ്ങിയവ ഇതിനു ഉദാഹരണങ്ങളാണ്. ബുദ്ധമതം ഹിന്ദുമതത്തിന്റെ ഒരു ഭാഗമായി പണ്ഡിതർ കരുതുന്നു. ഏതെല്ലാം ആരാധനാരീതി തിരഞ്ഞെടുത്താലും ധർമ്മം എന്ന സാമൂഹിക മര്യാദ കൈവിടരുതെന്നു ഹിന്ദുമതം നിഷ്കർഷിക്കുന്നു. ഹിന്ദുമതം സമ്പൂർണ്ണമായ ആരാധനാ – വിശ്വാസ സ്വാതന്ത്ര്യം നൽകുന്നു. സകല ലോകത്തേയും ഒറ്റ സത്യത്തെ ഉൾക്കൊള്ളുന്ന ഒരൊറ്റ കുടുംബമായി കാണുന്നു. അതിനാൽ ഇത് എല്ലാ വിശ്വാസങ്ങളേയും ഉൾക്കൊണ്ട് ഏകത്വത്തിന് ഭംഗം വരുത്തുന്നവയെ തിരസ്കരിക്കുന്നു. അതിനാൽ ഹിന്ദുമത്തിൽ സ്വധർമ്മപരിത്യാഗം, നാസ്തികത്വം, ദൈവദൂഷണം എന്നിവയില്ല.

പ്രധാനമായ ഹൈന്ദവധാരകൾ ധർമ്മം (വ്യക്തിയുടെ കർത്തവ്യങ്ങൾ,) സംസാരം (ജനനം, ജീവിതം, മരണം, പുനർജന്മം എന്നിങ്ങനെയുള്ള ചാക്രികം), കർമ്മം (പ്രവർത്തികളും അനുപ്രവർത്തികളും), മോക്ഷം (സംസാരത്തിൽ നിന്നുള്ള മോചനം), യോഗം (ആചാരനുഷ്ഠാനങ്ങൾ) എന്നിവയാണ്.) നിരവധി ആഘോഷങ്ങൾ അഥവാ ഉത്സവങ്ങൾ ഹൈന്ദവർ ആചരിക്കുന്നു. ഉന്നതിയിലേക്കെത്തിക്കുക എന്നാണ് ഉത്സവം എന്ന സംസ്കൃത പദത്തിനർത്ഥം. വ്യക്തിയേയും സമൂഹത്തേയും ധർമ്മത്തോട് ചേർത്തു നിർത്തുന്നതിനുള്ള മാധ്യമമാണ് ക്ഷേത്രോത്സവങ്ങൾ. ഹിന്ദുത്വത്തെ പറ്റി ഒരു പാട് വിമർശനങ്ങൾ ആധുനിക കാലഘട്ടത്തിൽ ഉയർന്ന് കേൽക്കുന്നുണ്ട്. ഒരു വിമർശനം ഹിന്ദുത്വത്തിന്റെ പ്രചാരണത്തിനായി പ്രവർത്തിക്കുന്ന സംഘടനകളുടെ രാഷ്ട്രീയമായ നിലപാടാണ്. അതനുസരിച്ച് ഹിന്ദുമതവും വർഗീയമാണ് എന്ന ചിലർ കരുതുന്നു. മനുഷ്യൻ എങ്ങനെയൊക്കെ ജീവിക്കണം അതിന് അടിസ്ഥാനമെന്ത് എന്ന് വൈദിക കാലത്ത് എഴുതി വച്ച സംഹിതകൾ പ്രകാരം ജീവിച്ചു വന്ന ഒരു കൂട്ടം ആൾക്കാരാണ് അത്. എല്ലാം മതങ്ങളേയും ഉൾക്കൊള്ളാൻ അവർക്ക് കഴിഞ്ഞു. അതിനാലാണ് ഇത്രയധികം മതങ്ങൾ ഏറ്റവും അധികം ഹിന്ദുക്കൾ വസിക്കുന്ന ഇന്ത്യയിൽ പ്രചരിച്ചത്. മാത്രവുമല്ല, മറ്റു ചില മതങ്ങളെപ്പോലെ മോക്ഷപ്രാപ്തി എല്ലാ മതക്കാർക്കും ലഭിക്കും എന്ന് ഹിന്ദു തത്ത്വങ്ങളും പഠിപ്പിക്കുന്നു. ഏകദൈവമല്ല എന്നതാണ് മറ്റൊരു വിമർശനം. എന്നാൽ ഇത് ഹിന്ദു മതത്തിന്റെ അടിസ്ഥാനത്തെക്കുറിച്ച് വ്യക്തതയില്ലായ്മയാൽ ഉടലെടുത്ത തെറ്റിദ്ധാരണയാണ്. വാസ്തവത്തിൽ ഹിന്ദുക്കൾ എല്ലാവരും ഏകദൈവ വിശ്വാസികൾ ആണ്. ഒരേ സത്യത്തെ പല പേരുകൾ പറഞ്ഞ് ആരാധിക്കുന്നു. 'ഏകം സത് വിപ്രാ : ബഹുധാവദന്തി' എന്ന വേദവാക്യം ഇതിന് ആധാരമാക്കാം. തന്റെ മനസ്സിന് ഇഷ്ടപ്പെട്ട രൂപത്തിൽ ദൈവത്തെ ദർശിക്കാനുള്ള സ്വാതന്ത്ര്യം പക്ഷേ അവന് കൊടുത്തിരുന്നു എന്നു മാത്രം. നിങ്ങളുടെ കുടുംബത്തിൽ അഞ്ചംഗങ്ങൾ ഉണ്ടെങ്കിൽ, അഞ്ചുപേർക്കും അവരുടെ സ്വന്തം മതം ആകാം. നിങ്ങൾക്ക് വേണമെങ്കിൽ കുരങ്ങിനെ ആരാധിക്കാം, മറ്റൊരാൾക്ക് സർപ്പത്തെ ആരാധിക്കാം, വേറൊരാൾക്ക് പശുവിനെ ആരാധിക്കാം, ഇനിയൊരാൾക്ക് മരത്തെ ആരാധിക്കാം., അവരവരുടെ ഇഷ്ടംപോലെ. വേണമെങ്കിൽ ഒരു പുതിയ ആരാധനാ മൂർത്തിയെ വാർത്തെടുത്ത് അതിനെ ആരാധിക്കാം. ഒരാൾക്ക് എന്തുമായാണോ ബന്ധപ്പെടാൻ കഴിയുന്നത്, അയാൾക്കതിനെ ആരാധിക്കാം. ഇനി അതല്ല, ഒരാൾക്ക് ആരാധനയുടെ ആവശ്യമേയില്ല എന്നു തോന്നുന്നുവെങ്കിൽ, അയാൾക്കങ്ങിനെയും ആകാം. എന്നിരുന്നാലും അയാൾ നല്ലൊരു ഹിന്ദു





വാണ്. സനാതന ധർമ്മം എന്ന് പറയുന്നത് തന്നെ അതാണ് സൂചിപ്പിക്കുന്നത്. നാരായണൻ, പരമശിവൻ, ആദിശക്തി എന്നിവയെല്ലാം ഒരേ പരമാത്മാവിന്റെ വിവിധ നാമങ്ങൾ തന്നെ ആകുന്നു.

ഹിന്ദുമതത്തിലെ വിഗ്രഹാരാധനയും വിമർശിക്കപ്പെടാറുണ്ട്. എന്നാൽ ഇതിന്റെ ഉദ്ദേശശുദ്ധി മനസ്സിലാക്കാൻ പറ്റാത്തത് കൊണ്ട് ആണ്. വിഗ്രഹങ്ങൾ എന്നത് പരമാത്മവിന്റെ പ്രതീകങ്ങൾ മാത്രമാണ്. വിഗ്രഹം എന്നത് ഈശ്വരൻ അല്ല എന്നതുമാണ് ഹിന്ദുമതം വിശ്വസിക്കുന്നത്. ശില്പങ്ങൾ ദൈവമാണെന്നത് പ്രാകൃതരായ ജനങ്ങൾ ആണ് വിശ്വസിക്കുക എന്ന് ഹിന്ദുമതത്തിൽ പറയുന്നു. എന്നാൽ ഹിന്ദുമതത്തിൽ ദൈവങ്ങളുടെ പ്രത്യേക സിമ്പോളിക് ആയ രൂപങ്ങൾ നിലവിലുണ്ട്. പ്രാണ പ്രതിഷ്ഠ നടത്തിയ വിഗ്രഹങ്ങൾ എന്നത് പ്രതീകങ്ങൾ മാത്രമാണ്.പണ്ഡിറ്റ് ജവഹർലാൽ നെഹ്രൂ പറയുന്നു.

ഒരു മനുഷ്യായുസ്സുമുഴുവനും ചിലവാക്കിയാലും ഹിന്ദുമതത്തെ നിർവചിക്കാനോ വിവരിക്കാനോ സാദ്ധ്യമല്ല. വളരെയധികം പഠനങ്ങളും ഗവേഷണങ്ങളും നൂറ്റാണ്ടുകളായി ഈ വിഷയത്തെപ്പറ്റി കൂടുതൽ വെളിച്ചം വീശാൻ വേണ്ടി നടന്നു കൊണ്ടിരിക്കുകയാണ്. എന്നാലും ഒരു അന്തിമരൂപം നൽകാൻ ആർക്കും സാദ്ധ്യമല്ല. അതുകൊണ്ട് ഹിന്ദുമതത്തെപ്പറ്റി വ്യാഖ്യാനിക്കുവാനും വിവരിക്കുവാനും ശ്രമിക്കുന്നത് ബുദ്ധിശൂന്യവും ബാലിശവുമാണ്. എങ്കിൽ ആത്മാവ് കൊണ്ടും ബുദ്ധികൊണ്ടും പ്രജ്ഞകൊണ്ടും ഒരു ഹിന്ദു എങ്ങിനെയുള്ളവനാകണം?

2000ത്തോളം അടിസ്ഥാന ഗ്രന്ഥങ്ങളും, 10000 ത്തോളം വ്യഖ്യാനങ്ങളും, 100000 ത്തോളം ഉപാഖ്യാനങ്ങളും ഉള്ള ആർഷ ഭാരത സംസ്കാരത്തിന്റെ ജ്ഞാനസാഗരത്തിൽ നിന്ന് ഒരു കൈകുമ്പിളിൽ ജ്ഞാനം എങ്കിലും കോരി എടുക്കാൻ ശ്രമിച്ചിട്ടുള്ളവൻ ഹിന്ദു......

- സർവ്വ ചരാചരങ്ങളുടെയും നിലനിൽപ്പിന് ആധാരമായ പ്രകൃതിയെ ഈശ്വരൻ ആയി കണ്ട് സ്നേഹിക്കുകയും പക്ഷി മൃഗാദികളെയും വൃക്ഷങ്ങളെയും പരിപാലിക്കുകയും ചെയ്യുന്നവൻ ഹിന്ദു.....
- ഈശ്വര 'വിശ്വാസി' ആയി മാത്രം കഴിയാതെ മനസ്സിനെ ഈശ്വരനിലേക്ക് സ്വയം ഉയർത്തി, ഈശ്വരനെ അനുഭവിച്ചറിഞ്ഞ് ആ പരമമായ ആനന്ദം നേടാൻ ശ്രമിക്കുന്നവൻ ഹിന്ദു....
- മാനവ സേവ മാധവ സേവ എന്ന തത്വത്തിൽ ഊന്നി ജാതി മത ഭേദമന്യേ എല്ലാവരെയും സഹായിക്കുമ്പോഴും തിരിച്ചൊന്നും പ്രതീക്ഷിക്കാത്തവൻ ഹിന്ദു......
- മാതാവിന്റെയും പിതാവിന്റെയും ഗുരുവിന്റെയും സ്ഥാനം ഈശ്വരനെക്കാൽ മഹത്തരമായി കാണുന്നവൻ ഹിന്ദു......
- ഇനിയൊരു ജന്മം ഉണ്ടെങ്കിൽ പരമ പവിത്രമായ ഭാരത മാതാവിന്റെ മടിത്തട്ടിൽ ഒരു പുൽക്കൊടി ആയെങ്കിലും പിറക്കാൻ കഴിയണമേ എന്ന് പ്രാർത്ഥിക്കുന്നവൻ ഹിന്ദു.....
- ലോകത്തിലെ ഏറ്റവും മഹത്തായ ആർഷ ഭാരത സംസ്കാരത്തിന്റെ പിന്തുടർച്ചക്കാരൻ ആയതിൽ അഭിമാനം കൊള്ളുകയും സനാതന ധർമ്മം അനുവർത്തിക്കുകയും ചെയ്യുന്നവൻ ഹിന്ദു. ഹിന്ദുസ്ഥാനെ മാതൃസ്ഥാനത്ത് കണ്ട് വന്ദിക്കുന്നവൻ ഹിന്ദു...........
- ലോകാ സമസ്താ സുഖിനോ ഭവന്തു എന്ന പ്രാർത്ഥനയിലൂടെ ലോകത്തിലെ സർവ്വ ചരാചരങ്ങളുടെയും നന്മ കാംക്ഷിക്കുന്നവൻ ഹിന്ദു.......
- അനേകം ദേവതകളെ ആരാധിക്കുമ്പോഴും ഒരേ ഒരു ഈശ്വര സങ്കല്പം മാത്രം ഉള്ളവൻ ഹിന്ദു.....
- ഈശ്വരൻ എന്നത് സർവ്വ ചരാചരങ്ങളിലും നിറഞ്ഞിരിക്കുന്ന ചൈതന്യം ആയിട്ട് അറിയുന്നവൻ ഹിന്ദു.......
- മതത്തിന്റെ പേരിൽ ഒരിടത്തും തളയ്ക്കപെടാതെ പരിപൂർണ ജീവിത സ്വാതന്ത്ര്യം ഉള്ളവൻ ഹിന്ദു....
- ഏത് ഇഷ്ടദേവനെ ആരാധിക്കുമ്പോഴും ഏത് ക്ഷേത്ര ദർശനം ശീലമാക്കുമ്പോഴും ഇതെല്ലാം സർവ്വശക്തനായ ജഗദീശ്വരനിലേക്കുള്ള അനേക മാർഗ്ഗങ്ങളിൽ ഒന്ന് മാത്രമെന്ന് അറിയുന്നവൻ ഹിന്ദു.....
- എന്റെ മതവും എന്റെ ദൈവവും, നിന്റെ മതത്തിനെയും നിന്റെ ദൈവത്തിനെക്കാൾ ശ്രേഷ്ഠം എന്നും എന്റെ മാർഗം മാത്രമാണ് ഒരേ ഒരു മാർഗം എന്നും പഠിപ്പിക്കാത്തവൻ ഹിന്ദു......
- കൃഷ്ണനെ പോലെ തന്നെ ക്രിസ്തുവിനെയും നബിയേയും ഉൾക്കൊള്ളുവാൻ വിശാല മനസ്സുള്ളവൻ ഹിന്ദു.......
- സ്വരാജ്യത്തിന് വേണ്ടി സ്വജീവൻ സമർപ്പിക്കാൻ സർവ്വദാ സന്നദ്ധൻ ആയവൻ ഹിന്ദു.........
- ദൈവത്തിനെ ഭയപ്പാടോടെ കാണാതെ പ്രേമഭക്തിയോടെ സ്നേഹിക്കുന്നവൻ ഹിന്ദു......
- എനിക്ക് നല്ലത് മാത്രം വരുത്തേണമേ എന്ന് പ്രാർത്ഥിക്കാതെ സുഖവും ദു:ഖവും ഒരേ പോലെ സ്വീകരിക്കാനുള്ള ശക്തി നൽകേണമേ എന്ന് പ്രാർത്ഥിക്കുന്നവൻ ഹിന്ദു......
- സ്വർഗ്ഗവും നരകവും ഈ ഭൂമിയിൽ തന്നെ ആണെന്നും അത് സ്വകർമ്മഫലം അനുഭവിക്കൽ ആണെന്നും അറിയുന്നവൻ ഹിന്ദു.......

ഒരു വ്യക്തിയിലോ ഒരു ഗ്രന്ഥത്തിലോ മാത്രം ഒതുക്കാൻ കഴിയാത്ത, അനേകായിരം ഋഷിവര്യന്മാരാലും ലക്ഷക്കണക്കിന് ശാസ്ത്ര ഗ്രന്ഥങ്ങളാലും അനുഗ്രഹീതമായ സനാതന സംസ്കാരം കൈമുതൽ ആയവൻ ഹിന്ദു........

ലോകാ സമസ്താ സുഖിനോ ഭവന്തു.

# മനസ്സിന്റെ കടിഞ്ഞാൺ

പ്രൊഫസർ അംബുജാക്ഷി. പി. ഫോൺ ഃ 9447577652

എന്താണ് മനസ്സിന്റെ കടിഞ്ഞാൺ? അതന്വേഷിക്കുമ്പോഴാണ് നാം ധ്യാനത്തിൽ എത്തിച്ചേരുന്നത്. യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നീ അഷ്ടാംഗയോഗത്തിൽ ഏഴാമത്തെതാണ് ധ്യാനം. ഭഗവദ്ഗീതയിൽ ധ്യാനയോഗം എന്ന ഒരധ്യായം തന്നെ ഉണ്ട്. ചിന്തിക്കുക എന്നർത്ഥമുള്ള 'ധൈ്യ' എന്ന ധാതുവിൽ നിന്നാണ് ധ്യാനത്തിന്റെ ഉദ്ഭവം. മനസ്സിനെ മറ്റൊന്നിലേക്കും തിരിച്ചു വിടാതെ ഒരു ലക്ഷ്യത്തിൽ മാത്രം കേന്ദ്രീകരിക്കുക എന്ന ഒരർത്ഥത്തിൽ നിന്ന് ധാരാളം അർത്ഥതലങ്ങളിലേക്ക് നയിക്കാൻ ത്രാണിയുള്ള ഒരു വാക്കാണ് അത്. ആചാരവൈവിദ്ധ്യത്തിനും ഉപാസനാവൈവിധദ്ധ്യത്തിനും ചിന്താവൈവിദ്ധ്യത്തിനും പ്രസിദ്ധമായ ഭാരതഭൂമി ധ്യാനവൈവിദ്ധ്യത്തിനും പേരു കേട്ടതാണ്.

വേദകാലം മുതൽക്കേ ധ്യാനം എന്ന വാക്കും ശീലവും പരിചിതമാണ്. ബുദ്ധമതവും ജൈനമതവും ധ്യാനം ശീലിച്ചിരുന്നു. സത്യവും മിഥ്യയും തിരിച്ചറിയാനുള്ള ഒരു മാർഗ്ഗമാണ് ധ്യാനം. അജ്ഞേയത്തിനെ പ്രജ്ഞകൊണ്ട് തപ്പിത്തപ്പി അറിയുന്ന ഈ പ്രക്രിയ അറിവിന്റെ ദേവതയായ സരസ്വതീദേവിയുമായി ബന്ധപ്പെട്ടു കിടക്കുന്നു. ധ്യാനത്തിന്റെ സഹായികളാണ് അറിവും ബുദ്ധിയും ഭാവനയും.

ധാരണയും ഉപാസനയും ഭാവനയും ചേർന്നതാണ് ധ്യാനം എന്ന് ചില പണ്ഡിതന്മാർ പറയുന്നു. സത്യസാക്ഷാത്ക്കാരത്തിന് വഴി തെളിക്കുന്ന ഒരു ശീലമാണ് ധ്യാനം. ഏകാഗ്രചിന്ത, തടസ്സപ്പെടാത്ത മനോഗമനം എന്നൊക്കെ ധ്യാനത്തെ വ്യാഖ്യാനിക്കുന്നു. വിദ്യാർത്ഥി ലക്ഷണങ്ങളിൽപ്പെട്ട 'ബകധ്യാനം' എന്ന പദം നാം ഓർക്കേണ്ടതാണ്. ജയാപജയങ്ങളേയും മാനാപമാനങ്ങളേയും സ്തുതിനിന്ദകളേയും അവഗണിച്ച്, സ്വധർമ്മം അനുഷ്ഠിക്കാൻ മനസ്സിനെ ക്ഷോഭങ്ങളിൽ നിന്ന് മോചിപ്പിച്ച്, സമനിലയിൽ നിർത്തുവാനുള്ള ഒരു പരിശീലനം എന്ന് ധ്യാനത്തെ നിർവചിക്കുന്നതിൽ തെറ്റില്ല.

ഒരു ശരാശരി മനുഷ്യനെ സംബന്ധിച്ചിടത്തോളം ലൗകിക കർമ്മങ്ങളിൽ മുഴുകിയിരിക്കുമ്പോഴും മനസ്സിന്റെ സമനില തെറ്റാതിരിക്കാൻ ഉള്ള ശ്രമമാണ് ധ്യാനം. സംശയബുദ്ധിയിൽ നിന്ന് നിശ്ചയബുദ്ധിയിൽ എത്തിച്ചേരുമ്പോൾ ആണ് ഒരു സാധാരണ മനുഷ്യൻ ജീവിതത്തിൽ വിജയിക്കുന്നത്. അതിനു കഴിയാത്തവർ അലഞ്ഞുകൊണ്ടേയിരിക്കുന്നു. നിശ്ചയബുദ്ധി നേടിയ ഒരാൾ ബ്രഹ്മബുദ്ധി അല്ലെങ്കിൽ പരമാനന്ദം അനുഭവിക്കുന്നു. അവിടെയാണ് ധ്യാനം പരിപൂർണമാകുന്നത്.

ജീവിതവിജയത്തിന് ലക്ഷ്യബോധം വേണം. കേവലഭൗതിക മാർഗം അംഗീകരിക്കുന്നവർക്ക് മനസ്സിന്റെ സമനില ശീലിക്കുക അസാധ്യമാണ്. സത്യം, അഹിംസ, അപരിഗ്രഹം എന്നീ സാത്വിക ശീലങ്ങളിലൂടെ പോകുന്നവർക്ക് മാത്രമേ ജീവിത വിജയവും അന്തിമമായ ഈശ്വര സാക്ഷാത്കാരവും സാധിക്കുകയുള്ളൂ.

ഈ ലോകത്ത് മനുഷ്യന് ധ്യാനിക്കാവുന്ന രണ്ടു കാര്യങ്ങളേ ഉള്ളൂ. ഒന്ന് സ്വകർമ്മം, അതായത് സ്വധർമ്മം. മറ്റൊന്ന് ഈശ്വരൻ. നിത്യജീവിതത്തിൽ നമുക്ക് കർമ്മം ചെയ്യാതിരിക്കാനാവില്ല. ഒരു വ്യക്തിക്ക് കർമ്മം അനിവാര്യമാണ്. കർമ്മം ചെയ്യാത്ത വ്യക്തിയുടെ ജീവിതം തന്നെ വ്യർത്ഥം, ജീവിതയാത്ര, കർമ്മാനുഷ്ഠാനമില്ലെങ്കിൽ നിരർഥകം തന്നെ എന്ന് ഗീതയിൽ പറയുന്നു.

നിയതം കുരു കർമ്മ ത്വം
കർമ്മ ജ്യായോ ഹ്യ കർമ്മണ ഃ
ശരീരയാത്രാ *f* പിചതേ
ന പ്രസിദ്ധ്യേദ കർമ്മണ ഃ

ഭ. ഗീ 3/8

മാത്രമല്ല, എത്രയോ മഹാന്മാർക്ക് കർമ്മ ധ്യാനത്തിലൂടെ പരമാത്മധ്യാനം സിദ്ധിച്ചിരിക്കുന്നു എന്നും, സോദാഹരണം സമർത്ഥിക്കുന്നു.

കർമ്മണൈവ ഹി സംസിദ്ധിം
ആസ്ഥിതാ ജനകാദയ ഃ
ലോകസംഗ്രഹമേവാപി
സംപശ്യൻ കർത്തുമർഹസി

ഇതിൽ നിന്നൊക്കെ നാം മനസ്സിലാക്കേണ്ട കാര്യം. നാം സ്വയം മാതൃകകളായി സമൂഹത്തിന് നന്മ വരുത്തുക എന്ന ലക്ഷ്യം തന്നെയാണ് ധ്യാനം കൊണ്ട് ഉദ്ദേശിക്കുന്നത് എന്നാണ്. ഫലേച്ഛ കൂടാതെ സ്വകർമ്മങ്ങൾ ചെയ്യുന്നയാൾ കർമ്മം ത്യജിച്ച സന്യാസിയും സത്യം കണ്ട യോഗിയുമാണ്.





# ചിന്മയിയുടെ ചിന്ത

ജി.മാധവൻ നായർ

വരണ്ട പാലക്കാടൻ കാറ്റിന്റെ ക്രമാതീതമായ ശക്തിയിൽ പാതയോരത്തൂടെ അവൾ പാറി പാറി നടന്നു. പൊള്ളുന്ന ചൂടിൽ നിന്നും രക്ഷപെടാൻ ചൂടിയ കുട നിയന്ത്രണമില്ലാതെ ആടിയുലഞ്ഞു പോകുന്നു. ഇളകിയാടുന്ന സാരി, കൈകൊണ്ടു ദേഹത്തോടടുപ്പിച്ച്, വേഗതയിൽ സർവ്വകലാശാല കേന്ദ്രത്തിലേക്ക് അടികൾ വെച്ചു. ദേശീയപാതയിലൂടെ നിരവധി വാഹനങ്ങൾ പൊയ്ക്കൊണ്ടിരുന്നു. കൂടുതലും തമിഴ്നാട്ടിൽ നിന്ന് വിവിധ തരം ചരക്കുകൾ കയറ്റി വരുന്ന ലോറികളാണ്. പല വാഹനങ്ങളിലും മുൻവശത്തെ വിളക്കുകൾ, സൂര്യപ്രകാശം പരന്നെങ്കിലും അണച്ചു കാണുന്നില്ല. അതിന്റെ സാരഥികൾക്ക് നേരം വെളുത്തു എന്ന കാര്യം തോന്നിയിട്ടില്ലായിരിക്കാം.

വിസ്തൃതമായ കവാടം കടന്ന് ക്യാമ്പസിനുള്ളിൽ പ്രവേശിച്ച അവൾ ഒപ്പം നടന്നു പോയിരുന്ന ആരേയും ശ്രദ്ധിച്ചില്ല. ചിലർ ചിരിച്ചെങ്കിലും ചിന്തയിലായിപ്പോയ ചിന്മയി അതിനോട് പ്രതികരിച്ചില്ല. കെട്ടിടസമുച്ചയത്തിനടുത്തെത്തി നിലകൾക്കുമേൽ ഉയരത്തിൽ വച്ചിട്ടുള്ള നാഴിക മണിയിലേക്ക് അവൾ നോക്കി. ഒൻപതടിക്കുവാൻ മിനിട്ടുകൾ മാത്രമേ ബാക്കിയുള്ളു.

ധൃതഗതിയിൽ നീളത്തിലുള്ള പടികൾ ഓരോന്നായി കയറി. വിശാലമായ കവാടം കടന്ന് പല ദിശകളിലേക്കു പോകേണ്ടുന്ന ഹാളിലേക്കു പ്രവേശിച്ചു. പലരും അവിടെ കൂടിനിന്ന് ഓരോന്നു പറയുന്നുണ്ടായിരുന്നു. അതിലൊന്നും ഭാഗഭാക്കാകാതെ അവൾ തന്റെ ജോലിസ്ഥലമായ താഴത്തെ നിലയിൽ തന്നെയുള്ള ലാബിലേക്ക് കയറി. വകുപ്പദ്ധ്യക്ഷയുടെ മുറിയിൽ ഫാൻ കറങ്ങുന്നത് വെളിയിൽ നിന്നു കണ്ടു. അവൾ ഹാഫ്ഡോർ തുറന്ന് ഉള്ളിലേക്കു പ്രവേശിച്ചു.

പ്രശസ്തയായ ഒരു ശാസ്ത്രജ്ഞ എന്ന നാമധേയം അന്വർത്ഥമാക്കിയ അവർ, അവളെ നോക്കി ഒന്ന് പുഞ്ചിരിച്ചിട്ട്, വായിച്ചുകൊണ്ടിരുന്ന പുസ്തകത്തിലേക്കു തന്നെ ശ്രദ്ധ തിരിച്ചു.

'മാഡം' സുപ്രഭാതം. ഇന്നു നേരത്തെ എത്തിയെന്നു തോന്നുന്നല്ലോ ?

രാവിലെ ഉപചാരവാക്കുകളോടെ, വന്ദനം നടത്തുന്നത് അവളുടെ ഒരു പതിവാണ്.

ഇല്ല. ഇപ്പോഴെത്തിയതെയുള്ളു. ചിന്മയി അപ്പുറത്ത്, തിമോത്തി എത്തിയിട്ടുണ്ടോ എന്നു നോക്കുമോ !

അതിനെന്താ, ഞാൻ പോയി അവനെ വിളിക്കാം. ഇങ്ങോട്ടു വരാൻ പറയണോ !

വേണം. ഡീൻ ഇപ്പോൾ വന്നിട്ടുണ്ടാകും. കുറച്ചു ഫയലുകളവിടെ എത്തിക്കണം.

ശരി മാം.

അപ്പോൾ തന്നെ അവൾ മുറിക്കു പുറത്തിറങ്ങി. ലാബിന്റെ അങ്ങേ തലയ്ക്കുള്ള സ്റ്റാഫ് റൂമിൽ എത്തി. അവിടെ തിമോത്തി അന്നത്തെ പത്രം വായിച്ചു കൊണ്ടിരിപ്പുണ്ട്. സ്വതവേ മടിയനാണ്. എന്നാലും ആത്മാർത്ഥതയും നല്ല അനുസരണാശീലവുമുള്ളവനുമാണ്. അതുകൂടാതെ എല്ലായിടത്തും ഒരുപകാരിയുടെ പരിവേഷമണിഞ്ഞു എത്തിച്ചേരും.

ദേ, മാഡം വിളിക്കുന്നുണ്ട്.

അത് കേട്ടെങ്കിലും , അല്പം നേരംകൂടി വായന തുടർന്നിട്ടാണെഴുന്നേറ്റത്.

ചേച്ചി, എന്തിനാണെന്നു പറഞ്ഞോ ?

ഇല്ല. നീ ചെന്ന് നോക്ക്. അല്പം ഗൗരവം നടിച്ചെങ്കിലും, അവനോടായതിനാൽ മുഖത്ത് പെട്ടെന്നു തന്നെ ഒരു ചിരി വന്നു.

തിമോത്തി, തിടുക്കത്തിൽ പ്രൊഫസ്സറുടെ മുറിയിലേക്കു ചെന്നു. അവനെ കണ്ട ഉടൻ വായിച്ചുകൊണ്ടിരുന്ന പുസ്തകമടച്ചു വെച്ചിട്ട് മേശപ്പുറത്തിരുന്ന കുറച്ചു ഫയലുകൾ എടുത്ത് അവനെ ഏല്പിച്ചു. ഇത് ഡീനിന്റെ ഓഫീസ്സിലെത്തിക്കണം. അവിടെ പി.എ ഉണ്ടെങ്കിൽ ഇത് ഞാൻ തന്നയച്ചതാണെന്നു പ്രത്യേകം പറയണം. തിരികെ വരുമ്പോൾ മധു സാറിനെ കാണണം. അദ്ദേഹം ഒരു ബോക്സ് തരും. അതിങ്ങോട്ടു കൊണ്ടു പോര്. പിന്നെ ചിന്മയിയോടു ചായയുടെ കാര്യം പറഞ്ഞേക്ക്.

എല്ലാം അവൻ മൂളികേട്ടു. മാഡത്തിന്റെ ഭർത്താവാണ് മധുസാർ. അദ്ദേഹം മറ്റൊരു വകുപ്പിലെ പ്രൊഫസ്സറാണ്. ഒട്ടും തലക്കനമില്ലാത്ത സഹൃദയൻ. ചോദിക്കാതെ തന്നെ ഇടയ്ക്ക് തിമോത്തിയെ വിളിച്ച് എന്തെങ്കിലും കൊടുക്കും. അത് നന്നായറിയുന്ന മാഡം വിശേഷങ്ങൾക്കല്ലാതെ സാധാരണ രീതിയിൽ സഹായിക്കാറില്ല. അവൻ ചോദിക്കാറുമില്ല.

തിമോത്തി പുറത്തിറങ്ങി ചിന്മയി ഇരിക്കുന്ന സ്ഥലത്ത് ചെന്ന് ചായയുടെ കാര്യം

ഉണർത്തിച്ചു.പാലും, പഞ്ചസാരയും ചായപ്പൊടിയുമെല്ലാം ഫ്രിഡ്ജിലുണ്ട്. വേണ്ട അളവിൽ ഓരോന്നെടുത്ത് ഇലട്രിക് കെറ്റിലിലെ തിളച്ചു വരുന്ന വെള്ളത്തിലേക്ക് ചേർത്ത്, മെല്ലെ ഇളക്കി. മാഡത്തിനു ചായ വളരെ പഥ്യമാണ്. അത് ചിന്മയി തന്നെ ഉണ്ടാക്കി കൊടുക്കണം. ഉത്തേജകം തയ്യാറാക്കുന്നതിനിടയിലാണ് മേശപ്പുറത്ത് വച്ചിരുന്ന ഫോൺ ശബ്ദിച്ചത്. എടുത്തു നോക്കി. മകൻ ക്യാനഡയിൽ നിന്നും വിളിക്കുന്നു.

അമ്മേ, ഞാനാണ് , കുറച്ചു നേരമായി ഞാൻ ട്രൈ ചെയ്യുന്നു. അമ്മ ആഫീസ്സിലില്ലേ ?

അതെ, ഞാനിവിടെ തന്നെ. എന്താണ് മോനേ വിശേഷം.

പ്രത്യേകിച്ചൊന്നുമില്ല. ചേട്ടൻ വിളിച്ചില്ലേ ? അപ്പോൾ പറഞ്ഞു കാണുമല്ലോ.

ഇല്ല. അവൻ വിളിച്ചിട്ടില്ല.

എന്നാൽ വിളിക്കും. അതിനുമുമ്പ് ഞാൻ എന്റെ ഒരു ന്യൂസ് അറിയിക്കാം. എന്റെ കൂടെ റിസർച്ച് ചെയ്യുന്ന മിറിയത്തെ ഞാൻ വിവാഹം കഴിക്കുന്നു. അവൾ ലബനൻകാരിയാണ്.

നടക്കട്ടെ. നിന്റെ ഇഷ്ടമല്ലേ ?

എന്നാലും അമ്മയോടു നേരത്തെ പറയുവാൻ കഴിഞ്ഞില്ല. സോറി. അമ്മ എന്നോടു ക്ഷമിക്കുമല്ലോ.

അതിന്,അമ്മ മറുപടിയൊന്നും പറഞ്ഞില്ല. പ്രതികരണം കാണാത്തതിനാൽ മകൻ പറഞ്ഞു. അമ്മ വിഷമിക്കുകയൊന്നും വേണ്ട. ഞങ്ങൾ അടുത്ത മാസം അങ്ങോട്ടു വരുന്നുണ്ട്. ഗുരുവായൂരിൽ പോയി താലി കെട്ടണം. അമ്മ ഞങ്ങളെ അനുഗ്രഹിക്കണം.

ഫോൺ സംഭാഷണം അവസാനിച്ചപ്പോൾ അവൾ, കസേരയിലമർന്നിരുന്ന് ആലോചനയിൽ മുഴുകി. മക്കൾ രണ്ടുപേരും അവരവരുടെ വഴി തിരഞ്ഞെടുത്തിരിക്കുന്നു. അവരുടെ ജനനം കഴിഞ്ഞ് കുറച്ചുകാലം മാത്രമേ അവരുടെ അച്ഛൻ ഒപ്പം ഉണ്ടായിരുന്നുള്ളു. അയാളുമായി എപ്പോഴെങ്കിലും ഒരു സ്നേഹബന്ധമുണ്ടായിരുന്നോ ? ഒരു കരാറിന്റെ അടിസ്ഥാനത്തിൽ മാത്രം ഉടലെടുത്ത ബന്ധനമായിരുന്നോ? കുട്ടികളുടെ ജനയിതാവായ സ്വാമി അവളെ വിട്ടു പോകുമ്പോൾ അവർ നന്നേ ചെറുതായിരുന്നു.

പ്രൊഫഷണൽ കോഴ്സിനു അതേ സ്ഥലത്തു പഠിച്ചിരുന്നു അയാൾ. പലപ്പോഴും അവളുമായി തന്റെ സ്വകാര്യ ജീവിതത്തെ പറ്റി സംസാരിക്കാറുണ്ടായിരുന്നു. ഒരവസ്സരത്തിൽ സാമ്പത്തിക സ്ഥിതി വളരെ മോശമായി തീർന്നതിനാൽ അതിലേക്ക് സഹായാഭ്യർത്ഥനയുമായി വന്നു. സമ്മർദ്ദമേറി വന്നപ്പോൾ അവളുടെ ഭാഗത്ത് നിന്നൊരയവുണ്ടായി. എന്നാലും പെട്ടെന്ന് ഒരു സമ്മതമുണ്ടായില്ല. അപ്പോൾ ഒരു വ്യവസ്ഥയുമായി സ്വാമി മുന്നോട്ടു വന്നു. താൻ, അവളെ വിവാഹം കഴിക്കുവാൻ തയ്യാറാണ്. പക്ഷേ, സാമ്പത്തികമായി തുണയ്ക്കണം. പഠിപ്പു കഴിഞ്ഞു ജയിച്ചു പുറത്തു വന്ന്, ഒരു ജോലി കിട്ടിക്കഴിഞ്ഞാൽ കടം വീട്ടാം. കൂടാതെ കുടുംബത്തിന്റെ മുഴുവൻ ചുമതലകളും ഏറ്റെടുക്കാം.

അവൾക്കന്ന്, ആകെ ഉണ്ടായിരുന്ന ബന്ധു പ്രായമായ അമ്മ മാത്രമായിരുന്നു. തുലോം അശരണരായ ആ കുടുംബത്തിനും ഇങ്ങിനെ ഒരു ബന്ധം സുദൃഢമായിരിക്കുമെന്ന് ആ ജനനി കരുതി. അങ്ങിനെ വരുന്ന സമയത്ത് അവൾക്ക് വേണമെങ്കിൽ ജോലിയിൽ നിന്ന് വിട്ടു നില്ക്കാമെന്നും കൂടി അയാൾ സൂചിപ്പിച്ചു. ഒരു പ്രൊഫഷണൽ ബിരുദധാരിയാകാൻ പോകുന്നവനും, സർവ്വോപരി ഉന്നതകുലജാതനും സൽസ്വഭാവിയുമായ ആ ചെറുപ്പക്കാരനിൽ അവൾ ആകൃഷ്ടയായി. അതുകൊണ്ടവൾ അങ്ങിനെ ഒരു വിവാഹത്തിനു സമ്മതിച്ചു.

അയാളുടെ ഭാഗത്തു നിന്നും അങ്ങിനെ ഒരു സ്നേഹപ്രകടനം ഉണ്ടായിരുന്നില്ല എന്നത് പിൽക്കാലത്ത് അവൾക്ക് തോന്നിയിരുന്നു. മംഗല്യം കഴിഞ്ഞിട്ട് അയാൾ ആ കുടുംബത്തിൽ താമസമാക്കി. എല്ലാ ചിലവുകളും അവൾ തന്നെ വഹിച്ചു. പഠനകാലം പൂർത്തിയാക്കി, ഒരു ജോലി കിട്ടുന്നതിനുമുമ്പ് തന്നെ രണ്ടു കുട്ടികളും ജനിച്ചിരുന്നു. മുംബെയിൽ ഭേദപ്പെട്ട ഒരു ജോലി ലഭ്യമായപ്പോൾ , അയാൾ അങ്ങോട്ടു പോയി. കുറച്ചു കാലത്തേക്ക് കത്തിടപാടുകളും, ഫോൺ വിളികളുമെല്ലാമുണ്ടായിരുന്നു. പിന്നീട് അത് നിലച്ചു. ഒരിക്കലെങ്കിലും പണമയച്ചതായി അനുഭവമില്ല. കുറച്ചു വൈകിയിട്ടാണ് അറിയുന്നത്, കൂടെ ജോലി ചെയ്തിരുന്ന മറാത്തി സ്ത്രീയോടൊപ്പമാണ് അയാൾ കഴിയുന്നതെന്ന്.

ആദ്യമൊക്കെ ക്ഷോഭം കൊണ്ട് വിങ്ങി പൊട്ടിയിരുന്നു. കുട്ടികളുടെ കാര്യമോർത്തിട്ടാണ് ദു:ഖം കടിച്ചമർത്തി അവൾ ജോലിക്കു പോയിരുന്നത്. കുറച്ചുനാൾ കഴിഞ്ഞപ്പോൾ എല്ലാം സഹിക്കുവാൻ അവൾ മനസ്സ് പാകപ്പെടുത്തി. ക്രമേണ ഒരു നിർവ്വികാരസ്ഥിതിയിലായി. മക്കളെ വളർത്തി വലുതാക്കണമല്ലോ. അത്രയ്ക്ക് വലിയ ഒരു ശമ്പളമുണ്ടായിരുന്നില്ല. സഹായത്തിനാണെങ്കിൽ അപൂർവ്വം ചിലരെ ഉണ്ടായിരുന്നുള്ളൂ. വകുപ്പു മേധാവിയും, ഭർത്താവും കാരുണ്യത്തിന്റെ ഹസ്തങ്ങൾ, എല്ലാമറിഞ്ഞുകൊണ്ടു തന്നെ വച്ചു നീട്ടി. ആദ്യമൊക്കെ അത് സ്വീകരിക്കുവാൻ വൈമനസ്യമുണ്ടായിരുന്നു. പിന്നീട് ആവശ്യകത മനസ്സിലാക്കി അവരുടെ നിർബ്ബന്ധത്തിനു വഴങ്ങുകയായിരുന്നു.

എല്ലാ മാനസിക സംഘട്ടനങ്ങൾക്കും, ദുരിതങ്ങൾക്കും കൂടെ നിന്ന മക്കൾ അവൾക്കൊരു താങ്ങും, തണലുമായി. കഷ്ടതകളെല്ലാം മനസ്സിലാക്കി അവർ പഠനത്തിൽ മാത്രം മുഴുകി. സ്തുത്യർഹമായ





വിജയം വരിച്ചതിനാൽ സ്കോളർഷിപ്പുകൾക്കർഹരായി ഉപരിപഠനത്തിലേക്കുള്ള വഴി തുറന്നു. മികവിന്റെ അടിസ്ഥാനത്തിൽ മൂത്തവൻ അമേരിക്കയിലേക്കും, ഇളയവൻ ക്യാനഡയിലേക്കും ഉന്നത ശ്രേണിയിലുള്ള വിദ്യാഭ്യാസ പഠനത്തിനായി തിരഞ്ഞെടുക്കപ്പെട്ടു. രണ്ടുപേരും അമ്മയോടങ്ങേയറ്റത്തെ സ്നേഹഭാവം കാട്ടിയിരുന്നു. മിക്കവാറും ദിവസങ്ങളിൽ ഒറ്റയ്ക്ക് കഴിഞ്ഞിരുന്ന അവരുമായി അവർ ഫോണിലൂടെ ബന്ധപ്പെട്ടിരുന്നു.

കാലം കുറച്ചു കടന്നു പോയി. ജ്യേഷ്ഠൻ യൂണിവേഴ്സിറ്റിയിൽ കൂടെ ഗവേഷണം നടത്തുന്ന ഒരു ഇംഗ്ലീഷുകാരിയെ ജീവിതസഖിയാക്കി. ഇപ്പോൾ കനിഷ്ഠനും, അതേവഴി തന്നെ തിരഞ്ഞെടുത്തിരിക്കുന്നു. പെട്ടന്നവൾക്ക് തോന്നിയത് അച്ഛന്റെയല്ലെ മക്കൾ എന്നാണ്.

ഇങ്ങനെയുള്ള അവസരങ്ങളിലാണ് മാഡത്തിന്റെ സവിധത്തിലേക്കു പോയി ആശ്വാസം കണ്ടെത്തുക. ചായയുണ്ടാക്കിയതിൽ നിന്ന്, ഫ്ളാസ്കിൽ നിറയെ ഒഴിച്ച് അതുമായി ചിന്മയി വകുപ്പദ്ധ്യക്ഷയുടെ മുറിയിലേക്കു ചെന്നു. പുസ്തകത്തിലേക്ക് കണ്ണും നട്ടിരുന്ന അവർ, അവളെ ശ്രദ്ധിച്ചില്ല. കുറച്ചു നേരം അവളങ്ങനെ അനങ്ങാതെ നിന്നു. മനസ്സൊട്ടൊന്ന് നിയന്ത്രിച്ച് നിർത്തിയിരുന്നെങ്കിലും ഓർക്കാപ്പുറത്ത് ഒരു വിങ്ങൽ അവളുടെ ഉള്ളിൽ നിന്നുയർന്നു. അത് കേട്ട് ഞെട്ടിയ രാജംമാഡം തൊട്ടടുത്തു നില്ക്കുന്ന ചിന്മയിയെ അപ്പോഴാണ് കണ്ടത്.

"എന്താ, ചിന്നൂ നിനക്ക് വല്ലാഴിക വല്ലതുമുണ്ടോ ? മടിക്കാതെ പറയൂ."

അതോടെ ആകെ തകർന്ന് പോയ അവൾ പൊട്ടിക്കരഞ്ഞു. അന്ധാളിച്ചുപോയ പ്രൊഫസ്സർ അവളെ ചേർത്ത് പിടിച്ച്, മുഖമുയർത്തിയിട്ടു കാരണം ആരാഞ്ഞു.

എന്താണ് സംഭവിച്ചത്. നീ ഇനിയെങ്കിലും തുറന്നു പറയൂ.

വാക്കുകൾ പുറത്തേക്കു വരുവാൻ നന്നേ പ്രയാസപ്പെട്ടു. എങ്കിലും, അങ്ങകലെയുള്ള മകനുമായുണ്ടായ സംഭാഷണം അസ്പഷ്ടമായി വിവരിച്ചു. മുഴുവൻ കേട്ടു കഴിഞ്ഞപ്പോൾ മാഡത്തിന്റെ മനസ്സും പ്രക്ഷുബ്ധമായി. ഒരബലയായ സ്ത്രീക്ക്, ഏറെ ദുരന്തങ്ങൾ ഒരു ചുരുങ്ങിയ കാലത്തിനിടയ്ക്ക് മുഴുവനായി തന്നെ ഏറ്റു വാങ്ങാൻ വിധിക്കപ്പെട്ടിരിക്കുന്നു. ഏതു രീതിയിലാണ് ഈ സാധുവിനെ ഒന്ന് സമാധാനപ്പെടുത്തുക. വിദ്യാവിചക്ഷണ വിഷമത്തിലായി !

തന്നെക്കാൾ പ്രായം കൂടുതലുള്ള കീഴ്ജീവനക്കാരിയെ, സ്വന്തം സഹോദരി എന്ന പോലെ ദേഹത്തോട് ഒന്നു കൂടി അണച്ചു പിടിച്ചു. എന്നിട്ട് അവളുടെ മുഖം നല്ലവണ്ണം ഉയർത്തി, ഉതിർന്നു വരുന്ന കണ്ണുനീർ, കസേരയുടെ കയ്യിലിട്ടിരുന്ന ടൗവ്വലെടുത്ത് തുടച്ചു. മുറുക്കി പിടിച്ചിരുന്ന കൈ ഒന്നയച്ചിട്ട് അവളെ അടുത്തുള്ള കസേരയിൽ തന്നെ ഇരുത്തി. ചിന്മയി കൊണ്ടു വന്ന ചായ രണ്ടു ഗ്ലാസ്സുകളിലായി പകർന്നിട്ട് ഒന്നവൾക്കു കൊടുത്തു. മറ്റേത് കൈയ്യിലെടുത്ത് മെല്ലെ നുണഞ്ഞുകൊണ്ട്, സാന്ത്വന സ്വരത്തിൽ പറഞ്ഞു.

"ചിന്നൂ നീ ഇത് കുടിക്ക്. നമുക്ക് കാര്യങ്ങൾ സംസാരിക്കാം."

ചായ കുടിക്കുവാൻ അവൾക്കാകുമായിരുന്നില്ല. എന്നാലും മാഡത്തിന്റെ തുടരെയുള്ള നിർബന്ധത്തിനു വഴങ്ങി അവൾ പതുക്കെ കുടിക്കുവാൻ തുടങ്ങി.

മാം, ഇനി ഇങ്ങനെ കഴിയുന്നതിലെന്താണൊരർത്ഥം. ആദ്യം അയാൾ എന്നെ വിട്ടുപോയി. അതിനു ശേഷം മൂത്തവൻ അവന്റെ വഴിക്കു പോയി. ഇപ്പോൾ ഇതാ ഇളയവൻ അവന്റെ മാർഗ്ഗം കണ്ടെത്തിയിരിക്കുന്നു. എന്റെ ജീവിതത്തിന്റെ പ്രസക്തിയാകെ നഷ്ടമായി.....

അവൾ തേങ്ങി തേങ്ങി കരഞ്ഞു. അതിനിടയിൽ വികാരവതിയായി വീണ്ടും പറഞ്ഞു.

എനിക്കെന്നും സ്വന്തമെന്നു കരുതിയിരുന്ന അയാളുടെ മക്കൾ, അച്ഛന്റെ പാത തന്നെ പിൻതുടർന്നിരിക്കുന്നു. അതാണെന്റെ ദു:ഖം.

തെല്ലൊരു സമയം കഴിഞ്ഞ് ആ വിലാപം നിലച്ചപ്പോൾ, മാഡം ശാന്തതയോടെ അവളെ അഭിസം

ബോധന ചെയ്തു.

നിന്റെ സങ്കടം എനിക്കു മനസ്സിലാകുന്നുണ്ട്. പക്ഷേ, സഹിക്കുകയും, സമാധാനിക്കുകയും ചെയ്യാതെ വയ്യല്ലോ ! ഭഗവദ് ഗീതയിൽ പറയുമ്പോലെ നിന്റെ കർത്തവ്യം നീ നിറവേറ്റി. ഫലം ഒന്നും ആഗ്രഹിക്കണ്ട. ഇനിയും പഴയതെല്ലാം പാടേ വിസ്മരിച്ച്, മറ്റൊരുയർന്ന തലത്തിലേക്കു പോകണം. കൂടുതൽ ആത്മീയതയിലേക്കു നീങ്ങണം. ആ ഒരൊറ്റ ലക്ഷ്യം മാത്രം മതി.

എന്നാലും മാഡം ദൈവം എന്നെ ഇങ്ങിനെ പരീക്ഷിക്കണമോ ? ഇത് ക്രൂരമായി പോയില്ലേ ? എനിക്കെല്ലാം നഷ്ടമായില്ലേ ? ഇനി ബാക്കിയായി ഒന്നുമില്ലല്ലോ ?

പരിദേവനങ്ങൾ അങ്ങിനെ തുടർന്നു കൊണ്ടിരുന്നു. ആ സമയമത്രയും പ്രൊഫസ്സർ അത് നിശ്ശബ്ദയായി കേട്ടിരുന്നു. അത് കണ്ട ചിന്മയി കുറച്ചു നേരത്തേയ്ക്ക് മാഡത്തിനെ നോക്കി അങ്ങിനെ ഇരുന്നു.

ചിന്നൂ, സുഖദു:ഖങ്ങൾ ജീവിതത്തിന്റെ ഭാഗമല്ലേ. നീ, ഞങ്ങളുടെ കാര്യം തന്നെ ഒന്നു ഓർത്തു നോക്ക് . ഒരേ ഒരു മകൾ എങ്ങിനെ നഷ്ടപ്പെട്ടു ?

അവൾക്കെന്തിന്റെ കുറവായിരുന്നു. വാർദ്ധക്യകാലത്ത് ഞങ്ങൾക്ക് താങ്ങും, തണലുമാകേണ്ടിയിരുന്ന അവൾ എന്തിനാ കടുംകൈ ചെയ്തു.

അത് കേട്ടു കഴിഞ്ഞപ്പോൾ ചിന്മയി പെട്ടെന്ന് മാഡത്തിന്റെ മകളെ ഓർത്തു. ഏതോ ഒരു പ്രേമബന്ധത്തിൽ കുടുങ്ങിയിട്ടാവണം, കാമുകന്റെ വഞ്ചനയിൽ മനം നൊന്ത് അവളാത്മഹത്യ ചെയ്തത്. വിജ്ഞാന സമ്പന്നരായ ആ ദമ്പതികൾക്ക്, ഇനി അടുത്ത ഒരു തലമുറയില്ല.

ആ സമയത്താണ് മാഡത്തിന്റെ ഭർത്താവ് അങ്ങോട്ടു കടന്നു വന്നത്. കസേരകളിൽ ഉപവിഷ്ടരായിരുന്ന അവർ രണ്ടുപേരും ഉടൻ തന്നെ ചാടി എഴുന്നേറ്റു. അവിടെ അകാരണമായി എന്തോ സംഭവിച്ചിട്ടുണ്ടെന്ന് ബുദ്ധിമാനായ അദ്ദേഹം മനസ്സിലാക്കി. ചിന്മയിയുടെ മുഖത്തേക്ക് ശ്രദ്ധിച്ചു നോക്കിയിട്ട്, എന്താണ് വിശേഷമെന്നു ചോദിച്ചു. അതിനു മറുപടി പറഞ്ഞത് സഹധർമ്മിണിയാണ്.

പ്രത്യേകിച്ചൊന്നുമില്ല, എന്നാൽ ഒന്നുമില്ലാതില്ല. ക്യാനഡയിലുള്ള ഇളയ പുത്രൻ, മൂത്തവനെ പോലെ അവിടെ ഒരു വിവാഹത്തിലേർപ്പെട്ടിരിക്കുന്നു. ഇന്നാണവനത് അറിയിച്ചത്. നമുക്കെല്ലാം അറിയാം, അവളുടെ ജീവിതം എന്നും ഒരു സ്ട്രഗിളായിരുന്നു.

ശാന്തനും, സ്ഥിരചിത്തനും മിതഭാഷിയുമായ അദ്ദേഹം അവളോടു പറഞ്ഞു.

എന്തുണ്ടായാലും സഹിക്കേണ്ടവരല്ലേ, തമോഗുണസ്വഭാവമുള്ള നാം. ജീവിതമിങ്ങനെ തുടരേണ്ടതല്ലേ ? ക്ഷമിച്ചും, സഹിച്ചും കഴിയണമല്ലോ. ചിന്മയി, സമാധാനമായിരിക്കൂ. ദൈവമതിനു ശക്തി തരട്ടെ. ഞാനിതിലെ വെറുതെ വന്നു എന്നേയുള്ളു. നിങ്ങൾ ജോലി തുടരൂ.

കൂടുതലൊന്നും പറയാതെ, അദ്ദേഹം മുറിക്ക് പുറത്തു കടന്ന്, സാവധാനം നടന്നുപോയി.

ചിന്നുവിനറിയുമോ ? അദ്ദേഹത്തിനു നല്ല സുഖമില്ല. ചികിത്സയിലാണ്.

എന്തോ പന്തികേടുണ്ടെന്ന് മനസ്സിലാക്കിയ അവൾ എന്താണെന്നറിയുവാൻ വ്യഗ്രത കാട്ടി.

മാഡം, എന്താണസുഖം

അദ്ദേഹം ആർ.സി. സി.യിൽ പോയി തുടങ്ങിയിട്ടു കുറച്ചു നാളായി. ഞങ്ങളധികം പേരെ അറിയിച്ചിട്ടില്ല. ഇതും എന്റെ വിധിയാണ്.

അത് കേട്ടതോടെ ചിന്മയി ആകെ വിഷമിച്ച് വശായി. എന്താണ് പറയേണ്ടതെന്നറിയാതെ ദൈന്യതയോടെ, മാഡത്തിന്റെ മുഖത്തേക്കുറ്റു നോക്കി.

അപ്പോൾ നമുക്കോരോരുത്തർക്കും ദുഃഖം ഓരോ വിധത്തിലാണെന്നു മാത്രമേയുള്ളൂ.ചിന്മയി, നീ ഇനി പൊയ്ക്കോളൂ. കൂടുതലൊന്നും ആലോചിക്കാതെ, മനസ്സു പാകപ്പെടുത്തികൊണ്ട് നീ, എന്തെങ്കിലും ജോലി ചെയ്യൂ.

ഇടറിയ ആ സ്വരം കേട്ട് തെല്ലൊന്ന് സ്തംഭിച്ചു നിന്ന് അവൾ ഒന്നുമുരിയാടാതെ മെല്ലെ മുറിവിട്ട് പുറത്തിറങ്ങി. വർദ്ധിച്ചു വരുന്ന കിതപ്പോടെ തന്റെ തട്ടകത്തിലേക്ക് സ്വപ്നലോകത്തിലെ ന്നോണം നടന്നു.


**എറണാകുളം കരയോഗാംഗത്വം എടുക്കൂ**

**ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ...**

**93 വർഷത്തെ സേവനപാരമ്പര്യമുള്ള എറണാകുളം കരയോഗത്തിൽ കൊച്ചി കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസമുള്ള എല്ലാ നായർ സമുദായാംഗങ്ങൾക്കും കരയോഗം നിയമാവലിയ്ക്ക് വിധേയമായി അംഗത്വം ലഭിക്കുന്നതാണ്.**

**ഈ അവസരം പ്രയോജനപ്പെടുത്തുക.**

***കൂടുതൽ വിവരങ്ങൾക്ക്: 0484 2361160***

Email: ekmkgm@gmail.com


**(31-ാം പേജിൽ നിന്ന് തുടർച്ച)**

ഉപനിഷത്തുകളും നമ്മെ നയിക്കുന്നത് ഈ യാഥാർഥ്യത്തിലേക്കാണ്.

'താന്യാചരഥ നിയതം.............

സത്യകാമാഃ ഏഷ വ ഃ പന്ഥാ

സുകൃതസ്യ ലോകേ' എന്ന മുണ്ഡകോപനിഷത് വചനം ശ്രദ്ധേയമാമ്. മാനവോന്നതിക്ക് സാധനാഭൂതമായ കർമ്മങ്ങൾ അനുഷ്ഠിക്കണം. അതാണ് മനുഷ്യശരീരോന്നതിക്ക് ഉള്ള ശോഭന മാർഗം. അലസനും പ്രമാദിയും ഭോഗിയുമായി മൃഗതുല്യം ജീവിക്കരുതേ എന്നാണ് ആ മൊഴിമുത്തുകൾ മാനവരാശിയോട് അഭ്യർത്ഥിക്കുന്നത്.

ബാഹ്യകർമ്മങ്ങൾ ഉപേക്ഷിച്ച ഒരാൾ സന്യാസിയോ യോഗിയോ ആകണമെന്നില്ല. കാമവും മദമാത്സര്യങ്ങളും വെടിഞ്ഞ് ധർമ്മാസക്തിയോടെ, ഈശ്വരബുദ്ധിയോടെ, മനസ്സിനെ പ്രകാശമാനമായ ഒരു മാർഗത്തിലേക്ക് നയിക്കാൻ സാധിക്കുന്ന ഒരാൾക്കേ പരമാത്മധ്യാനത്തിൽ എത്തി പരമാനന്ദം ലഭിക്കാൻ സാധിക്കുകയുള്ളൂ.





# ജി. എസ്. എൽ.വി മാർക്ക് 3 ഇന്ത്യയുടെ ബാഹുബലി

**സി. രാമചന്ദ്രൻ**

ഇക്കഴിഞ്ഞ നവംബർ 14-ന് ഭാരതത്തിന്റെ കിഴക്കൻ തീരത്തു നിന്നും ഇടിവെട്ടുപോലെ കുതിച്ചുയർന്ന ജി. എസ്. എൽ. വി മാർക്ക് 3 എന്ന ഇന്ത്യയുടെ ഏറ്റവും പുതിയ ഉപഗ്രഹവാഹിനി, ഏതാണ്ട് 3 1/2 ടൺ ഭാരമുള്ള ജിസാറ്റ് - 29 എന്ന വാർത്ത വിനിമയ ഉപഗ്രഹത്തെ കൃത്യമായി തന്നെ ഭൂസ്ഥിരഭ്രമണപഥത്തിൽ എത്തിച്ചു.

ചന്ദ്രനിലും ചൊവ്വയിലും വരെ നമ്മുടെ ഉപഗ്രഹങ്ങളെ ഭ്രമണപഥത്തിലെത്തിച്ച ഇന്ത്യയുടെ പടക്കുതിര എന്നു വിശേഷിപ്പിക്കപ്പെട്ട പി. എസ്. എൽ. വിയുടെ പരിമിതികളെ ഭേദിച്ചുകൊണ്ടാണ് ഇപ്പോൾ നാം ബാഹുബലി എന്നു വിശേഷിപ്പിക്കപ്പെടുന്ന ജി. എസ്. എൽ വി യിലേക്ക് കടക്കുന്നത്.

ജി. എസ്. എൽ. വി. മാർക്ക് 2 എന്ന വാഹനത്തിലൂടെ ആദ്യകടമ്പ കടക്കുകയുണ്ടായെങ്കിലും, ലോകനിലവാരത്തിൽ 4 ടൺ ഭാരമുള്ള വാർത്താ ഉപഗ്രഹങ്ങളെ വിക്ഷേപിക്കുവാൻ കെൽപ്പുള്ള വാഹിനികൾ നമ്മുക്കില്ലായിരുന്നു. എന്നാൽ 2017 ജൂൺ 5-ന് ജി.എസ്.എൽ.വി. മാർക്ക് 3 യുടെ പരീക്ഷണപ്പറക്കലിലൂടെ നമുക്ക് 3336 കി.ഗ്രാം ഭാരമുള്ള ജിസാറ്റ് -19 എന്ന ഉപഗ്രഹത്തെ ലക്ഷ്യത്തിലെത്തിക്കാൻ കഴിഞ്ഞിരുന്നു. പുതിയ ഈ വിക്ഷേപണത്തിലൂടെ അത് ആവർത്തിച്ചുറപ്പിക്കുവാൻ നമുക്കായി എന്നതാണ് പ്രധാനം.

ഇതുവരെ 4 ടൺ ഭാരമുള്ള നമ്മുടെ വാർത്താവിനിമയ ഉപഗ്രഹങ്ങൾ വിക്ഷേപിക്കുവാൻ നാം പൂർണ്ണമായും ആശ്രയിച്ചിരുന്നത് റഷ്യയേയോ യൂറോപ്യൻ സ്പേസ് ഏജൻസിയേയോ ആണ്. ഇനി നമ്മുക്ക് അതിന്റെ ആവശ്യമില്ല എന്നതാണ് നേട്ടം. എന്നിരുന്നാലും നമ്മുടെ സ്വന്തം റോക്കറ്റിൽ നമ്മുടെ ഒരു സഹോദരനെ ബഹിരാകാശത്തെത്തിക്കും മുൻപ് ഇനിയും പല വിക്ഷേപണത്തിലൂടെ വാഹനത്തിന്റെ വിശ്വാസ്യത സംശയാതീതമായി തെളിയിക്കപ്പെടേണ്ടതായിട്ടുണ്ട്.

അടുത്തുതന്നെ നടക്കാനിരിക്കുന്ന ചന്ദ്രയാൻ - 2 എന്ന ചാന്ദ്രപര്യവേഷണ പേടകവും അതിൽ നിന്ന് ചന്ദ്രോപരിതലത്തിലിറങ്ങി സഞ്ചരിച്ച് പരീക്ഷണങ്ങൾ നടത്തുന്ന റോവറും മാർക്ക് 3 ഉപയോഗിച്ചു തന്നെയാണ് അടുത്തവർഷം വിക്ഷേപിക്കുവാനിരിക്കുന്നത്. അത് ഭാരതീയർക്ക് ഇസ്രോ നൽകുന്ന പുതുവർഷ സമ്മാനമായിരിക്കും. നാലു വർഷത്തിനകം മനുഷ്യനെ ബഹിരാകാശത്തെത്തിക്കുന്ന ദൗത്യവും ഈ വാഹനത്തിനു തന്നെയായിരിക്കുമെന്ന കാര്യവും സൂചിപ്പിച്ചു കഴിഞ്ഞുവല്ലോ.

ജി.എസ്.എൽ.വി. റോക്കറ്റുകളെ വ്യത്യസ്ഥമാക്കുന്നത് അതിൽ ഉപയോഗിക്കുന്ന ക്രയോജനിക്ക് നോദകം (Propellant) ആണ്.എസ്. എൽ. വി.റോക്കറ്റുകളിൽ ഉപയോഗിച്ചിരുന്നത് ഖര ഇന്ധനം മാത്രമാണ്. പി.എസ്.എൽ.വിയിലാകട്ടെ ഖരവും ദ്രവവും വിവിധ ഘട്ടങ്ങളിൽ ഉപയോഗിച്ചു. ജി എസ് എൽ വിയിലാകട്ടെ ഖരവും ദ്രവവും ക്രയോജനിക്കും വിവിധ ഘട്ടങ്ങളിലായി ഉപയോഗിക്കുന്നു.

ക്രയോജനിക് ഇന്ധനവും ഒരു തരത്തിൽ ദ്രവം തന്നെയാണ്. അതിശൈത്യസ്ഥിതിയിലുള്ള ഹൈഡ്രജൻ ദ്രാവകവും (മൈനസ് 253 ഡിഗ്രി) ഓക്സിജൻ ദ്രാവകവു (മൈനസ്183) മാണ് ഇതിൽ ഇന്ധനമായി ഓക്സികരിയായും ഉപയോഗിക്കുന്നത്. ഒരു കിലോഗ്രാം ക്രയോ ഇന്ധനത്തിന്റെ സ്ഥാനത്ത് ദ്രവ ഇന്ധനമാണെങ്കിൽ 1.7കിഗ്രാം ഉപയോഗിക്കേണ്ടി വരും. അതായത് ക്രയോ എഞ്ചിനിലൂടെ മൈലേജ് വർദ്ധിപ്പിക്കാം. ഒപ്പം ഭാരം കുറക്കുകയും ചെയ്യാം. അങ്ങിനെ വാഹനത്തിന്റെ മൊത്തം പ്രാപ്തി വർദ്ധിപ്പിക്കാം.

മാർക്ക് 3 യിൽ ഉപയോഗിക്കുന്ന ഇന്ധന സംവിധാനം ഇപ്രകാരമാണ്. 200ടൺ വീതം ഖര ഇന്ധനമുള്ള രണ്ടു ബൂസ്റ്റർ റോക്കറ്റുകൾ ഇരുവശത്തും 110 ടൺ ദ്രവഇന്ധനമുള്ള കോർസ്റ്റേജ് നടുവിലും, 25 ടൺ ഇന്ധനമുള്ള ക്രയോസ്റ്റേജ് മുകളിൽ ഇതാണ് സംവിധാനം, റോക്കറ്റിന്റെ മൊത്തം ഭാരം 640ടൺ, ഉയരം 43.43മീറ്റർ, വ്യാസം 4 മീറ്റർ അതേ സമയം ഉപഗ്രഹം ഉൾക്കൊള്ളുന്ന അഗ്രഭാഗത്തിന് 5 മീറ്റർ വ്യാസമുണ്ട്.

ഇന്ത്യൻ വ്യാവസായമേഖലയുടേയും സർവ്വകലാശാലകളുടെയും സമ്പൂർണ്ണ സഹകരണം ഇസ്രോ ഉറപ്പാക്കുന്നതിലൂടെയാണ് ഈ രീതിയിൽ ഇതിന്റെ നിർമ്മാണം വിജയകരമായി സാക്ഷാത്കരിക്കുവാൻ കഴിഞ്ഞിരിക്കുന്നത്. വിക്ഷേപണത്തിന് മുൻപ് ഭൂതലത്തിൽ തന്നെ വിവിധ ഇടങ്ങളിൽ വിവിധ പരീക്ഷണങ്ങൾ നടത്തി വിവിധ ഭാഗങ്ങളുടെ പ്രവർത്തന ക്ഷമത ഉറപ്പുവരുത്തേണ്ടതുണ്ട് മാത്രമല്ല പരീക്ഷണ

**(ശേഷം 55-ാം പേജിൽ)**



ഓം നമഃ ശിവായ

# എറണാകുളം ശിവക്ഷേത്രം ഉത്സവം 2019

**12.01.19 മുതൽ 19.01.19 വരെ (1194 ധനു 28 മുതൽ മകരം 5 വരെ)**

**ദ്രവ്യകലശാഭിഷേക പൂജ 10, 11 തീയതികളിൽ, 12-ാം തീയതി ബ്രഹ്മകലശം**

എറണാകുളത്തപ്പന്റെ തിരുവുത്സവം പൂർവ്വാധികം ഭംഗിയായി നടത്തുന്നതിന് ഭഗവാന്റെ അടിയുറച്ച ഭക്തജനങ്ങളായ നാമോരോരുത്തരുടേയും നിസ്സീമമായ സഹായസഹകരണങ്ങൾ ആത്മാർത്ഥമായി അഭ്യർത്ഥിക്കുന്നു. ഈ വർഷത്തെ എറണാകുളത്തപ്പന്റെ ഉത്സവ പരിപാടികൾ ജനം ടീവി ലൈവ് ആയി സംപ്രേഷണം ചെയ്യുന്നതാണെന്ന വിവരവും കൂടി സസന്തോഷം ഏവരേയും അറിയിച്ചു കൊള്ളട്ടെ.

**ഒന്നാം ദിവസം 12.01.19 ശനിയാഴ്ച (1194 ധനു 28)**

രാവിലെ 8.00 മുതൽ : ശീവേലി, പ്രമാണം : ശ്രീ. പെരുവനം സതീശൻ മാരാർ

വൈകുന്നേരം 7.00 ന് : കൊടിയേറ്റം, കൂട്ടവെടിവഴിപാട് (കരിമരുന്നു പ്രയോഗം) തുടർന്ന് ഭക്തിഗാനതരംഗിണി, പ്രശസ്ത സംഗീതസംവിധായകൻ ടി.എസ്. രാധാകൃഷ്ണൻജി

രാത്രി 8.00 ന് : തായമ്പക - മുളങ്കുന്നത്തുകാവ് രഞ്ജിത് നമ്പ്യാർ

ഡി.എച്ച് ഗ്രൗണ്ടിൽ വൈകുന്നേരം 6.00 ന് : ഭരതനാട്യം : രേഷ്മ ജോർജ്ജ്

**രണ്ടാം ദിവസം 13.01.19 ഞായറാഴ്ച (1194 ധനു 29)**

രാവിലെ : ശീവേലി

വൈകുന്നേരം : കാഴ്ചശീവേലി, മേളം. പ്രമാണം : ശ്രീ. ചെറുശ്ശേരി കുട്ടൻ മാരാർ

രാത്രി 8.30 മുതൽ : തായമ്പക - കലാമണ്ഡലം പ്രഭാകരനും സംഘവും

ഡി. എച്ച് ഗ്രൗണ്ട് : വൈകുന്നരം 7.30 മുതൽ ഫ്യൂഷൻ സംഗീതമേള : ഓഗ്മെന്റ്സ് ചെന്നൈ

കൂത്തമ്പലത്തിൽ രാത്രി 9.30 ന് മേജർ സെറ്റ് കഥകളി : എറണാകുളം കരയോഗം കഥകളി ക്ലബ്ബ്

**മൂന്നാം ദിവസം 14.01.10 തിങ്കളാഴ്ച (1194 ധനു 30)**

രാവിലെ : ശീവേലി

വൈകുന്നേരം : കാഴ്ചശീവേലി, മേളം : പ്രമാണം : ശ്രീ. പെരുവനം സതീശൻ മാരാർ

രാത്രി 10.00 ന് : മേജർ സെറ്റ് കഥകളി : എറണാകുളം കരയോഗം കഥകളി ക്ലബ്ബ്

**നാലാം ദിവസം 15.01.19 ചൊവ്വാഴ്ച (1194 മകരം 1)**

രാവിലെ : ശീവേലി

വൈകുന്നേരം : കാഴ്ചശീവേലി, മേളം : പ്രമാണം : ശ്രീ. പെരുവനം സതീശൻ മാരാർ അവതരണം - ശ്രീ ശുകപുരം ദിലീപ്

രാത്രി 8.00 മുതൽ : തായമ്പക - ചതുരമിശ്ര പതികാലം

ഡി. എച്ച് ഗ്രൗണ്ട് : വൈകുന്നേരം 7.00 മുതൽ

മ്യൂസിക്കൽ നൈറ്റ് & മെഗാ ഷോ, അവതരണം : ശ്രീ. ജി. വേണുഗോപാൽ & പാർട്ടി

**അഞ്ചാം ദിവസം 16.01.19 ബുധനാഴ്ച (1194 മകരം 2)**

രാവിലെ : ശീവേലി

വൈകുന്നേരം : കാഴ്ചശീവേലി, മേളം : പ്രമാണം പത്മശ്രീ. പെരുവനം കുട്ടൻ മാരാർ

രാത്രി 8.00 ന് ഡബിൾ തായമ്പക : പോരൂർ ഉണ്ണികൃഷ്ണൻ & കല്ലൂർ ഉണ്ണികൃഷ്ണൻ

